www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 18 | 2017 MAY 13 | ₹10



## വധശിക്ഷയും മനുഷ്യാവകാശവും

## ഭീകരവാദം അനാവരണം ചെയ്യപ്പെടണം

**ഹദീഥ് നിഷേധം കടന്നുവന്ന വഴികൾ**

**ശൈഖ് നാസിറുദ്ദീൻ അൽ അൽബാനി: ഹദീഥ് വിജ്ഞാനങ്ങളിലെ ആധുനിക നക്ഷത്രം**

# മരണം
## അവസാനമല്ല:

അവസാനിക്കാത്തൊരു ജീവിതത്തിന്റെ തുടക്കമാണ്..



## ജീവിതം എന്തിന്; മരണവും..?

WISDOM gallery

PRESENTS

# വിചാരം

## വൈജ്ഞാനിക പ്രദർശനം

100 തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ

WISDOM
GLOBAL ISLAMIC MISSION

മെയ് 09-14

**എടവണ്ണ**

നേർപഥം
വാരിക

0018 / 2017 മെയ് 13 / 1438 ശഅബാൻ 16 / പുസ്തകം 01 / ലക്കം 18



# വധശിക്ഷയും മനുഷ്യാവകാശവും

ഉസ്മാൻ പാലക്കാഴി / 10



# ഭീകരവാദം അനാവരണം ചെയ്യപ്പെടണം

സുഫ്‌യാൻ അബ്ദുസ്സലാം / 14

**മുഖമൊഴി**
അധ്യയനവർഷ ചിന്തകൾ / 05
എഡിറ്റർ

**ക്വുർആൻ പഠനം**
മക്കൾ എന്ന പരീക്ഷണം / 16
ശമീർ മദീനി

**ബാലപഥം**
സത്യസന്ധത കാത്തുസൂക്ഷിക്കുക / 18
ദുൽക്കർഷാൻ. എ

**കാഴ്ച**
വഴിയോര പുസ്തകക്കച്ചവടക്കാരൻ / 19
ഇബ്നു അലി എടത്തനാട്ടുകര

**പരിചയം**
ശൈഖ് നാസിറുദ്ദീൻ അൽ അൽബാനി / 20
ഫൈസൽ പുതുപ്പറമ്പ്

**ലേഖനങ്ങൾ**
ഹദീഥ് നിഷേധം കടന്നുവന്ന വഴികൾ / 06
ഡോ. മുഹമ്മദ് അശ്റഫ് മൗലവി, മദീന
പ്രവാചകന്മാർ ഉൽകൃഷ്ടരാണ് / 26
ഹുസൈൻ സലഫി, ഷാർജ

**ഹദീസ് പാഠം**
നന്മ കാണുക; അന്യരിലും / 25
അബൂ ഹൈസ

**പാരന്റിംഗ്**
പ്രവാചകനെ സ്നേഹിച്ച കുട്ടികൾ / 29
അശ്റഫ് എകരൂൽ

**കവിത**
മരണം / 34
ഷുക്കൂർ കടലുണ്ടി
സംസം / 34
യു.പി.എം എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### ന്യായമില്ലാത്ത വിമർശനം

'നേർപഥം' ലക്കം 17ൽ 'വായനക്കാർ എഴുതുന്നു' എന്ന പംക്തിയിൽ നൗഫൽ പുത്തനങ്ങാടി എഴുതിയ അഭിപ്രായം വായിച്ചു. വാരികയിലെ ചില ലേഖനങ്ങളിൽ രാഷ്ട്രീയ പക്ഷം ചേരൽ മണക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ പരാതി. ഏപ്രിൽ 15ലെ നേർപഥത്തിലെ 'വേണം നമ്മുടെ പോലീസിനൊരു പെരുമാറ്റച്ചട്ടം' എന്ന മുഖമൊഴിയാണ് അദ്ദേഹത്തിന് ദഹിക്കാത്ത ഒന്ന്. ഭരണകക്ഷിയെയും പൊലീസിനെയും വിമർശിക്കാൻ പാടില്ല എന്നാണ് അദ്ദേഹത്തിന്റെ നിലപാട് എന്ന് തോന്നുന്നു. നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് അതിൽ യാതൊരു അപാകതയും ദർശിക്കാൻ കഴിയുകയില്ല.

മാർച്ച് 18 ലക്കത്തിലെ 'നമുക്ക് ചുറ്റും' പംക്തിയിൽ 'തട്ടമഴിക്കാൻ തക്കം നോക്കുന്നവരോട്' എന്ന ലേഖനത്തെയും അദ്ദേഹം വിമർശിക്കുന്നുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോഡി പങ്കെടുത്ത ഗുജറാത്തിലെ സ്വച്ഛശക്തി സമ്മേളത്തിന് മഫ്ത ധരിച്ചെത്തിയ മൂപ്പെനാട് പഞ്ചായത്ത് പ്രസിഡന്റിന്റെ മഫ്ത അഴിപ്പിച്ചതിനെ അദ്ദേഹം ന്യായീകരിച്ച് പറയുന്നത് 'പ്രധാനമന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ സ്വാഭാവികമായ ഒരു നടപടി മാത്രമായി കാണേണ്ട ശിരോവസ്ത്ര വിവാദത്തെ മോദി ഭക്തരുടെ മർക്കട മുഷ്ടി എന്ന തരത്തിലൊന്നും പരാമർശിക്കേണ്ട സംഗതിയല്ല' എന്നാണ്. കോട്ടും സൂട്ടും ഷൂവും സോക്സും ധരിച്ചെത്തുന്നവരെക്കൊണ്ട് 'സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള സ്വാഭാവിക നടപടി'യായി അതെല്ലാം അഴിപ്പിക്കാറുണ്ടോ? ഇല്ലെങ്കിൽ മഫ്തയിൽ മാത്രം സുരക്ഷാഭീഷണി കാണുന്നതിലെ യുക്തിയെന്ത്? ഇദ്ദേഹത്തിന്റെ മറ്റു വിമർശനങ്ങളും ഇത്തരത്തിൽ ബാലിശമാണ്. താൻ വെച്ച കണ്ണടയുടെ നിറത്തിലാണ് വസ്തുക്കളെ കാണാനാവുക എന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്.

**കെ.എം കുഞ്ഞിക്കോയ, വേങ്ങേരി**

### മതനിരപേക്ഷത കൊല ചെയ്യപ്പെടരുത്

ലക്കം 17ൽ സലീം ബുസ്താനി എഴുതിയ 'മതനിരപേക്ഷത കൊലചെയ്യപ്പെടരുത്' എന്ന ലേഖനം പഠനാർഹമായിരുന്നു. ഇന്ത്യയിൽ ജനിച്ചു വളർന്ന മുസ്‌ലിംകളുടെ ദേശസ്നേഹം ചോദ്യം ചെയ്യുകയും അത് തെളിയിക്കാൻ തങ്ങൾ പറയുന്നതല്ലാം അനുസരിക്കുകയും വേണമെന്ന ഫാസിസ്റ്റ് ദുർബുദ്ധികളുടെ ഒളിയജണ്ടകൾ വ്യക്തമാക്കുന്നതായിരുന്നു പ്രസ്തുത ലേഖനം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവ സാന്നിധ്യമറിയിച്ച് ജീവനും സമ്പത്തും രാഷ്ട്രത്തിന് സമർക്കാൻ തയ്യാറായ ഇന്ത്യൻ മുസ്‌ലിംകൾക്ക് ഇന്ത്യയിൽ അധിനിവേശം നടത്തിയ ബ്രിട്ടീഷുകാരുടെ ചാരന്മാരായി പണിയെടുത്തവരുടെ മുന്നിൽ ദേശക്കൂറ് തെളിയിക്കേണ്ടിവരുന്നതിലെ വിരോധാഭാസം ചെറുതല്ല. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന രീതിയിൽ പൗരന്മാരുടെ മൗലികാവകാശങ്ങൾ വകവെച്ച് കൊടുത്ത്, അന്യന്റെ ജീവനും സമ്പത്തിനും നേരെ ഭീഷണിയുയർത്താതിരിക്കുന്നതും പരസ്പരം സൗഹാർദത്തോടും സഹവർത്തിത്വത്തോടും കൂടി ജീവിക്കുന്നതും രാഷ്ട്രസ്നേഹമാണ്; അതിലുപരി രാജ്യപുരോഗതിക്കത് അനിവാര്യവുമാണ്. അതിന് തയ്യാറില്ലാത്തവർക്കെന്ത് രാജ്യസ്നേഹമാണുള്ളതന്ന് ഓരോ ഇന്ത്യക്കാരനും ചിന്തിക്കേണ്ടതുണ്ട്.

ലേഖകനും നേർപഥത്തിനും അഭിനന്ദനങ്ങൾ. സത്യം തുറന്നു പറയാനുള്ള ആർജവം കൈമോശംവരാതെ സൂക്ഷിക്കുമല്ലോ.

**മുഹമ്മദ് ബിലാൽ.കെ, സുൽത്താൻ ബത്തേരി**

### നേർവഴികാട്ടുന്ന ബാലപഥം

നേർപഥത്തിന്റെ ഓരോ ലക്കവും കുട്ടികളെ പരിഗണിച്ചുകൊണ്ട് പുറത്തിറങ്ങുന്നതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടെ സ്വഭാവരൂപീകരണത്തിനുതകുന്നതാണ് അതിലെ കഥകളും കവിതകളുമെല്ലാം. ഇത് നിലനിർത്തുമല്ലോ.

**ഉമ്മു ഹബീബ, കാഞ്ഞങ്ങാട്**

### പ്രിന്റിംഗ് നിലവാരം നന്നാക്കണം

ഈ രംഗത്തെ മറ്റു പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് നേർപഥം കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഉയർന്ന നിലവാരം പുലർത്തുന്നു എന്ന കാര്യത്തിൽ സംശയമില്ല.

പ്രിന്റിംഗിന്റെ കാര്യത്തിൽ കൂടി ഇതു കാത്തുസൂക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു. പല ലേഖനങ്ങളും കനപ്പെട്ടതും റഫറൻസിന് യോഗ്യവുമാണ്. കേടുപറ്റാതെ സൂക്ഷിച്ചു വെക്കാൻ പേപ്പറിന്റെ ഗുണനിലവാരം വർധിപ്പിക്കുകയല്ലാതെ മറ്റു മാർഗമില്ല.

**സഊദ് എടശ്ശേരിക്കടവ്**

മുഖമൊഴി

# അധ്യയനവർഷ ചിന്തകൾ

ഒരു പുതിയ അധ്യയനവർഷം കൂടി ആഗതമാവുകയായി. ജാതി-മത വ്യത്യാസമില്ലാതെ, സമ്പന്നരെന്നോ സാധാരണക്കാരെന്നോ വേർതിരിവില്ലാതെ എല്ലാ രക്ഷിതാക്കളും തങ്ങളുടെ മക്കളുടെ പഠനകാര്യത്തിലും ഭാവിയിലും അതീവ തൽപരരാണിന്ന്. ഉപരിപഠനത്തിന് സീറ്റുകിട്ടാനുള്ള ശ്രമങ്ങൾ തകൃതിയിൽ നടന്നുകൊണ്ടിരിക്കുന്നു. കെ.ജി വിദ്യാർഥികൾക്ക് പോലും പതിനായിരങ്ങൾ ഡൊണേഷൻ നൽകി അഡ്മിഷൻ തരപ്പെടുത്തുന്നു പലരും.

ഇതെല്ലാം എന്തിന് എന്ന് ചോദിച്ചാൽ കിട്ടുന്ന ഉത്തരമെന്താണ്? മക്കളുടെ നല്ല ഭാവിക്ക്! നല്ല ഭാവികൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്? ഉയർന്ന ശമ്പളം ലഭിക്കുന്ന നല്ല ജോലി! അതിനപ്പുറം വല്ലതും? ഇല്ലേയില്ല. എന്റെ കുട്ടി നല്ല ഒരു മനുഷ്യനാകണം. സ്നേഹം, ദയ, കാരുണ്യം, വിട്ടുവീഴ്ച, സാഹോദര്യം, പരോപകാര മനസ്ഥിതി... തുടങ്ങിയ മാനുഷിക ഗുണങ്ങളെല്ലാം ഒത്തുചേർന്ന നല്ല ഒരു വ്യക്തിയായി എന്റെ കുട്ടി മാറണം. ഈയൊരു ചിന്തയിൽ മക്കളെ വളർത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന എത്ര രക്ഷിതാക്കളുണ്ട്?

ഈ ഗുണങ്ങളൊക്കെ ലഭിക്കുന്ന രൂപത്തിലാണോ നമ്മുടെ മക്കൾക്ക് ലഭിക്കുന്ന ഭൗതിക വിദ്യാഭ്യാസം? അങ്ങനെയുള്ളവരായി ഭാവിയുടെ വാഗ്ദാനമാകുന്ന വിദ്യാർഥികൾ വളരണം എന്ന ചിന്ത ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കുമുണ്ടോ? 'കാട്ടാളനെ മനുഷ്യനാക്കുക' എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് ഏതോ മഹാൻ പറഞ്ഞതായി വായിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് അരങ്ങേറുന്ന ചില കാഴ്ചകൾ കാണുമ്പോൾ 'മനുഷ്യനെ കാട്ടാളനാക്കുക' എന്നതാണോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് തോന്നിപ്പോകും പലപ്പോഴും!


വർഷംതോറും അനേകം എഞ്ചിനീയർമാരും ഡോക്ടർമാരും ഐ.ടി വിദഗ്ധരുമൊക്കെ പഠനം കഴിഞ്ഞ് രംഗത്തിറങ്ങുന്നു. ബിരുദവും ബിരുദാനന്തര ബിരുദവും ഡിപ്ലോമയും നേടി ആയിരങ്ങൾ പുറത്തിറങ്ങുന്നു. കണക്കും സയൻസും ചരിത്രവും സാമ്പത്തികശാസ്ത്രവും ഭൂമിശാസ്ത്രവുമൊക്കെ അരച്ചുകലക്കി കുടിക്കുന്നവർക്ക് മാനുഷികമൂല്യങ്ങളുടെ ഒരു ശകലം പോലും തങ്ങളുടെ പഠനകാലത്ത് കിട്ടുന്നില്ല എങ്കിൽ എന്തിനീ വിദ്യാഭ്യാസം?

ചില ക്യാമ്പസുകളിൽനിന്ന് പുറത്തുവരുന്ന ചീഞ്ഞുനാറുന്നതും ഞെട്ടിക്കുന്നതുമായ വാർത്തകൾ വിദ്യാർഥി സമൂഹത്തിന്റെ കുത്തഴിഞ്ഞ പോക്കിനെയും അതിനെതിരെ കണ്ണടയ്ക്കുന്ന അധികൃതരെയുംസൂചിപ്പിക്കുന്നതാണ്. റാഗിംഗ് എന്ന ഓമനപ്പേരിൽ, അനുജനെപ്പോലെ കാണേണ്ട ജൂനിയർ വിദ്യാർഥികളെ മൃഗീയമായി പീഡിപ്പിക്കാനും ജീവഹാനി വരുത്താനും വരെ തയ്യാറാകുന്ന വിദ്യാർഥികൾ നൽകുന്ന സൂചനയെന്താണ്?

പല കോളേജ് ക്യാമ്പസുകളും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും താവളമാണിന്ന്. ലൈംഗിക ആഭാസങ്ങളിലും അവർ പിന്നിലല്ല. കത്തിയും വടിവാളും കുറുവടിയും ഹോസ്റ്റൽ മുറിയിൽ സൂക്ഷിച്ചുവെക്കാനും എതിർപാർട്ടിക്കാരനെ 'ആവശ്യം' വരുമ്പോൾ കൊത്തിനുറുക്കാനും തല്ലിച്ചതക്കാനുമുള്ള 'രാഷ്ട്രീയസാക്ഷരത' അവർക്ക് ലഭിച്ചിട്ടുണ്ട്. സമരമെന്ന പേരിൽ എന്ത് ആഭാസവും കാണിക്കാനും സ്ഥാപനവും പൊതുമുതലുകളും നിർഭയം നശിപ്പിക്കാനുമുള്ള ലൈസൻസ് വിദ്യാർഥികൾക്ക് സ്വന്തം!

രക്ഷിതാക്കൾ വലിയ പ്രതീക്ഷയിലും താൽപര്യത്തിലുമാണ്. അവർ മക്കളുടെ കാര്യത്തിൽ അഭിമാനപുളകിതരാണ്. എക്കൗണ്ടിൽ വൻ തുക നിക്ഷേപിച്ച് എ.ടി.എം കാർഡും നൽകി മക്കളെ പഠിക്കാൻ പറഞ്ഞയക്കുന്നത് ഭാവിയിൽ അവർക്ക് ലഭിക്കാൻ പോകുന്ന കനത്ത ശമ്പളം സ്വപ്നം കണ്ടുകൊണ്ടാണ്. കാശെറിഞ്ഞ് കാശ് വാരാനുള്ള കേവലം 'ചരക്കാ'യി വിദ്യാഭ്യാസം മാറുമ്പോൾ മനുഷ്യത്വം വഴിമാറുന്നു. ഇതര സംസ്ഥാനങ്ങളിൽ പഠിക്കാൻ പോകുന്ന പെൺകുട്ടികളിൽ പലരും ചതിയിൽ അകപ്പെടുന്നതും 'കറക്കുകമ്പനി'യിൽ പെട്ട് മയക്കുമരുന്നിന് അടിമകളാകുന്നതും മാനംവിൽക്കുന്നതും രക്ഷിതാക്കൾ അറിയാതെ പോകുന്നു. അറിയുമ്പോഴേക്കും എല്ലാം നശിച്ചിരിക്കും. ഒരു ജോലി എന്നതിനപ്പുറം മറ്റൊന്നും ആഗ്രഹിക്കാതിരുന്നാൽ, മക്കളുടെ കാര്യത്തിൽ ഒരു 'കരുതൽ' ഇല്ലാതിരുന്നാൽ ഇതൊക്കെ സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. പാരത്രിക ലോകത്ത് രക്ഷ നേടുവാൻ ആവശ്യമായ അറിവിനെ അവഗണിച്ചുകൊണ്ട് ഭൗതിക നേട്ടം മാത്രം ലഭിക്കുന്ന അറിവിന്റെ പിന്നാലെ പോയാൽ അത് ആത്യന്തിക നഷ്ടമായിരിക്കും സമ്മാനിക്കുക എന്ന് വിശ്വാസികൾ ഓർക്കേണ്ടതുണ്ട്.

ഡോ. മുഹമ്മദ് അശ്റഫ് മൗലവി, മദീന
mail@nerpatham.com



# ഹദീഥ് നിഷേധം കടന്നുവന്ന വഴികൾ

**സ്വാർഥ താൽപര്യങ്ങൾക്ക് പ്രമാണങ്ങൾ എതിരാവുമ്പോഴാണ് പലപ്പോഴും അതിനെ തെറ്റായി ഗ്രഹിക്കുവാനോ നിഷേധിക്കുവാനോ ആളുകൾ ധൃഷ്ടരാവുന്നത്. ഹദീഥ് നിഷേധത്തിന്റെയും നാരായവേര് കുടികൊള്ളുന്നത് ഇതിൽ തന്നെയാണ്. ഹദീഥ് നിഷേധത്തിന്റെ ചരിത്രവും വർത്തമാനകാല അവസ്ഥയും വിശദീകരിക്കുന്ന കനപ്പെട്ട രചന.**

ഹദീഥുകളെ നിഷേധിക്കുന്ന ഒരു വിഭാഗം ഈയിടെയായി ലോകത്തിലാകമാനം സജീവമായി വ്യാപിച്ച് കൊണ്ടിരിക്കുകയാണ്. വിശിഷ്യാ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇവർ സംഘമായി പ്രവർത്തിച്ച് വരുന്നുണ്ട്. അവരെക്കുറിച്ചും അങ്ങനെയുള്ള ഒരു ചിന്താഗതി എപ്പോൾ മുതലാണ് ഉടലെടുത്തത് എന്നതിനെക്കുറിച്ചുമാണ് ഇതിൽ ചർച്ച ചെയ്യുന്നത്. മുഹമ്മദ് നബിﷺയിലൂടെ അന്ത്യദിനം വരേക്കുമുള്ള ജനങ്ങൾക്കുള്ള മതമായിട്ടാണ് പരിശുദ്ധ ഇസ്‌ലാമിനെ നിശ്ചയിച്ചിട്ടുള്ളത്. അന്തിമദൂതനായി മുഹമ്മദ് നബിﷺയെയും അല്ലാഹു നിശ്ചയിച്ചു. മതത്തിന്റെ എല്ലാ കാര്യങ്ങളും വഹ്‌യിലൂടെ നബിﷺക്ക് അല്ലാഹു അറിയിച്ച് കൊടുക്കുകയും ചെയ്തു. പ്രവാചകൻ ﷺയുടെ ഹജ്ജത്തുൽ വദാഇൽ അല്ലാഹു ഈ മതം പൂർണമായിട്ടുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അല്ലാഹു പറയുന്നത് കാണുക:

"...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു..." (5:3).

ആ സന്ദർഭം വരേക്കും റസൂൽﷺ ക്വുർആൻ പഠിപ്പിച്ച ശൈലിയിൽ കാഴ്ചവെച്ച ഏതെല്ലാം കാര്യങ്ങളുണ്ടോ അവയാണ് ഇസ്‌ലാം. വിശുദ്ധ ക്വുർആൻ സൂറത്തുൽ ഫാതിഹ മുതൽ സൂറത്തുന്നാസ് വരെ പരിശോധിച്ചാൽ റസൂൽﷺയെ അനുസരിക്കേണ്ടതിന്റെയും പിന്തുടരേണ്ടതിന്റെയും ആവശ്യകത ദശക്കണക്കിന് ആയത്തുകളിലൂടെ അല്ലാഹു അറിയിക്കുന്നതായി കാണാം. എല്ലാ നിലക്കും റസൂൽﷺയെ പിന്തുടർന്ന് ജീവിക്കാൻ അല്ലാഹു കൽപിക്കുന്നുണ്ട്. ഈ കാര്യങ്ങൾ അത് പോലെ തന്നെ സ്വീകരിച്ച അദ്ദേഹത്തിന്റെ അനുയായികളെക്കുറിച്ചും അല്ലാഹു അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇഞ്ചീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നുനിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു" (48: 29).

ഈ സ്വഹാബികൾ പ്രവാചകൻﷺയെ കണിശമായി പിന്തുടർന്നുകൊണ്ട് ജീവിക്കുകയും അത് മൂലം അല്ലാഹു അവരെ ഉത്തമ സമൂഹമായി തെരഞ്ഞെടുക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു..."(3:110).

അന്ത്യദൂതരുടെ കൂടെയുള്ള വിശുദ്ധ ക്വുർആൻ അത് പോലെ തന്നെ ജനങ്ങളിലേക്കെത്തിച്ച് കൊടുക്കാൻ അല്ലാഹു അവരെ തെരഞ്ഞെടുത്തു. അവരത് കൃത്യമായി നിർവഹിക്കുകയും ചെയ്തു. അവർക്ക് പ്രവാചകൻﷺ കൊണ്ട് വന്ന ഏതൊരു കാര്യത്തിലും യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അവരാരും ക്വുർആൻ മാത്രം മതി, പ്രവാചകൻﷺയുടെ വിശദീകരണം വേണ്ട എന്ന് പറഞ്ഞതുമില്ല. അവരാരും ഇങ്ങനെ പറഞ്ഞ ഒരു റിപ്പോർട്ടെങ്കിലും നമുക്ക് കാണാൻ സാധിക്കില്ല. അവർ ക്വുർആൻ പഠിക്കേണ്ട വിധത്തിൽ പഠിച്ചപ്പോൾ അവർക്ക് മനസ്സിലായത്, വിശുദ്ധ ക്വുർആനിന്റെ വിശദീകരണം മനസ്സിലാക്കേത് റസൂൽﷺയിലൂടെയാണ് എന്നാണ്. അതാണ് അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ അറിയിക്കുന്നത് കാണുക:

"നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും"(16:44).

ഈ സൂക്തത്തിൽ പറഞ്ഞ 'ബയാൻ' (വിവരണം) പ്രവാചകൻﷺയുടെ വിശദീകരണമായ ഹദീഥാണെന്ന് സ്വഹാബത്ത് മനസ്സിലാക്കി. ഇങ്ങനെ ക്വുർആനും ഹദീഥും കൃത്യമായി സ്വീകരിച്ചാണ് ഒന്നാം നൂറ്റാണ്ടിലെ ആളുകൾ ജീവിച്ചത്. ഇവരെ പിൻപറ്റി ജീവിക്കാൻ അല്ലാഹു നമ്മോട് പറയുന്നു:

**മുഅ്തസിലികൾ എന്ന പിഴച്ച വിഭാഗത്തിന്റെ രോഗമാണ് ഇന്ത്യയിലും വിശിഷ്യാ നമ്മുടെ കേരളത്തിലുമെല്ലാം കാണുന്നത്. ബുദ്ധിപൂജകന്മാരാണ് മുഅ്തസിലുകൾ. ബുദ്ധിക്ക് യോജിക്കുന്നത് എടുക്കാം എന്നും അല്ലാത്ത ഹദീഥുകൾ തള്ളാം എന്നും പറയുന്നവരാണവർ. അങ്ങനെയുള്ളവർ ഉടലെടുത്തപ്പോൾ അവർക്ക് ഹദീഥിനോട് വിരോധവും നിഷേധവും വന്നു. ഇമാം ശാഫിഈയുടെ കാലഘട്ടത്തിൽ മുഅ്തസിലുകളിൽ പെട്ട ഒരു വ്യക്തി ഇമാം ശാഫിഈയുമായി ചർച്ച നടത്തുകയും അതിൽ ഇമാം ശാഫിഈ വിജയിക്കുകയും ചെയ്തുവത്രെ.**

"മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം"(9:100).

ഈ സൂക്തത്തിൽ ആദ്യം സ്വഹാബത്തിനെക്കുറിച്ചും ശേഷം അവരെ പിൻപറ്റിയ താബിഉകളെക്കുറിച്ചുമാണ് അല്ലാഹു വിവരിക്കുന്നത്. സ്വഹാബത്തിന് പ്രവാചകൻﷺയുടെ ഹദീഥുകളിൽ സംശയമുണ്ടായിരുന്നില്ല എന്ന് നമുക്ക് മനസ്സിലായി. അത് പോലെ തന്നെയാണ് താബിഉകളുടെ സ്ഥിതിയും. അവരും റസൂൽﷺയുടെ ഹദീഥുകളെ സ്വീകരിക്കുന്നവരും ആദരിക്കുന്നവരുമായിരുന്നു. ക്വുർആൻ മാത്രം മതി എന്ന വാദം അവർക്കുമുണ്ടായിരുന്നില്ല. അവരെക്കുറിച്ചാണ് ഈ ആയത്തിൽ 'സുകൃതം ചെയ്ത് കൊണ്ട് അവരെ പിന്തുടർന്നവർ' എന്ന് അല്ലാഹു വിശേഷിപ്പിച്ചത്. ഇന്ത്യയിലും മറ്റും പിൽക്കാലത്ത് ഉടലെടുത്ത ഹദീഥ് നിഷേധം അല്ലാഹു എടുത്ത് പറഞ്ഞ ഈ ഉത്തമരായ സ്വഹാബികളിൽ ഉണ്ടായിരുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിച്ചു. വിശുദ്ധ ക്വുർആനിന്റെ അധ്യായങ്ങളുടെ ക്രമീകരണങ്ങൾ നടത്തിയത് പോലും പ്രവാചകൻﷺയിൽ നിന്ന് മനസ്സിലാക്കിയതനുസരിച്ച് ഈ സ്വഹാബിമാരാണ്. ഇന്ന അധ്യായത്തിന് ശേഷം ഇന്ന അധ്യായം വെക്കണമെന്നൊന്നും വിശുദ്ധ ക്വുർആനിൽ ഇല്ല.

**ഹദീഥ് നിഷേധം**

ശിയാക്കളും ഖവാരിജുകളും മുഅ്തസിലികളും: പിൽക്കാലത്ത് ഇസ്‌ലാമിൽ വ്യത്യസ്ത വിഭാഗങ്ങൾ ഉടലെടുത്തപ്പോഴാണ് ഇത്തരം ചിന്തകൾ കടന്നുവരാൻ തുടങ്ങിയത്. ശിയാക്കൾ അലി؄വിനാണ് ഇമാമത്ത് നൽകേണ്ടത് എന്ന വാദവുമായി പുറപ്പെട്ട കാലഘട്ടത്തിൽ അവരുടെ ആ തത്ത്വം അംഗീകരിക്കാത്ത

സ്വഹാബികളോട് അവർക്ക് വെറുപ്പ് വന്നത് കാരണത്താൽ ആ സ്വഹാബിമാരുടെ ഹദീഥ് വേണ്ട എന്ന് വെച്ചതല്ലാതെ ഹദീഥുകൾ മൊത്തത്തിൽ വേണ്ട എന്ന് അവർ പറഞ്ഞിട്ടില്ല. അവർ അംഗീകരിക്കുന്ന സ്വഹാബികളുടെ ഹദീഥുകൾ അവർ തള്ളിയിട്ടില്ല. കൂടാതെ അവർ, അവർ ഇഷ്ടപ്പെടുന്ന ഇമാമുകളുടെ പേരിൽ കള്ള ഹദീഥുകൾ ഉണ്ടാക്കുകയും ചെയ്തു.

ഖവാരിജുകളുടെ അവസ്ഥയും ഇങ്ങനെ തന്നെയാണ്. അവരും ഹദീഥുകളെ മൊത്തത്തിൽ തള്ളിയിരുന്നില്ല. അവരുടെ തത്ത്വങ്ങൾ അംഗീകരിക്കാത്ത സ്വഹാബികളുടെ ഹദീഥ് വേണ്ട എന്നാണവർ തീരുമാനിച്ചത്. അവർ അംഗീകരിക്കുന്നവരുടെ ഹദീഥുകൾ അവർ സ്വീകരിച്ചു.

**മുഅ്തസിലികളും ഹദീഥ് നിഷേധവും**

മുഅ്തസിലികൾ എന്ന പിഴച്ച വിഭാഗത്തിന്റെ രോഗമാണ് ഇന്ത്യയിലും വിശിഷ്യാ നമ്മുടെ കേരളത്തിലും മംഗലാപുരത്തുമെല്ലാം കാണുന്നത്. ബുദ്ധിപൂജകന്മാരാണ് മുഅ്തസിലുകൾ. ബുദ്ധിക്ക് യോജിക്കുന്നത് എടുക്കാം എന്നും അല്ലാത്ത ഹദീഥുകൾ തള്ളാം എന്നും പറയുന്നവരാണവർ. അങ്ങനെയുള്ളവർ ഉടലെടുത്തപ്പോൾ അവർക്ക് ഹദീഥിനോട് വിരോധവും നിഷേധവും വന്നു. ഇമാം ശാഫിഈﷺയുടെ കാലഘട്ടത്തിൽ മുഅ്തസിലുകളിൽ പെട്ട ഒരു വ്യക്തി ഇമാം ശാഫിഈയുമായി ചർച്ച നടത്തുകയും അതിൽ ഇമാം ശാഫിഈ വിജയിക്കുകയും ചെയ്തുവത്രെ. ഈ ചർച്ച അതോട് കൂടി തീർന്നു. ഈ ചിന്താഗതി തന്നെ നാമാവശേഷമായി. ഇന്ന് ഈ വാദമുള്ളവർ നമ്മുടെ നാടുകളിൽ ഉള്ളതായി യഥേഷ്ടം നമുക്ക് കാണാവുന്നതാണ്.

പിന്നീട് ഉണ്ടായ വാദം ക്വുർആൻ മാത്രം മതി, ഹദീഥിന്റെ ആവശ്യമേ ഇല്ല എന്നതാണ്. ഈ തത്വത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരെ പറ്റിയും, അത് നമ്മുടെ നാടുകളിൽ എങ്ങനെ എത്തി എന്നതിനെക്കുറിച്ചും നമുക്ക് മനസ്സിലാക്കാം.

**പിഴച്ച ചിന്തകൾ ഇന്ത്യയിൽ**

ആധുനിക കാലത്ത് ഹദീഥ് നിഷേധത്തിന്റെ തുടക്കം ഏകദേശം ക്രി. 20ാം നൂറ്റാണ്ടിലാണ്. ക്രി. 1900ന് ശേഷം പുതിയ ആശയങ്ങളുമായി ഓരോ വ്യക്തികൾ ഇന്ത്യൻ മേഖലകളിൽ രംഗപ്രവേശനം ചെയ്തിട്ടുണ്ട്. മിർസാ ഗുലാം അഹ്മദ് ഖാദിയാനി അവരിൽ പെട്ട ഒരാളാണ്. പലതും അയാൾ വാദിച്ചിട്ടുണ്ട്. ആദ്യം മഹ്ദിയാണെന്ന് വാദിച്ചു. പിന്നെ ഈസയാണെന്നും നിഴൽ നബിയാണെന്നും വാദിക്കുകയുണ്ടായി. അയാളുടെ പുസ്തകങ്ങൾ വായിച്ചാൽ അയാൾ ഒരു മാനസിക രോഗിയാണോ എന്ന സംശയം ഉണ്ടാവും. എന്നാൽ അയാൾ ബ്രിട്ടീഷുകാരുടെ ചാരനായി, അവർക്ക് പിന്തുണ നൽകി ജീവിച്ച ആളായിരുന്നു എന്നതാണ് യാഥാർഥ്യം. അവർക്ക് വേണ്ടി ജീവിച്ച വ്യക്തിയായിരുന്നു മിർസാ ഗുലാം. ഇസ്‌ലാമിന്റെ പല അടിസ്ഥാന തത്ത്വങ്ങളെയും ഇയാളും പിന്തുണക്കുന്ന ആളുകളും നിഷേധിക്കുകയും, മറ്റൊരു മതമായി അത് രൂപപ്പെടുകയും ചെയ്യുകയാണുണ്ടായത്.

**ശിയാക്കളും ഖവാരിജുകളും മുഅ്തസിലികളും: പിൽക്കാലത്ത് ഇസ്‌ലാമിൽ വ്യത്യസ്ത വിഭാഗങ്ങൾ ഉടലെടുത്തപ്പോഴാണ് ഇത്തരം ചിന്തകൾ കടന്നുവരാൻ തുടങ്ങിയത്. ശിയാക്കൾ അലി‌യ്യിനാണ് ഇമാമത്ത് നൽകേണ്ടത് എന്ന വാദവുമായി പുറപ്പെട്ട കാലഘട്ടത്തിൽ അവരുടെ ആ തത്ത്വം അംഗീകരിക്കാത്ത സ്വഹാബികളോട് അവർക്ക് വെറുപ്പ് വന്നത് കാരണത്താൽ ആ സ്വഹാബിമാരുടെ ഹദീഥ് വേണ്ട എന്ന് വെച്ചതല്ലാതെ ഹദീഥുകൾ മൊത്തത്തിൽ വേണ്ട എന്ന് അവർ പറഞ്ഞിട്ടില്ല. അവർ അംഗീകരിക്കുന്ന സ്വഹാബികളുടെ ഹദീഥുകൾ അവർ തള്ളിയിട്ടില്ല. കൂടാതെ അവർ, അവർ ഇഷ്ടപ്പെടുന്ന ഇമാമുകളുടെ പേരിൽ കള്ള ഹദീഥുകൾ ഉണ്ടാക്കുകയും ചെയ്തു. ഖവാരിജുകളുടെ അവസ്ഥയും ഇങ്ങനെ തന്നെയാണ്. അവരും ഹദീഥുകളെ മൊത്തത്തിൽ തള്ളിയിരുന്നില്ല.**

ഗുലാം നബി അബ്ദുല്ല ജുഗ്ഡാലവി: അതേ കാലഘട്ടത്തിൽ തന്നെ ഗുലാം നബി അബ്ദുല്ല ജുഗ്ഡാലവി എന്ന വ്യക്തിയും രംഗത്ത് വന്നു. അയാൾ മുഴുവൻ ഹദീഥുകളും തള്ളണമെന്ന് പറഞ്ഞാണ് രംഗപ്രവേശനം ചെയ്തത്. ആ വ്യക്തി യഥാർഥത്തിൽ അദ്ദേഹത്തിന്റെ വിജ്ഞാനത്തിന് അടിസ്ഥാനമാക്കിയത് അലിഗഡ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകനായി അറിയപ്പെടുന്ന സർസയ്യിദ് അഹ്മദ്ഖാന്റെ ചിന്താഗതികളായിരുന്നു. ഇവരിലൂടെയൊക്കെയാണ് ഹദീഥ് നിഷേധത്തിന്റെ വേരുകൾ ഇന്ത്യയിൽ വ്യാപിച്ചത്.

മുഹമ്മദ് അഹ്മദ് രിദാ ബറേൽവി: ഏകദേശം അതേ കാലഘട്ടത്തിലെ തന്നെ മറ്റൊരു വ്യക്തിയാണ് മുഹമ്മദ് അഹ്മദ് രിദാ ബറേൽവി. ഇയാളുടെ വാദം മുഹമ്മദ് നബിﷺ മനുഷ്യനല്ല എന്നായിരുന്നു. മുഹമ്മദ് നബിﷺ മരിച്ചിട്ടില്ലെന്നും നബിയോട് വിളിച്ച് പ്രാർഥിച്ചാൽ ആവശ്യമുള്ള സ്ഥലത്തേക്ക് അദ്ദേഹം വരുമെന്നുമൊക്കെയായിരുന്നു. അത് പോലെ തന്നെ ലോകത്തിലെ എല്ലാ പ്രശ്നങ്ങളും കയ്യാളാൻ റസൂൽﷺയുടെ അടുക്കൽ കഴിവുണ്ടെന്നും അയാൾ വാദിച്ചു. ഈ മൂന്ന് ആളുകളുടെയും പിന്നിൽ പ്രവർത്തിച്ചത് ബ്രിട്ടീഷുകാരായിരുന്നു. മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കി കാര്യം നേടാൻ വേണ്ടി അവർ കണ്ടെത്തിയ മാർഗങ്ങളായിരുന്നു ഇവയെല്ലാം. എന്നാൽ ഇതിനെയൊക്കെ എതിർക്കാൻ സനാഉല്ലാ അമൃതസരിയെ പോലെയുള്ള പല പണ്ഡിതൻമാരും രംഗത്തിറങ്ങുകയുണ്ടായി. ഈ വാദങ്ങൾക്കെല്ലാം കൃത്യമായി മറുപടി നൽകാനും മിർസാഗുലാമിനെ പോലെയുള്ളവരോട് മുബാഹല വരെ നടത്താനും അവർക്ക് കഴിഞ്ഞിട്ടുണ്ട്. ക്രി.1948ലാണ് സനാഉല്ലാ അമൃതസരി വഫാത്താകുന്നത്. മിർസാ ഗുലാമുമായുള്ള മുബാഹലയിൽ 'അസത്യത്തിന്റെ ഉടമ ആദ്യം നശിക്കട്ടെ' എന്ന് ഡൽഹിയിൽ വെച്ച് മിർസാ ഗു

ലാം ആയിരക്കണക്കിന് ആളുകൾക്ക് മുമ്പിൽ പറഞ്ഞിരുന്നു. അങ്ങനെ ഏതാനും വർഷം കഴിഞ്ഞപ്പോഴേക്കും അയാൾ മരിക്കുകയും, സനാഉല്ലാ അമൃതസരി നാൽപത് വർഷത്താളം പിന്നെയും ജീവിക്കുകയും ചെയ്തു.

ഓറിയന്റലിസ്റ്റുകൾ: ഹദീഥ് നിഷേധം എന്ന ചിന്താഗതി ഇന്ത്യയിൽ വന്നതിന്റെ മുഖ്യ കാരണം ബ്രിട്ടീഷ് ചാരൻമാരുടെ പ്രവർത്തനമാണ്. ഓറിയന്റലിസ്റ്റുകളും ഹദീഥ് നിഷേധം ഇന്ത്യയിൽ വളരാൻ കാരണമായിട്ടുണ്ട്. റോമൻ, ബ്രിട്ടീഷ്, യൂറോപ്യൻ നാടുകളിൽ നിന്ന് ഇസ്‌ലാമിനെ തകർക്കാൻ വേണ്ടി കിഴക്കൻ നാടുകളിലേക്ക് അവർ പണ്ഡിതൻമാരെ അയക്കുകയും അവർ ഇസ്‌ലാമിനെ തകർക്കാൻ വേണ്ടി ക്വുർആനും ഹദീഥുകളും പഠിക്കുകയും പിഴച്ച ആശയങ്ങളുമായി ഗ്രന്ഥങ്ങൾ ഇറക്കുകയും ലോകവ്യാപകമായി അവരുടെ ചിന്താഗതികളും ആശയങ്ങളും പ്രചരിപ്പിക്കുകയും ചെയ്തു. ഇത്തരക്കാരുടെ കുഴപ്പങ്ങളിൽ പെട്ട് പിഴച്ച ചിന്താഗതികളുമായി വന്നവരാണ് മുഹമ്മദ് റശീദ് രിദയും ജമാലുദ്ദീൻ അഫ്ഗാനിയുമെല്ലാം. ജമാലുദ്ദീൻ അഫ്ഗാനി ഈജിപ്തിൽ വന്ന് ഈ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അത് ഫലം കണ്ടില്ല. അവിടെ നിന്ന് അദ്ദേഹത്തെ നാടുകടത്തുകയാണുണ്ടായത് എന്ന് ചരിത്രം പറയുന്നു. ഈജിപ്തിൽ സുന്നത്തിനെ നിഷേധിക്കുന്ന ഇത്തരക്കാർ വന്നപ്പോൾ അതിനെ എതിർക്കാൻ അവിടെ അൻസ്വാറുസ്സുന്ന എന്ന സംഘടന രൂപീകൃതമായി. ഇന്നും തൗഹീദീ പ്രബോധനവുമായി അവർ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇസ്‌ലാം വിരുദ്ധരായ പാശ്ചാത്യരുടെ പ്രവർത്തനങ്ങൾ അറേബ്യൻ നാടുകളിൽ ഫലം കണ്ടില്ല. കാരണം, അവർക്കറിയാം റസൂൽﷺ കൊണ്ടുവന്ന എല്ലാം സ്വീകരിക്കാൻ വിശുദ്ധ ക്വുർആനിൽ കൽപനയുണ്ടെന്ന്. അല്ലാഹു പറയുന്നത് കാണുക: "...നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക..."(59:7).

ഈ വചനത്തിൽ പറഞ്ഞ, 'റസൂൽﷺക്ക് നൽകപ്പെട്ട കാര്യം' ക്വുർആൻ മാത്രമല്ല; അതോടൊപ്പം അതിന്റെ വിശദീകരണമായ ഹദീഥുകളും ഉൾപ്പെടുമെന്ന് അവർ മനസ്സിലാക്കി. അത് പോലെ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാൻ വിശുദ്ധ ക്വുർആൻ ആവർത്തിച്ച് ഉണർത്തുന്നതും അവർക്കറിയാം. ഇതുമായി ബന്ധപ്പെട്ട ചില ആയത്തുകൾ കാണുക: അല്ലാഹു പറയുന്നു:

"പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച" (3:32 )

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59 )

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക. (സത്യസന്ദേശം) കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തെ വിട്ട് തിരിഞ്ഞുകളയരുത്"(8:20).

"നീ പറയുക: നിങ്ങൾ അല്ലാഹുവെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ പിന്തിരിയുന്ന പക്ഷം അദ്ദേഹം (റസൂൽ) ചുമതലപ്പെടുത്തപ്പെട്ട കാര്യത്തിൽ മാത്രമാണ് അദ്ദേഹത്തിന് ബാധ്യതയുള്ളത്. നിങ്ങൾക്ക് ബാധ്യതയുള്ളത് നിങ്ങൾ ചുമതല ഏൽപിക്കപ്പെട്ട കാര്യത്തിലാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൻമാർഗം പ്രാപിക്കാം റസൂലിന്റെ ബാധ്യത വ്യക്തമായ പ്രബോധനം മാത്രമാകുന്നു" (24:54).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളുടെ കർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക" (47: 33).

ഈ ആയത്തുകളിലെല്ലാം അല്ലാഹുവിനെയും അവന്റെ റസൂലിﷺനെയും അനുസരിക്കാൻ അല്ലാഹു കൽപിക്കുന്നത് നാം കണ്ടു.

റസൂലിﷺനെ അനുസരിച്ചവർ അല്ലാഹുവിനെ അനുസരിച്ചിരിക്കുന്നു.

റസൂലിനെ അനുസരിക്കുന്ന ആളുകളെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

"(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല"(4:80).


അല്ലാഹുവിനെയും റസൂൽﷺയെയും അനുസരിക്കുന്നവരുടെ മഹത്ത്വം: ഇങ്ങനെ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവർക്ക് മഹത്തായ പ്രതിഫലവും അതിൽ നിന്ന് പിന്തിരിഞ്ഞ് കളയുന്നവർക്ക് വേദനയേറിയ ശിക്ഷയും അല്ലാഹു നൽകുമെന്ന് വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: "ഏതൊരാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം" (4:13).

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (4:69).

**(അവസാനിച്ചില്ല)**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി




# വധശിക്ഷയും മനുഷ്യാവകാശവും

**കുറ്റവാളിയെ പോലെ തന്നെ ജീവിക്കാനുള്ള അവകാശമുള്ള മറ്റൊരാളുടെയോ പലയാളുകളുടെയോ ജീവിക്കാനുള്ള സ്വാതന്ത്ര്യം തകർത്ത് വരുന്ന കുറ്റവാളിയുടെ മനുഷ്യാവകാശത്തിനു വേണ്ടി ശബ്ദിക്കുന്നവർ കൊല്ലപ്പെട്ടവരുടെ ജീവന് വിലകൽപിക്കാത്തതെന്തേ? നിർഭയയുടെ ഘാതകരുടെ വധശിക്ഷ ശരിവെച്ചുകൊണ്ടുള്ള സുപ്രീംകോടതിയുടെ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഒരു വിശകലനം.**

**2017** ഏപ്രിൽ 28നും മെയ് 5നും ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി പ്രമാദമായ രണ്ട് കേസുകളിൽ പ്രഖ്യാപിച്ച ഉത്തരവ് സമ്മിശ്ര പ്രതികരണങ്ങളാണ് സമൂഹത്തിലുണ്ടാക്കിയത്. ഒന്ന് സൗമ്യ വധക്കേസിൽ പ്രതി ഗോവിന്ദച്ചാമിയുടെ വധശിക്ഷ റദ്ദാക്കിയതിലെ പിഴവു തിരുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം തള്ളിക്കൊണ്ടുള്ള ഉത്തരവാണ്. രണ്ടാമത്തേത് നിർഭയ കേസിൽ നാല് പ്രതികൾക്ക് വിചാരണ കോടതി നൽകിയ വധശിക്ഷ ശരിവച്ചുകൊണ്ടുള്ള ഉത്തരവും. 'സുപ്രീം കോടതി തീരുമാനത്തിൽ ഗോവിന്ദച്ചാമിക്ക് തൂക്കുകയർ പ്രതീക്ഷിച്ചിരുന്നു. ഇപ്പോൾ വലിയ ദുഃഖമുണ്ട്. മകളുടെ ഘാതകനെ കഴുമരത്തിലേറ്റാൻ ഏതറ്റംവരെയും പോകും' എന്നായിരുന്നു സൗമ്യയുടെ അമ്മയുടെ പ്രതികരണമെങ്കിൽ 'തങ്ങൾക്കിനി ഉറങ്ങാൻ കഴിയു'മെന്നാണ് നിർഭയയുടെ മാതാപിതാക്കൾ പ്രതികരിച്ചത്.

ഗോവിന്ദച്ചാമിയുടെ വധശിക്ഷ റദ്ദാക്കിയും ജീവപര്യന്തം തടവു നിലനിർത്തിയും കഴിഞ്ഞവർഷം സെപ്റ്റംബർ 15നാണ് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചത്. ഗോവിന്ദച്ചാമിയെ തൂക്കിലേറ്റുകതന്നെ വേണമെന്ന് അന്ന് സൗമ്യയുടെ അമ്മയും ബന്ധുക്കളും മാത്രമല്ല പല വ്യക്തികളും സംഘടനകളും പ്രതികരിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ വധശിക്ഷയുടെ ഭൂതകാലത്തിലേക്കും വർത്തമാനകാലത്തിലേക്കുമൊന്ന് കണ്ണോടിക്കാം.

ലോക രാഷ്ട്രങ്ങളിൽ വധശിക്ഷ 50 ശതമാനം വർധിച്ചതായാണ് ആംനസ്റ്റി ഇൻറർനാഷണലിന്റെ റിപ്പോർട്ട്. 2015ൽ 25 രാജ്യങ്ങളിലായി 1634 പേരെ വധശിക്ഷക്ക് വിധേയമാക്കി. മുൻവർഷത്തെക്കാൾ കൂടുതൽ വധശിക്ഷ നടപ്പിലാക്കിയത് ചൈന. രണ്ടാം സ്ഥാനത്ത് ഇറാനാണ്.

### ചരിത്രം

കുറ്റവാളികളെയും രാഷ്ട്രീയ എതിരാളികളെയും വധശിക്ഷയ്ക്ക് വിധേയമാക്കുക എന്നത് ഏതാണ്ട് എല്ലാ സമൂഹങ്ങളിലും നിലനിന്നിരുന്നു എന്ന് കരുതപ്പെടുന്നു. ജയിൽ സംവിധാനം തുടങ്ങുന്നതിന് മുൻപുള്ള യൂറോപ്പിൽ മരണശിക്ഷ മിക്ക കുറ്റങ്ങൾക്കുമുള്ള ശിക്ഷയായി ഉപയോഗിച്ചിരുന്നു. ഇംഗ്ലണ്ടിലെ ഹെന്റ്റി എട്ടാമന്റെ ഭരണകാലത്ത് 72,000 ആളുകൾക്ക് വധശിക്ഷ ലഭിച്ചതായി കണക്കാക്കുന്നു.

1820 ആയപ്പോഴേക്കും ബ്രിട്ടനിൽ 160 കുറ്റങ്ങളുടെ ശിക്ഷ മരണമായിരുന്നു. രക്തപങ്കിലമായ നിയമം എന്നായിരുന്നു ഈ നിയമം അന്ന് അറിയപ്പെട്ടിരുന്നത്.

ഇപ്പോൾ ചൈനയിൽ ധാരാളം വധശിക്ഷകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ടാങ്ങ് രാജവംശക്കാലത്ത് വധശിക്ഷ നിരോധിക്കപ്പെട്ടിരുന്നു. 747ൽ ക്സുവാൻ സോങ് ചക്രവർത്തിയാണ് വധശിക്ഷ നിരോധിച്ചത്. വധശിക്ഷയ്ക്ക് പകരം പീഡനമോ നാടുകടത്തലോ പോലെ മറ്റു ശിക്ഷകളാണ് നൽകിയിരുന്നത്. 12 വർഷങ്ങൾക്കു ശേഷം അൻ ലുഷാൻ കലാപത്തെത്തുടർന്ന് വധശിക്ഷ പുനരാരംഭിച്ചു. കഴുത്തു ഞെരിക്കലും ശിരച്ഛേദവുമായിരുന്നു ടാങ്ങ് കാലത്തെ ശിക്ഷാരീതികൾ. ധാരാളം കുറ്റങ്ങൾക്ക് വധശിക്ഷ നൽകപ്പെട്ടിരുന്നു.

മിക്ക സ്ഥലങ്ങളിലും കൊലപാതകം, ചാരപ്രവർത്തി, രാജ്യദ്രോഹം എന്നിങ്ങനെയുള്ള കുറ്റങ്ങൾക്കോ സൈനികനിയമപ്രകാരമോ ആണ് വധശിക്ഷ നടപ്പിലാക്കാറുള്ളത്. ചില രാജ്യങ്ങളിൽ ബലാത്സംഗം, വിവാഹേതര ലൈംഗികബന്ധം, രക്തബന്ധമുള്ളവരുമായുള്ള ലൈംഗികബന്ധം തുടങ്ങിയവയ്ക്കും മരണശിക്ഷ നൽകാറുണ്ട്. പല രാജ്യങ്ങളിലും മയക്കുമരുന്നു കടത്ത് വധശിക്ഷ അർഹിക്കുന്ന കുറ്റമാണ്. ചൈനയിൽ മനുഷ്യക്കടത്തിനും ഗുരുതരമായ അഴിമതിക്കും ശിക്ഷ മരണം തന്നെ. ലോകത്തിലെ മിക്ക രാജ്യങ്ങളിലെയും സൈന്യങ്ങളിൽ ഭീരുത്വവും ഒളിച്ചോട്ടവും മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾ അനുസരിക്കാതിരിക്കുന്നതും കലാപവും വധശിക്ഷയർഹിക്കുന്ന കുറ്റങ്ങളാണ്.

നിലവിൽ 58 രാജ്യങ്ങൾ വധശിക്ഷ നടപ്പാക്കിവരുന്നുണ്ട്. 97 രാജ്യങ്ങളിൽ നിർത്തലാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്ര ഘടനയയുടെ പൊതുസഭ 2007, 2008, 2010 വർഷങ്ങളിൽ വധശിക്ഷക്കെതിരെ (പൂർണമായി നിർത്താക്കൽ ലക്ഷ്യംവെച്ച് നിർബന്ധമല്ലാത്ത പ്രമേയം പാസാക്കിയിട്ടുണ്ട്). വധശിക്ഷ നടക്കുന്ന രാജ്യങ്ങളിലാണ് ലോകജനസംഖ്യയുടെ 60 ശതമാനവും താമസിക്കുന്നത്. ഇന്ത്യ, അമേരിക്കൻ ഐക്യനാടുകൾ, ഇന്തോനേഷ്യ തുടങ്ങിയ വധശിക്ഷ നിലവിലുള്ള രാജ്യങ്ങൾ ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ളവയുമാണ്. ഈ രാജ്യങ്ങൾ ഐക്യരാഷ്ട്രസഭാ പ്രമേയത്തിനെതിരെ വോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

വിവിധ മതങ്ങൾ വധശിക്ഷയെ എങ്ങനെ കാണുന്നു എന്ന് നോക്കാം:

### ബുദ്ധമതം

ബുദ്ധമതക്കാർക്കിടയിൽ ഈ വിഷയത്തിൽ ഭിന്നാഭിപ്രായമാണുള്ളത്. ജീവനെടുക്കാതിരിക്കുക എന്നത് ബുദ്ധമതത്തിന്റെ അഞ്ച് അടിസ്ഥാന വിശ്വാസങ്ങളിലൊന്നാണ്. ധർമപാദത്തിലെ പത്താം അധ്യായം ഇങ്ങനെ പറയുന്നു: "എല്ലാവർക്കും ശിക്ഷയെ പേടിയുണ്ട്. എല്ലാവർക്കും മരണഭയമുണ്ട്; നിനക്കുള്ളതുപോലെ തന്നെ. അതുകൊണ്ട് കൊല്ലുകയോ കൊല്ലാൻ കാരണമാവുകയോ ചെയ്യരുത്."

ചരിത്രപരമായി ബുദ്ധമതം രാജ്യത്തിലെ ഔദ്യോഗിക മതമായ രാജ്യങ്ങൾ മിക്കവയും വധശിക്ഷനടപ്പാക്കുന്നവയായിരുന്നു. ജപ്പാനിൽ കുറച്ചുവർഷങ്ങൾ വധശിക്ഷ സാഗ ചക്രവർത്തിക്കു ശേഷം നിർത്തിവെക്കപ്പെട്ടിരുന്നതാണ് ഇതിനൊരപവാദം. ഇപ്പോഴും അവിടെ വധശിക്ഷ നിലനിൽക്കുന്നുണ്ട്. ഭൂട്ടാൻ വധശിക്ഷ നിർത്തലാക്കിയെങ്കിലും തായ്‌ലന്റിൽ ഇപ്പോഴും തുടരുന്നുണ്ട്.

മ്യാൻമറിലെ ബുദ്ധ സന്യാസിമാർ റോഹിങ്ക്യൻ മുസ്‌ലിംകളെ അതിക്രൂരമായി കൊന്നൊടുക്കുകയും ആട്ടിയോടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് ഇതിനോട് കൂട്ടിവായിക്കുക.

### ക്രിസ്തുമതം

യേശുക്രിസ്തുവിന്റെ ഉപദേശം 'ഒരു കരണത്തടിച്ചാൽ മറുകരണം കാണിക്കുക' എന്നാണെന്നാണ് ലൂക്കാ എഴുതിയ സുവിശേഷത്തിലും മത്തായി എഴുതിയ സുവിശേഷത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്. കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കപ്പെട്ട വേശ്യയുടെ കഥയും ഈ ഉപദേശവും കായികമായ പ്രതികാരത്തിനെതിരാണെന്നാണ് പൊതുവിശ്വാസം. റോമാക്കാർക്കെഴുതിയ ലേഖനത്തിലെ 13:3-4 വചനങ്ങൾ മരണശിക്ഷയെ അനുകൂലിക്കുന്നവയാണെന്ന് കരുതുന്നവരുണ്ട്. എന്നാൽ, യേശുവിന്റെ സമാധാന സന്ദേശം സ്വകാര്യ നൈതികതയെ മാത്രമെ ബാധിക്കൂ എന്നും കുറ്റങ്ങൾക്ക് ശിക്ഷ കൊടുക്കാനുള്ള സർക്കാറിന്റെ ശേഷിയെ ബാധിക്കില്ല എന്നും വിശ്വസിക്കുന്നവരാണ് പല ക്രിസ്ത്യാനികളും. പഴയനിയമത്തിലെ ലേവ്യപുസ്തകത്തിൽ 20:2-27 വരികൾ വധശിക്ഷ നൽകാവുന്ന കുറ്റങ്ങളെ വിവരിക്കുന്നുണ്ട്. വിവിധ സഭകൾക്കിടയിൽ ഈ വിഷയത്തിൽ ഭിന്നാഭിപ്രായമാണുള്ളത്.

### ഹൈന്ദവത

അനുകൂലിക്കുകയും പ്രതികൂലിക്കുക

യും ചെയ്യുന്ന വിചാരധാരകൾ ഹിന്ദുമതത്തിലുണ്ട്. ഹിന്ദുമതം അഹിംസ പഠിപ്പിക്കുമ്പോൾത്തന്നെ ആത്മാവിനെ കൊല്ലാൻ സാധിക്കില്ല എന്നും ജഡമായ ശരീരം മാത്രമാണ് നശിക്കുന്നതെന്നും പഠിപ്പിക്കുന്നു. ധർമശാസ്ത്രത്തിലും അർഥശാസ്ത്രത്തിലും മനുസ്മൃതിയിലും കൊലപാതകം ഉൾപ്പെടെയുള്ള കുറ്റങ്ങൾക്ക് വധശിക്ഷ വിധിക്കുന്നുണ്ട്.

**ജൂതമതം**

ഔദ്യോഗികമായി ജൂതമതം വധശിക്ഷയെ അംഗീകരിക്കുന്നുവെങ്കിലും കുറ്റം തെളിയിക്കാനാവശ്യപ്പെടുന്ന നിബന്ധനകളുടെ കാഠിന്യം കാരണം ഫലത്തിൽ മരണശിക്ഷ നിരോധിതമാണ്. ക്രിസ്തുവർഷം 30-ൽ സാൻഹെഡ്രിൻ എന്ന ന്യായാധിപസഭ വധശിക്ഷ നിർത്തലാക്കി. മരണശിക്ഷ നൽകാൻ യോഗ്യത ദൈവത്തിനു മാത്രമാണ് എന്നാണ് ഇതിന്റെ ന്യായം. എന്നാൽ ഫലസ്തീനി ബാലന്മാരെയും സ്ത്രീകളെയും പോലും ഇസ്റയേൽ ജൂതന്മാർ നിഷ്‌കരുണം കൊന്നുതള്ളുന്നതാണല്ലോ ലോകം കണ്ടുകൊണ്ടിരിക്കുന്നത്.

**കൂട്ടക്കൊലകൾ**

ഇരുപതാം നൂറ്റാണ്ടിൽ കോടിക്കണക്കിനാളുകളെ രാജ്യങ്ങൾ രാഷ്ട്രീയവും മതപരവുമായ കാരണങ്ങൾക്ക് കൊന്നൊടുക്കിയിട്ടുണ്ട്. ടർക്കി അർമീനിയക്കാർക്കെതിരായും, നാസി ജർമനി ജൂതന്മാർക്കും  മറ്റുമെതിരായും, ഖമർ റൂഷ് കംബോഡിയയിലെ ജനങ്ങൾക്കെതിരായും, റുവാണ്ടയിലെ  ടുട്‌സികൾക്കെതിരായി നടന്നതും മറ്റും ഉദാഹരണങ്ങളാണ്. സൈന്യങ്ങൾ അച്ചടക്കം നിലനിറുത്താൻ വധശിക്ഷ ഉപയോഗിക്കാറുണ്ട്. ഉദാഹരണത്തിന് രണ്ടാം ലോകമഹായുദ്ധസമയത്ത് 158,000 സോവിയറ്റ് സൈനികർ സ്വന്തം സൈന്യത്താൽ വധശിക്ഷയ്ക്ക് വിധേയരായിട്ടുണ്ട്.

റോബർട്ട് കോൺക്വസ്റ്റ് എന്ന വിദഗ്ധന്റെ അഭിപ്രായത്തിൽ 1,000,000ത്തിൽ കൂടുതൽ സോവിയറ്റ് പൗരന്മാരെ സ്റ്റാലിന്റെ ഉത്തരവു പ്രകാരം 1937-38 കാലത്ത് വധിച്ചിട്ടുണ്ട്. മിക്കവരെയും തലയ്ക്കുപിന്നിൽ വെടിവച്ചായിരുന്നു കൊന്നിരുന്നത്. 1949ൽ ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരം പിടിച്ച ശേഷം 800,000 പേരെ വധിച്ചു എന്ന് മാവോ സെതുങ് തന്നെ പറഞ്ഞിട്ടുണ്ട്.

**ഇസ്‌ലാമും ശിക്ഷാവിധികളും**

തെറ്റുകൾ ചെയ്യാനുള്ള സാഹചര്യങ്ങളും സന്ദർഭങ്ങളും ഇല്ലാതാക്കുന്ന വിഷയത്തിൽ ഇസ്‌ലാം പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു; തെറ്റ് ചെറുതായാലും വലുതായാലും ശരി. സമ്പന്നർ ദരിദ്രരെ പരിഗണിക്കാതെ സുഖലോലുപരായി ജീവിക്കുകയും ദരിദ്രർ പട്ടിണിയിൽ കഴിഞ്ഞുകൂടുകയും ചെയ്യുമ്പോൾ മോഷണത്തിന്റെയും പിടിച്ചുപറിയുടെയുമൊക്കെ മാർഗത്തിലേക്ക് തിരിയാൻ ദരിദ്രർ നിർബന്ധിതരായേക്കും. അതുകൊണ്ടുതന്നെ ദാരിദ്ര്യനിർമാർജനത്തിന്റെ കവാടങ്ങൾ ഇസ്‌ലാം തുറന്നിട്ടു. ദാനധർമങ്ങളും സകാത്തും നിശ്ചയിച്ചു. വ്യഭിചാരമാകുന്ന പാപത്തിലേക്കെത്തുന്ന മുഴുവൻ മാർഗങ്ങളും ഇസ്‌ലാം അടച്ചിട്ടു. വസ്ത്രധാരണ രീതിയിലും സംസാരത്തിലും പെരുമാറ്റത്തിലും നോട്ടത്തിലുമെല്ലാം പാലിക്കേണ്ട നിയമങ്ങൾ പഠിപ്പിച്ചു. ഇങ്ങനെ ഓരോ തിന്മക്കുമെതിരിൽ ജാഗ്രത പാലിക്കാൻ ഇസ്‌ലാം നിർദേശിക്കുന്നു. എന്നിട്ടും കുറ്റകൃത്യങ്ങളിൽ ഏർപെട്ടാൽ തക്കതായ ശിക്ഷനൽകാൻ ഇസ്‌ലാമിക ഭരണകൂടത്തിന് അനുമതി നൽകുന്നു. തികച്ചും നീതിയിൽ അധിഷ്ഠിതമായ നിയമവാഴ്ചയാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. സമൂഹത്തിന്റെ ഭദ്രമായ നിലനിൽപിനും സുരക്ഷക്കും ശിക്ഷാനടപടികൾ അനിവാര്യമാണ് എന്നാണ് ഇസ്‌ലാമിന്റെ വീക്ഷണം. ഇസ്‌ലാമിലെ ശിക്ഷാവിധികളെ പ്രാകൃതമെന്ന് പറഞ്ഞ് ആക്ഷേപിക്കുന്ന പലരുമുണ്ട്. വാസ്തവത്തിൽ അവർ ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന ഉന്നതമായ നീതിബോധത്തെ മനസ്സിലാക്കാത്തവരോ മനസ്സിലായിട്ടും അംഗീകരിക്കാൻ കൂട്ടാക്കാത്തവരോ ആണ്. പ്രവാചകന്റെ കാലത്ത് നടന്ന ഒരു സംഭവം കാണുക:

ആഇശ ﵁ നിവേദനം. നബിﷺയുടെ കാലത്ത് മോഷണം നടത്തിയ സ്ത്രീയുടെ കാര്യത്തിൽ ശിക്ഷ നടപ്പാക്കാതിരിക്കുവാൻ നബിﷺയോട് ആരാണ് സംസാരിക്കുവാൻ ധൈര്യപ്പെടുകയെന്ന് ക്വുറൈശികൾ പരസ്പരം ചോദിക്കുകയുണ്ടായി: നബിﷺ ഇഷ്ടപ്പെട്ടവനായ ഉസാമക്കല്ലാതെ മറ്റാർക്കുമതിന് കഴിയുകയില്ലെന്ന് അവർ അഭിപ്രായപ്പെടുകയും ഉസാമ വന്ന് നബിﷺയോട് ശുപാർശ പറയുകയും ചെയ്തു. അതുകേട്ട് നബിﷺയുടെ മുഖം ചുവന്ന് തുടുക്കുകയും അവിടുന്ന് ഇപ്രകാരം ചോദിക്കുകയുമുണ്ടായി: 'അല്ലാഹുവിന്റെ നിയമം നടപ്പിലാക്കുന്നതിനെതിരെയാണോ നീ ശുപാർശ പറയുന്നത്?' നബിﷺയുടെ ദേഷ്യം മനസ്സിലാക്കിയ ഉസാമ തനിക്കു വേണ്ടി പാപമോചനത്തിനു പ്രാർഥിക്കുവാൻ നബിﷺയോട് അപേക്ഷിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്തു. പിന്നീട് നബിﷺ മിമ്പറിൽ കയറുകയും അല്ലാഹുവിനെ പ്രകീർത്തിച്ചതിനു ശേഷം ഇപ്രകാരം പ്രസംഗിക്കുകയും ചെയ്തു: 'നിങ്ങൾക്കു മുമ്പുണ്ടായിരുന്ന സമുദായങ്ങളുടെ നാശ കാരണം അവരിലുള്ള മാന്യന്മാർ മോഷ്ടിച്ചാൽ (തെറ്റ് ചെയ്താൽ) അവർ ശിക്ഷ നടപ്പാക്കാതിരിക്കുകയും സാധാരണക്കാർ മോഷ്ടിച്ചാൽ കൈ വെട്ടുകയും ചെയ്തിരുന്നതിനാലാണ്. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിക്കുന്നതെങ്കിൽ പോലും ഞാൻ അവളുടെ കൈ വെട്ടുക തന്നെ ചെയ്യും.' അങ്ങനെ ആ സ്ത്രീയുടെ വിഷയത്തിൽ ശിക്ഷ നടപ്പിലാക്കി (ബുഖാരി, മുസ്‌ലിം, അബൂദാവൂദ്).

ജീവിക്കാനുള്ള അവകാശത്തെ ഇസ്‌ലാം അംഗീകരിക്കുന്നു. എന്നാൽ തെളിയിക്കപ്പെടുന്ന കുറ്റങ്ങൾക്ക് അർഹമായ ശിക്ഷ നൽകാൻ ഇസ്‌ലാം അനുശാസിക്കുന്നു. വ്യക്തികൾക്കല്ല ഇസ്‌ലാമിക ഭരണകൂടത്തിനാണ് ശിക്ഷ നടപ്പിലാക്കാൻ അനുവാദമുള്ളത്. വധശിക്ഷയെ പൊതുവിൽ ഇസ്‌ലാം അംഗീകരിക്കുന്നുണ്ട്. വധശിക്ഷയർഹിക്കുന്ന കുറ്റം സംശയരഹിതമായി തെളിയിക്കപ്പെട്ടാൽ ഭരണകൂടത്തിന് കൊലപാതകിയെ വധിച്ച് ശിക്ഷ നടപ്പാക്കാം. എന്നാൽ കൊല്ലപ്പെട്ടയാളുടെ കുടുംബത്തിന് കൊലപാതകിയോട് ക്ഷമിക്കാനും നഷ്ടപരിഹാരം വാങ്ങി ശിക്ഷയിൽനിന്ന് ഒഴിവാക്കാനുമുള്ള അധികാരമുണ്ട്. വിശുദ്ധ ക്വുർആൻ പറയുന്നു:

“സത്യവിശ്വാസികളേ, കൊലചെയ്യപ്പെടുന്നവരുടെ കാര്യത്തിൽ തുല്യശിക്ഷ നടപ്പാക്കുക എന്നത് നിങ്ങൾക്ക് നിയമമാക്കപ്പെട്ടിരിക്കുന്നു. സ്വതന്ത്രനു പകരം സ്വതന്ത്രനും, അടിമയ്ക്കു പകരം അടിമയും, സ്ത്രീക്കു പകരം സ്ത്രീയും (കൊല്ലപ്പെണ്ടേതാണ്.) ഇനി അവന്ന് (കൊലയാളിക്ക്) തന്റെ സഹോദരന്റെ പക്ഷത്ത് നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും, നല്ല നിലയിൽ (നഷ്ടപരിഹാരം) കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു. നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു വിട്ടുവീഴ്ചയും കാരുണ്യവുമാകുന്നു അത്. ഇനി അതിനു ശേഷവും ആരെങ്കിലും അതിക്രമം പ്രവർത്തിക്കുകയാണെങ്കിൽ അവന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും” (2:178).

“അക്കാരണത്താൽ ഇസ്‌റാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു...” (5:32).

സുഊദി അറേബ്യയിൽ വല്ലപ്പോഴും നടക്കുന്ന വധശിക്ഷ ചൂണ്ടിക്കാട്ടി മനുഷ്യന്റെ തലവെട്ടുന്ന കാടൻ ശിക്ഷാകമ്പ്രദായമാണ് ഇസ്‌ലാമിന്റെത് എന്ന് വിമർശകർ പറയാറുണ്ട്. ലോകത്ത് വധശിക്ഷ നടപ്പിലാക്കുന്ന ഏക രാജ്യം സുഊദിയും ഏക മതം ഇസ്‌ലാമുമാണോ എന്ന് തോന്നിപ്പോകും ഇത് കേട്ടാൽ. എന്നാൽ ഇതേ വിമർശകർ തന്നെ ചിലപ്പോൾ വധശിക്ഷ നടപ്പിലാക്കാൻ ശബ്ദിക്കാറുമുണ്ട്. മുംബയ് ഭീകരാക്രമണ കേസിലെ പ്രതി അജ്മൽ കസബ്, പാർലമെന്റ് ആക്രമണ കേസില പ്രതി അഫ്സൽ ഗുരു എന്നിവരെ തൂക്കിലേറ്റാൻ ശബ്ദിച്ചവർ ഉദാഹരണം. അവരെ തൂക്കിലേറ്റിയപ്പോൾ മധുരം നൽകി ആഘോഷിച്ചവരുണ്ട്. വധശിക്ഷ നിരോധിക്കാനുള്ള യു.എൻ പ്രമേയത്തെ എതിർത്ത് 39 രാജ്യങ്ങൾ എതിർത്തതിന്റെ പിറ്റേന്ന് രാവിലെയായിരുന്നു കസബിന്റെ വധശിക്ഷ നടപ്പാക്കിയത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സൗമ്യയുടെയും നിർഭയയുടെയും ഘാതകരെ വധിച്ചുകളയണമെന്നുതന്നെയാണല്ലോ ഇന്ത്യൻ ജനതയുടെ പൊതുവായുള്ള ആഗ്രഹം.

**ജീവിക്കാനുള്ള അവകാശമോ?**

വധശിക്ഷ പൂർണമായും ഇല്ലാതാക്കണമെന്ന ആവശ്യമുന്നയിക്കുന്ന സംഘടനകളും വ്യക്തികളും ഇന്ത്യയിലുമുണ്ട്. ജീവിക്കാനുള്ള അവകാശം ഹനിച്ചുകൂടാ എന്നതാണ് ഇവർ പറയുന്ന ‘ന്യായം’(?). കുറ്റവാളിയെ പോലെ തന്നെ ജീവിക്കാനുള്ള അവകാശമുള്ള മറ്റൊരാളുടെയോ പലയാളുകളുടെയോ ജീവിക്കാനുള്ള സ്വാതന്ത്ര്യം തകർത്ത് വരുന്ന കുറ്റവാളിയുടെ മനുഷ്യാവകാശത്തിനു വേണ്ടി ശബ്ദിക്കുന്നവർ കൊല്ലപ്പെട്ടവരുടെ ജീവന് വിലകൽപിക്കാത്തതെന്തേ?

ശിക്ഷകൾ സമൂഹത്തിനൊരു പാഠം കൂടിയാണ്; ഇത്തരം കുറ്റങ്ങൾ സമൂഹത്തിൽ ഉണ്ടാകാതിരിക്കാൻ. ഇനിയങ്ങനെ സംഭവിച്ചാൽ ഇതായിരിക്കും അവസ്ഥ എന്ന് ബോധ്യപ്പെടുത്താനുള്ള മാർഗം. സാമൂഹ്യജീവിയായ മനുഷ്യന് സ്വസ്ഥമായ ജീവിതത്തിന് ചില നിയമങ്ങളും നിയന്ത്രണങ്ങളും ആവശ്യമാണ്. ആർക്കും എന്ത് കുറ്റവും എപ്പോഴും ചെയ്യാം. പിടിക്കപ്പെട്ടാൽ അൽപകാലം ജയിലിൽ സുഖജീവിതം നയിച്ചും പണിയെടുത്ത് കാശുണ്ടാക്കിയും പുറത്തുവരാം എന്ന അവസ്ഥ നിലനിൽക്കുന്ന കാലത്തോളം കുറ്റവും കുറ്റവാളികളും വർധിക്കുകയേയുള്ളൂ. ജയിൽവാസ കാലത്ത് മാനസാന്തരപ്പെട്ട് നല്ലവരായിത്തീരും; അതിനുള്ള അവസരം നൽകണം എന്ന് പറയുന്നവർ, ജയിലിൽ വെച്ച് പരിചയപ്പെടുന്ന സഹതടവുകാരിൽനിന്ന് കുറ്റകൃത്യങ്ങൾ കൂടുതൽ നന്നായി ശാസ്ത്രീയമായി ചെയ്യാൻ പഠിച്ച് പുറത്തിറങ്ങുന്നവരും ജയിലിൽനിന്ന് വിട്ടയക്കപ്പെട്ട ദിവസം തന്നെ പ്രതികാരവും മറ്റു കുറ്റങ്ങളും ചെയ്യുന്നവരും ഉണ്ടെന്ന സത്യം കാണാതെ പോകുന്നു. ക്വുർആൻ പറയുന്നു:

“ബുദ്ധിമാന്മാരേ, (അങ്ങനെ) തുല്യ ശിക്ഷ നൽകുന്നതിലാണ് നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപ്. നിങ്ങൾ സൂക്ഷ്മത പാലിക്കുന്നതിനു വേണ്ടിയത്രെ (ഈ നിയമനിർദേശങ്ങൾ)” (2:179).

നമ്മുടെ നാട്ടിൽ ഹീനമായ ബലാത്സംഗങ്ങളുടെയും കൊലപാതകങ്ങളുടെയും ഗ്രാഫ് കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഉന്നതങ്ങളിലുള്ള ‘പിടിപാട്’ നിമിത്തം പലരും പിടിക്കപ്പെടാതെ നിർഭയം കഴിയുന്നു. ചില പ്രതികൾ മാത്രം പിടിക്കപ്പെടുന്നു. പലരും ജാമ്യത്തിൽ പുറത്തിറങ്ങുന്നു. കുറ്റം തെളിയിക്കപ്പെട്ടവർ സുഭിക്ഷമായി ജയിലുകളിൽ കഴിയുന്നു. മാതൃകാപരമായ ശിക്ഷയുടെ അഭാവം കുറ്റവാളികളുടെയും കുറ്റകൃത്യങ്ങളുടെയും എണ്ണം വർധിപ്പിക്കാനേ ഉപകരിക്കൂ എന്നർഥം. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# ഭീകരവാദം അനാവരണം ചെയ്യപ്പെടണം

**ലോ**കജനതക്ക് മുമ്പിൽ ഭീകരസത്വം കണക്കെ ടെററിസം ഉറഞ്ഞുതുള്ളുകയാണ്. ഭീകരവാദത്തിന്റെ വിഷലിപ്തമായ ആശയക്കനികൾ മനസ്സുകളിൽ നിന്നും മനസ്സുകളിലേക്ക് ഒരു വടവൃക്ഷം പോലെ പടർന്നു പന്തലിക്കുകയും രാക്ഷസരൂപം പ്രാപിച്ച് രൗദ്രഭാവത്തോടെ ലോകത്തെ അടക്കി ഭരിച്ചുകൊണ്ടിരിക്കുകയുമാണ്. അജ്ഞാനകാലഘട്ടത്തിൽ പോലും കാണാൻ സാധിക്കാത്ത വിധം രക്തരൂക്ഷിതമായ നശീകരണപ്രവർത്തനങ്ങളും നിരപരാധികളായ ആബാലവൃദ്ധം ജനങ്ങളുടെ സംഹാരവും ഭീകരവിസ്ഫോടനങ്ങൾ ഉതിർക്കുന്ന കഷ്ടനഷ്ടങ്ങളും സംസ്കൃത യുഗമെന്നു വിശേഷിപ്പിക്കപ്പെടുന്ന വർത്തമാന കാലഘട്ടത്തിൽ അരങ്ങു തകർത്തുകൊണ്ടിരിക്കുന്നു. സമാധാനത്തിന്റെയും സമർപ്പണത്തിന്റെയും ഉൾപ്പുളകങ്ങൾ മാനവസമൂഹത്തിനു പകർന്നു നൽകിയ ദൈവികമതം സകലവിധ അതിക്രമങ്ങളെയും അരാജകത്വങ്ങളെയും അതിനിശിതമായി എതിർത്തുവരുമ്പോൾ ഭീകരവാദികൾ തങ്ങളുടെ അലക്ഷ്യമായ ഇംഗിതങ്ങളുടെ പൂർത്തീകരണത്തിന് വേണ്ടി ചരിത്രത്തിലെ യുഗപുരുഷന്മാരായ പ്രവാചകന്മാരെയും മാനവികതയുടെ പ്രോജ്ജ്വല സന്ദേശവുമായി അവതരിപ്പിക്കപ്പെട്ട ദൈവികമതത്തെയും കൂട്ടുപിടിക്കുന്ന വിരോധാഭാസമാണ് കാണാൻ കഴിയുന്നത്.

ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമേതെന്നു ചോദിച്ചാൽ പൊതുവിൽ നൽകപ്പെടുന്ന ഉത്തരം ഭീകരവാദം എന്നാണ്. ഭീകരവാദത്തിന് കൃത്യമായ നിർവചനം നൽകപ്പെട്ടിട്ടില്ലെങ്കിലും രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടി സമൂഹത്തിൽ ഭീതിതമായ അന്തരീക്ഷം സൃഷ്ടിച്ച് അത്തരം ഭീകരാന്തരീക്ഷങ്ങളെ സമ്മർദ തന്ത്രമായി ഉപയോഗിക്കുന്നതിനെയാണ് ഭീകരവാദം അല്ലെങ്കിൽ ടെററിസം എന്ന് വ്യാഖ്യാനിച്ചുവരുന്നത്. രാഷ്ട്രീയമോ സാമൂഹികമോ ആയ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് പൗരാണിക സമൂഹങ്ങൾ പൊതുവിൽ സ്വീകരിച്ചിരുന്ന മാർഗങ്ങളാണ് സഹനസമരങ്ങളും ത്യാഗ പരിശ്രമങ്ങളും വ്യവസ്ഥാപിതമായ യുദ്ധങ്ങളും. ക്ഷമയും സഹനവുമെല്ലാം ഒരു സമരമാർഗമാവാണെമെങ്കിൽ മാനവികതയിൽ അധിഷ്ഠിതമായ ചിന്തകൾ അനിവാര്യമാണ്. രാഷ്ട്രീയ ഉന്നം നേടാൻ ഫിർഔനും ഹാമാനുമെല്ലാം ഉപയോഗിച്ച ഹീനവും പൈശാചികവുമായ മാർഗങ്ങൾ ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ടെങ്കിലും വളരെ വ്യാപമായ തലത്തിൽ ഭീകര പ്രവർത്തനങ്ങൾ അഴിച്ചുവിട്ടുകൊണ്ടുള്ള ശൈലികൾ അവലംബിച്ചു തുടങ്ങിയത് ആധുനിക കാലഘട്ടത്തിലാണ്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിൽ നടന്ന ഫ്രഞ്ച് വിപ്ലവത്തോടനുബന്ധിച്ചാണ് ടെററിസം എന്ന പദം വ്യാപകമായി ഉപയോഗിക്കപ്പെട്ടുവന്നത്. 1865ലെ അമേരിക്കൻ ആഭ്യന്തര യുദ്ധങ്ങളിൽ 'കു ക്ലൂക്സ് ക്ലാൻ' എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു അമേരിക്കൻ ഗ്രൂപ്പ് കറുത്ത വർഗക്കാരെ സർക്കാരിനെതിരെ അക്രമാസക്തമായ മാർഗങ്ങളിലൂടെ ഇളക്കിവിടാൻ പ്രേരിപ്പിച്ചിരുന്നു. ലോകമാകമാനം 'വയലൻസ്' മാർഗമാക്കിക്കൊണ്ടുള്ള ഭീകരചിന്തക്ക് പ്രചാരം ലഭിക്കുവാൻ കാരണമായത് ഇത്തരം സംഭവങ്ങളാണെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്. 1930ൽ ജർമനിയിൽ അഡോൾഫ് ഹിറ്റ്ലറും ഇറ്റലിയിൽ ബെനിറ്റോ മുസ്സോളനിയും സോവിയറ്റ് യൂണിയനിൽ ജോസഫ് സ്റ്റാലിനും ഭീകരതയെ താലോലിച്ച് തങ്ങളുടെ ലക്ഷ്യം നേടാൻ ശ്രമിച്ച ചരിത്രം വളരെ പ്രസിദ്ധമാണ്. 1948ൽ ജൂതരാഷ്ട്രത്തിന്റെ സ്ഥാപനത്തിന് വേണ്ടി പലസ്തീനിലെ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ ജൂത വിഭാഗങ്ങൾ നടത്തിയ അക്രമാസക്തമായ സമരമുറകൾ ഭീകരതയുടെ പര്യായമായി ചരിത്രത്താളുകളിൽ സ്ഥാനം കണ്ടെത്തിയ സംഭവങ്ങളാണ്. വടക്കൻ അയർലണ്ടിൽ വർഷങ്ങളായി ബ്രിട്ടീഷ് ഭരണത്തിനെതിരെ റോമൻ കത്തോലിക്കാ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിലെ തീവ്രവാദികൾ നടത്തിയ ഭീകരതാണ്ഡവങ്ങളും പ്രസിദ്ധമാണ്. ഇങ്ങനെ ലോകചരിത്രത്തിൽ നടന്ന മിക്ക ഭീകരപ്രവർത്തനങ്ങളും തന്നെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടിയായിരുന്നുവെന്നതാണ് യാഥാർഥ്യം.

അനേകായിരം സാധുജനങ്ങൾക്ക് മരണം സമ്മാനിച്ചും ഭീകരത സൃഷ്ടിച്ചും കടന്നുവന്ന സാമ്രാജ്യത്വാധിനിവേശമായിരുന്നു ആധുനിക ലോകത്ത് ടെററിസത്തെ വ്യാപകമാക്കിയത്. 1492ൽ മുസ്‌ലിം സ്പെയിനിലെ അവസാനത്തെ ഭരണാധികാരി അബൂഅബ്ദുല്ലയെ പുറത്താക്കിക്കൊണ്ട് സ്പാനിഷുകാർ അവിടെ ആധിപത്യം ഉറപ്പിച്ചതോടെയാണ് ലോകത്ത് സാമ്രാജ്യത്വാധിനിവേശം ആരംഭിച്ചത് എന്നാണ് ചരിത്രം. മുസ്‌ലിം സ്പെയിനിൽ ആധിപത്യം ഉറപ്പിച്ചുകൊണ്ട് അവരുടെ നേതാവായിരുന്ന കൊളംബസ് നടത്തിയ പ്രഖ്യാപനം അധിനിവേശം സമ്മാനിക്കുന്ന ഭീതിയുടെ തോത് വ്യക്തമാക്കുന്നുണ്ട്. "ഞാൻ ഉറപ്പിച്ചു പറയുന്നു, ദൈവസഹായത്താൽ ഞങ്ങൾ നിങ്ങളുടെ രാജ്യത്ത് ബലമായി പ്രവേശിക്കും. നിങ്ങളോട് ആവുംവിധം യുദ്ധം ചെയ്യും. നിങ്ങളെ ക്രിസ്ത്യൻ പള്ളിക്കും തമ്പ്രാക്കന്മാർക്കും കീഴ്പെടുത്തും. നിങ്ങളെയും ഭാര്യമാരെയും കുട്ടികളെയുമെല്ലാം പിടികൂടി അടിമകളാക്കും. നിങ്ങളുടെ വസ്തുക്കൾ പിടിച്ചടക്കും. ഞങ്ങളാലാവുന്ന എല്ലാ ദ്രോഹവും നാശവും നിങ്ങൾക്ക് വരുത്തും"(David E Stannard, American Holocaust, The conquest of the New World, OUP 1993, P 66)

അമേരിക്കൻ മണ്ണിൽ യൂറോപ്യൻ രാജ്യങ്ങൾ നടത്തിയ അധിനിവേശം അവിടുത്തെ മണ്ണിന്റെ മക്കളെ ക്രൂരമായ കൂട്ടക്കൊലയ്ക്ക് വിധേയമാക്കി. അവിടെ ജീവിച്ചിരുന്ന ആദിവാസികളിൽ 90 ശതമാനവും ആ മണ്ണിൽ നിന്നും നിഷ്കാസിതരായി. പിന്നീട് ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളും അറബ് രാജ്യങ്ങളും സാമ്രാജ്യശക്തികളുടെ കോളനികളായി മാറി. അൾജീരിയയും ജിബൂട്ടിയും തുനീഷ്യയും മൌറിത്താനിയയും ഫ്രാൻസിന്റെ കൈകളിലായി. സോമാലിയയും ലിബിയയും ഐരിത്രിയയും ഇറ്റലിയുടെയും ഒമാനും യെമനും ബഹ്റൈനും സൈപ്രസും ഈജിപ്തും സുഡാനും കുവൈത്തും ബ്രിട്ടന്റെയും അധീനതയിലായി. 1916ൽ ബ്രിട്ടനും ഫ്രാൻസും ചേർന്നുണ്ടാക്കിയ സൈക്സ്പിക്കോട്ട് രഹസ്യ കരാറനുസരിച്ച് ഉസ്മാനിയാ ഖലീഫയുടെ കീഴിലുണ്ടായിരുന്ന അറബ് പ്രവിശ്യകൾ ബ്രിട്ടനും ഫ്രാൻസും പങ്കിട്ടെടുത്തു. അങ്ങനെ ഇറാഖും ജോർദാനും പലസ്തീനും ഖത്തറും ബ്രിട്ടന്റെയും സിറിയയും ലബനാനും ഫ്രാൻസിന്റെയും പിടിയിലമർന്നു. മൊറോക്കോ സ്പെയിനിന്റെയും ഇന്തോനേഷ്യ ഡച്ചുകാരുടെയും കോളനികളായി. ഇന്ത്യയും അഫ്ഗാനിസ്ഥാനുമടക്കമുള്ള മറ്റു ചില രാജ്യങ്ങളിലും സാമ്രാജ്യത്വ ശക്തികൾ പിടിമുറുക്കി. ജർമനി, ഇറ്റലി, ജപ്പാൻ എന്നിവരടങ്ങിയ രാജ്യങ്ങൾ ഒരു ചേരിയിലും സോവിയറ്റ് റഷ്യ, അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നിവരടങ്ങിയ സഖ്യശക്തികൾ മറുചേരിയിലും നയിച്ച രണ്ടാം ലോകയുദ്ധം വിതച്ച നാശം ഭീകരമായിരുന്നു. യുദ്ധത്തിൽ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലുമായി അമേരിക്കയുടെ നേതൃത്വത്തിൽ നടത്തിയ അണുബോംബ് സ്ഫോടനത്തിൽ ലക്ഷക്കണക്കിന് മനുഷ്യർക്ക് ജീവഹാനി സംഭവിച്ചു. ഒരുപാട് പേർ അംഗവൈകല്യം സംഭവിച്ച് ജീവച്ഛവങ്ങളായി അവശേഷിച്ചു.

ഭീകരതയിൽ അധിഷ്ഠിതമായ ഇത്തരം അധിനിവേശങ്ങൾക്ക് സുന്ദരമുഖം നൽകാനാണ് സാമ്രാജ്യത്വശക്തികളും ലോക മാധ്യമങ്ങളും ശ്രമിച്ചത്. അതേസമയം അധിനിവേശത്തിനെതിരെ നടന്ന പോരാട്ടങ്ങൾക്ക് ഭീകരമുഖം നൽകുകയും സാമ്രാജ്യത്വത്തിനെതിരെ സംസാരിക്കുന്നവരെ മുഴുവൻ ഭീകരപ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അധിനിവേശത്തിനെതിരെ പല രാജ്യങ്ങളിലുമുണ്ടായ ജനമുന്നേറ്റങ്ങൾ ഫലം കാണുകയും സാമ്രാജ്യശക്തികൾക്ക് പിൻവാങ്ങേണ്ടി വരികയും ചെയ്തുവെങ്കിലും 'ഭിന്നിപ്പിച്ചു ഭരിക്കുക; ഭിന്നിപ്പിച്ചു നശിപ്പിക്കുക' എന്ന തത്വം നടപ്പാക്കി പിൻവാങ്ങിയ രാജ്യങ്ങളിലെല്ലാം അവർ ആഭ്യന്തര കുഴപ്പങ്ങൾക്ക് വിത്തുപാകിക്കൊണ്ടാണ് ഒഴിഞ്ഞുപോയത്. പിന്നീട് പല രാജ്യങ്ങളിലുമുണ്ടായ ആഭ്യന്തര കുഴപ്പങ്ങളിൽ ഏതെങ്കിലുമൊരു കക്ഷിയുടെ കൂടെ ചേർന്ന് കുഴപ്പങ്ങളുടെ

വ്യാപ്തി വർധിപ്പിക്കുവാൻ ശ്രമിക്കുകയും അതോടൊപ്പം തങ്ങളുടെ ആയുധങ്ങൾ വിറ്റഴിക്കാനുള്ള ഒരു മാർക്കറ്റ് ആയി അത്തരം രാജ്യങ്ങളെ ഉപയോഗിക്കുകയും ചെയ്തു. പല ഭീകരസംഘടനകൾക്കും ബീജാവാപം നൽകിയതിന്റെ പ്രധാന കാരണം സാമ്രാജ്യത്വ ശക്തികൾക്കെതിരെയുണ്ടായ അതിശക്തമായ പ്രതിഷേധമായിരുന്നുവെന്നതാണ് വസ്തുത. അറബ് മുസ്‌ലിം രാജ്യങ്ങളിൽ നിന്നുണ്ടായ പ്രതിഷേധങ്ങൾക്ക് മതത്തിന്റെ പരിവേഷം നൽകി ഇസ്‌ലാം ഭീകരതയെ താലോലിക്കുന്നുവെന്ന പ്രചാരണത്തിന് ആക്കം കൂട്ടാനാണ് ലോകപൊലീസ് ചമയുന്ന സാമ്രാജ്യത്വ ശക്തികൾ ശ്രമിച്ചത്.

ഇസ്‌ലാം സമാധാനത്തിന്റെയും സമർപ്പണത്തിന്റെയും ദർശനമാണ്. കാരുണ്യവും നന്മയുമല്ലാതെ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ഒരു ജീവനും ഹാനി വരുത്താൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ഒരാളെ വധിക്കുന്നത്, മുഴുവൻ മനുഷ്യരെയും വധിക്കുന്നതുപോലെയും, ഒരാൾക്കു ജീവനേകുന്നത് മുഴുവൻ മനുഷ്യർക്കും ജീവിതമേകുന്നതുപോലെയുമാണെന്ന് ക്വുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. പ്രവാചകന്റെ ജീവിതവും സ്വഭാവവും പരിശോധിച്ചാൽ അവയിൽ സൗമ്യതയുടെയും സഹിഷ്ണുതയുടെയും പാഠങ്ങൾ മാത്രമാണ് കാണാൻ സാധിക്കുക.

യുദ്ധം കൊണ്ട് പൊറുതിമുട്ടുമ്പോൾ യുദ്ധങ്ങളെ അവസാനിപ്പിക്കുന്നതിന് വേണ്ടി പ്രതിരോധം സൃഷ്ടിക്കാൻ മാത്രം ഇസ്‌ലാം നിർദേശിച്ചു. വ്യവസ്ഥിതികളോടുള്ള ഏറ്റുമുട്ടലുകളല്ല; പ്രത്യുത മനഃസ്ഥിതികളോടുള്ള സംവാദമാണ് വേണ്ടതെന്ന് പ്രവാചകൻ ജീവിതത്തിൽ കാണിച്ചുതന്നു. ജീവിതത്തിൽ പാലിക്കേണ്ട കൃത്യമായ നിയമങ്ങളും മര്യാദകളും പഠിപ്പിക്കുന്ന ഇസ്‌ലാം പൂർണമാവേണ്ടത് ഓരോ വ്യക്തിയിലുമാണ്. ഒരു പ്രദേശത്തെ വ്യക്തികൾ മുഴുവനും ഇസ്‌ലാം സ്വീകരിക്കുന്നതോടെ ആ രാജ്യത്ത് ഇസ്‌ലാമിക നിയമങ്ങൾ രൂപപ്പെടുന്നു. ഇസ്‌ലാമിക നിയമങ്ങൾ മറ്റുള്ളവർക്ക് മേൽ അടിച്ചേൽപ്പിക്കപ്പെടാനുള്ളതല്ല. ഭരണാധികാരികളിൽ ന്യൂനതകൾ കാണുമ്പോൾ അതിനെതിരെ കലാപം സൃഷ്ടിക്കുവാനല്ല മറിച്ച് അവരെ സദുപദേശങ്ങളിലൂടെ ശരിയായ ദിശയിലേക്ക് നയിക്കാനാണ് ശ്രമിക്കേണ്ടതെന്നുമാണ് ശരിയായ ഇസ്‌ലാമിക വീക്ഷണം. ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ തന്നെ ഭരണാധികാരികൾക്കെതിരെ യുദ്ധകാഹളം മുഴക്കി ശരിയായ ഇസ്‌ലാമിക മാർഗത്തിൽ നിന്നും വ്യതിചലിച്ച 'ഖവാരിജുകളുടെ' ആധുനിക രൂപങ്ങൾ ഇന്നും ലോകത്ത് നിലനിൽക്കുന്നുണ്ട്. ഇസ്‌ലാം ഒരു ഭരണത്തിന് കീഴിലല്ലാതെ പൂർണമാവില്ലെന്ന വിശ്വാസം വെച്ച് പുലർത്തുന്ന ഇത്തരം ആളുകളിൽ തീവ്രവാദം വളർന്നുവരിക സ്വാഭാവികമാണ്. ഇസ്‌ലാമിക നിയമങ്ങൾ നടപ്പാക്കുന്ന സൗദി അറേബ്യയെ പോലെയുള്ള ഇസ്‌ലാമിക രാജ്യങ്ങളെപ്പോലും അവിടുത്തെ ഭരണസംവിധാനത്തെ ചൂണ്ടിക്കാട്ടി അവർക്കെതിരെ അനിസ്‌ലാമിക ഫത്‌വകൾ നൽകാനും ഇക്കൂട്ടർ മടി കാണിക്കാറില്ല. ഭരണസംവിധാനം രാജഭരണം അഥവാ മൊണാർക്കി ആണെന്ന കാരണത്താൽ അതിനെ ഇസ്‌ലാമിക ഖിലാഫത്തെന്നു പറയാൻ പറ്റില്ലെന്ന പ്രചാരണം ഇവർ നടത്തുന്നു. ഇത്തരം അധ്യാപനങ്ങളാണ് ഐ. എസ്. പോലുള്ള ഭീകര സംഘങ്ങളിൽ ചേരാൻ ചില അറബ് ചെറുപ്പക്കാരെ പ്രേരിപ്പിച്ചത്.

ജനാധിപത്യ ഭരണസംവിധാനമുള്ള രാജ്യങ്ങളിൽ ജീവിക്കുന്നതും പ്രസ്തുത സംവിധാനത്തിൽ പങ്ക് പറ്റുന്നതും ശിർക്കും കുഫ്‌റുമാണെന്ന പ്രചാരണങ്ങളും സജീവമായി നിലനിന്നിരുന്നു. ഇന്ത്യയെ പോലെയുള്ള മതസ്വാതന്ത്ര്യവും പ്രബോധന സ്വാതന്ത്ര്യവും മൗലികാവകാശമായി പ്രഖ്യാപിച്ച രാജ്യങ്ങളിലെ ജനാധിപത്യ പ്രക്രിയകളിൽ നിന്നും മാറി നിൽക്കണമെന്നും പകരം ഇസ്‌ലാമിക വ്യവസ്ഥിതിക്ക് വേണ്ടി പണിയെടുക്കണമെന്നും ചിലർ ശക്തമായി വാദിച്ചിരുന്നു. അതിന്റെ പേരിൽ തെരഞ്ഞെടുപ്പുകളിൽ നിന്നും സർക്കാരിന്റെ കുഞ്ചികസ്ഥാനങ്ങളിൽ നിന്നും കലാലയങ്ങളിൽ നിന്നും മാറി നിൽക്കണമെന്ന ആശയം അതിതീവ്രമായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രതിലോമകരമായ ചിന്തകളിൽ നിന്നും കേരളീയ മുസ്‌ലിം സമൂഹത്തെ സംരക്ഷിച്ചത് ഇസ്വ്‌ലാഹി പ്രസ്ഥാനത്തിന്റെ പണ്ഡിതന്മാരുടെയും ജനാധിപത്യ മാർഗത്തിൽ സംഘടിച്ച രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സജീവമായ ഇടപെടലുകൾ കാരണമായിരുന്നു. രാജാധിപത്യമായിരുന്നാലും ജനാധിപത്യമായിരുന്നാലും അല്ലാഹുവിന്റെ മതനിയമങ്ങൾക്ക് ഭേദഗതി വരുത്താതെയുള്ള ഭൗതികകാര്യങ്ങളിൽ ഇടപെടുന്ന ഭരണഘടനയാണ് ഒരു രാജ്യത്തിനുള്ളതെങ്കിൽ അതിനെ അനുസരിക്കുന്നത് വഴി ഒരു മുസ്‌ലിമും ശിർക്കിലോ കുഫ്‌റിലോ അകപ്പെടില്ലെന്ന സന്ദേശം പ്രാമാണികമായി അവതരിപ്പിക്കാൻ ഇസ്വ്‌ലാഹി പണ്ഡിതന്മാർക്ക് സാധിച്ചു. കേരളമെന്ന കൊച്ചുപ്രദേശത്തെ മുസ്‌ലിം നവോത്ഥാനമുന്നേറ്റങ്ങൾക്ക് നിമിത്തമായതും ഇത്തരം അധ്യാപനങ്ങളായിരുന്നു.

ഇസ്‌ലാമിന്റെ പേരിൽ ഭീകരത പ്രചരിപ്പിച്ച് മുസ്‌ലിംകളിൽ ഭീകരത വളർത്തുന്ന ഇസ്‌ലാം വിരുദ്ധ ശക്തികളുടെ പ്രചണ്ഡമായ പ്രചാരണങ്ങളെയും ഇസ്‌ലാമിനെ കേവലം ഒരു സ്റ്റേറ്റായി അവതരിപ്പിച്ച് ഭീകരപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്ന പ്രവണതകളെയും തുറന്നെതിർക്കേണ്ടതുണ്ട്. തിരശ്ശീലകൾക്ക് പിന്നിലിരുന്ന് ഭീകര ആശയങ്ങൾ ആവിഷ്‌കരിക്കുകയും ഭീകരപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്യുന്ന യഥാർഥ ഭീകരവാദികൾ അനാവരണം ചെയ്യപ്പെടണം. അങ്ങനെ ഭീകരവാദത്തിന്റെ മുഖം മൂടികൾ അഴിപ്പിക്കുവാൻ യഥാർഥ ഇസ്‌ലാമിക പ്രബോധകർക്ക് സാധ്യമാവണം. ●

ശമീർ മദീനി
shameermadeeni@gmail.com



# മക്കൾ എന്ന പരീക്ഷണം

**"നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്" – ക്വുർആൻ 64:15.**

മക്കൾ ദൈവിക ദാനമെന്ന പോലെ ഒരു പരീക്ഷണവും കൂടിയാണ്. ധാർമിക മര്യാദകൾ പകർന്നു നൽകിക്കൊണ്ട് നല്ല രീതിയിൽ വളർത്തിക്കൊണ്ടു വന്നാൽ മക്കൾ ഇരുലോകത്തും അനുഗ്രഹവും അഭിമാനവുമായിരിക്കും. ചെറുപ്രായത്തിൽ അവരുടെ ധാർമിക ശിക്ഷണങ്ങളിൽ ശ്രദ്ധിക്കാതെ വിട്ടാൽ വലുതായാൽ അപമാനകരമായ പലതും അവരിൽ നിന്നുണ്ടായേക്കാം. അപ്പോൾ ഖേദിച്ചിട്ടോ, അവരെ മാത്രം കുറ്റം പറഞ്ഞിട്ടോ കാര്യമുണ്ടാകില്ല എന്നത് പ്രത്യേകം ഓർക്കുക. ഭാവിയിൽ തങ്ങൾക്കും നാടിനും നാട്ടാർക്കുമൊക്കെ ഉപകരിക്കുന്ന നല്ല മക്കളായിരിക്കണം നമ്മുടെ മക്കൾ എന്നാഗ്രഹിക്കുന്ന ഏതൊരു മാതാവും പിതാവും അവരുടെ ശാരീരിക വളർച്ചയിലെന്ന പോലെ ധാർമിക-സാംസ്കാരിക വളർച്ചയിലും ശ്രദ്ധിക്കേണ്ടതുണ്ട്. പ്രവാചകന്മാരായ സക്കരിയ്യാ നബി(ﷺ)യും ഇബ്റാഹീം നബി(ﷺ)യും സന്താനങ്ങൾക്ക് വേണ്ടി പ്രാർഥിച്ചപ്പോൾ പോലും അക്കാര്യം ശ്രദ്ധിച്ചതായി കാണാം. ക്വുർആൻ പറയുന്നു:

"അവിടെ വെച്ച് സകരിയ്യ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു" (3:38).

ഇബ്റാഹീം നബി(ﷺ) പ്രാർഥിച്ചു: "എന്റെ രക്ഷിതാവേ, സദ്വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ" (37:100).

മക്കളുമായി ബന്ധപ്പെട്ട് കുറെ കടമകൾ ഇസ്‌ലാം മാതാപിതാക്കളിലേൽപിക്കുന്നുണ്ട്. അവ കൃത്യമായി പാലിക്കാൻ തയാറായാൽ ഇരുലോകത്തും ഉപകരിക്കുന്ന നല്ല മക്കളായിത്തീരുമവർ എന്നതാണ് യാഥാർഥ്യം.

നല്ല പേര് വിളിക്കുക, മക്കളുടെ ശുചിത്വം, രണ്ട് വയസ്സുവരെ മുലയൂട്ടൽ എന്നിവയെല്ലാം അതിൽ ചിലതു മാത്രമാണ്. തന്റെ കുഞ്ഞിനെ മുലയൂട്ടാൻ മടിക്കുന്ന മാതാക്കൾ ആധുനിക ലോകത്ത് വർധിച്ചുവരുന്ന കാഴ്ചയാണ് നാം കാണുന്നത്. ദൈവിക കൽപന നിരസിക്കുന്നതിന്റെ അനന്തരഫലവും മറുവശത്ത് നമുക്ക് കാണാവുന്നതാണ്. സ്നേഹവും ആരോഗ്യവുമില്ലാത്ത മക്കളും സ്തനാർബുദ രോഗികളായ മാതാക്കളുമൊക്കെ അതിന്റെ പ്രത്യാഘാതമാണെന്ന കണ്ടെത്തൽ നാം അവഗണിച്ചുകൂടാ.

തിരക്കിനിടയിൽ മക്കളെ എടുക്കാനോ ചുംബിക്കാനോ ലാളിക്കാനോപോലും സമയമില്ലാത്ത; എല്ലാം വേലക്കാരികളെ ഏൽപിക്കുന്ന ആധുനിക സമൂഹം മതിയായ പ്രായശ്ചിത്തം ചെയ്യേണ്ടി വരുമെന്നതിൽ സംശയമില്ല. കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയിൽ അവയ്ക്കൊക്കെ നിർണായക പങ്കുണ്ട്. നബി(ﷺ) ഒരു രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തങ്ങളുള്ള ആളായിരുന്നിട്ടുകൂടി മക്കളെ എടുക്കുവാനും ചുംബിക്കുവാനും അവരോടൊപ്പം കളിക്കുവാനുമൊക്കെ സമയം കണ്ടെത്തിയിരുന്നു.

അമിതലാളനയും അപകടമാണ്. ശാസനയും ഉപദേശവും വേണ്ടിടത്ത് അത് നൽകാനും നബി(ﷺ) ശ്രദ്ധിച്ചിരുന്നു. സ്നേഹത്തോടും മാന്യമായ രീതിയിലുമാണ് നബി(ﷺ) അത് നിർവഹിച്ചത്. തങ്ങൾ ശ്രദ്ധിക്കേണ്ട ഇത്തരം കാര്യങ്ങളിലും മറ്റുള്ളവരോട് പരാതി പറയുന്നവരാണ് മിക്ക മാതാപിതാക്കളും.

മക്കൾക്കിടയിൽ വേർതിരിവ് കൽപിക്കാതെ നീതിയോടെ വർത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കാനും ദരിദ്രരാക്കി വിട്ടേക്കാതെ സമ്പാദിച്ചു കൊടുക്കാനുമൊക്കെ ശ്രദ്ധിക്കുന്നതോടൊപ്പം ആദർശവും സംസ്കാരവും പകർന്നുകൊടുക്കാൻ ചെറുപ്പത്തിലെ തന്നെ ശ്രദ്ധിക്കേണ്ടതുണ്ട്.

മക്കൾ സ്രഷ്ടാവിന്റെ സമ്മാനവും അതേസമയം പരീക്ഷണവുമാണെന്ന ബോധം മാതാപിതാക്കൾക്കുണ്ടാകണം. അവരുടെ സുഖത്തിനും ക്ഷേമത്തിനും വേണ്ടി പരലോകം മറന്നുള്ള ജീവിതം നയിച്ചുകൂടാ. അവരോടൊപ്പം സ്വർഗത്തിലെത്താനുള്ള താൽപര്യമാണ് മികച്ചു നിൽക്കേണ്ടത്. ●

ദുൽക്കർഷാൻ. എ
dulkaralr@gmail.com



# സത്യസന്ധത കാത്തുസൂക്ഷിക്കുക

സ്കൂൾ അടക്കാൻ കാത്തിരിക്കുകയായിരുന്നു ഫഹദ്, ഉമ്മയുടെ വീട്ടിൽ പോകാൻ. ഫഹദിന്റെ ഉമ്മാക്ക് രണ്ട് സഹോദരങ്ങൾ ഉണ്ട്. സ്നേഹ സമ്പന്നരായ, ഫഹദിന്റെ രണ്ട് അമ്മാവന്മാർ. മൂത്ത അമ്മാവന് നാല് മക്കളും ചെറിയ അമ്മാവന് രണ്ട് മക്കളുമുണ്ട്. എല്ലാവരും നല്ല കുട്ടികളാണ്. ഫഹദിന് വലിയ ഇഷ്ടമായിരുന്നു അവരെ; അവർക്ക് ഫഹദിനെയും.

സ്കൂൾ ഒന്നോ രണ്ടോ ദിവസത്തേക്ക് താൽക്കാലികമായി അടക്കുമ്പോൾ പോലും ഫഹദ് വിരുന്ന് പോകാൻ വളരെയധികം താൽപര്യം കാണിക്കും. കാരണം, കൂട്ടുകൂടാനും, കളിക്കാനും ഉമ്മാന്റെ വീട്ടിൽ തന്നെ പോകണം. സ്വന്തം വീട്ടിൽ കളിക്കാനും കൂട്ടുകൂടാനും ആരുമില്ല. ആകെയുള്ളത് ഒരു കൊച്ചനുജത്തി ഫസ്‌ല മാത്രമാണ്. നടന്നു തുടങ്ങാത്ത അവളോടൊപ്പം കളിക്കാൻ കഴിയില്ലല്ലോ.

ഉപ്പയാണെങ്കിൽ രാവിലെ ഓഫീസിലേക്ക് പോയാൽ വൈകുന്നേരം അഞ്ച് മണി കഴിയും വീട്ടിൽ തിരിച്ചെത്താൻ. രാവിലെ ഉമ്മ ഉപ്പാക്ക് ഓഫീസിലേക്ക് കൊണ്ടുപോകാനുള്ള ഭക്ഷണം പാകം ചെയ്യുന്ന തിരക്കിലായിരിക്കും. അതുകഴിഞ്ഞാൽ ഫഹദിനും കുഞ്ഞുപെങ്ങൾക്കും ചായ കൊടുക്കും. പിന്നെ വീട്ടിലെ മറ്റു ജോലികളിൽ മുഴുകും. ഇടക്കിടക്ക് കുഞ്ഞുപെങ്ങളെ പരിചരിക്കും. അവൾ അത്രക്കും ചെറുതാണല്ലോ!

ഫഹദിനെ വീടിന് പുറത്തേക്ക് വിടുമായിരുന്നില്ല അവന്റെ ഉമ്മ. വീടിനുമുന്നിൽ തിരക്കേറിയ റോഡാണ്. ഉപ്പയുടെ നിർദേശവുമുണ്ട് മോനെ ഗെയ്റ്റിനു പുറത്തേക്ക് കളിക്കാൻ വിടരുതെന്ന്.

അതിനാൽ സ്കൂൾ അവധി അടിച്ചുപൊളിക്കാൻ ഫഹദ് ഉമ്മയുടെ വീട്ടിൽ പോകും. ഈ വർഷത്തെ സ്കൂൾ അവധിക്ക് ഫഹദ് വിരുന്ന് പോയി. കളിയും തമാശയുമായി ഒന്നാമത്തെ ദിവസം അമ്മാവന്മാരുടെ മക്കളുടെ കൂടെ ചെലവഴിച്ചു.

പിറ്റേദിവസം വീട്ടിൽ നല്ലബഹളം കേട്ടുകൊണ്ടാണ് ഫഹദ് ഉണർന്നത്. അമ്മാവന്റെ പേഴ്സ് കാണാനില്ല! അതാണ് പ്രശ്നം. എല്ലാവരും നല്ല തിരച്ചിലിലാണ്. ഫഹദും ഒപ്പംകൂടി അമ്മാവന്റെ പേഴ്സ് തിരയാൻ. അമ്മാവനാകട്ടെ ജോലിക്ക് പോകാൻ സമയം വൈകിയ ദേഷ്യത്തിലും. അവസാനം അമ്മാവന്റെ ഷർട്ട് അലക്കാൻ ഇട്ടിരുന്ന സ്ഥലത്ത് നിന്ന് ഫഹദിന് പേഴ്സ് കിട്ടി. അവൻ അതുമായി അമ്മാവന്റെ അടുക്കലേക്ക് സന്തോഷത്തോടെ ഓടിച്ചെന്നു.

ഇതുകണ്ട അമ്മായി അവനെ തുറിച്ചുനോക്കി. അവനോട് പറഞ്ഞു: "അതുശരി, നീയാണല്ലേ അമ്മാവന്റെ പേഴ്സ് മോഷ്ടിച്ചത്."

അമ്മാവനും അതുശരിയാണെന്ന് കരുതി. പിടിക്കപ്പെടുമെന്ന് കണ്ടപ്പോൾ തിരിച്ചുകൊടുത്തതാണെന്ന് അവർ ഊഹിച്ചു. അവർ ഫഹദിനെ നന്നായി വഴക്ക് പറഞ്ഞു. അവന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവൻ അന്നുതന്നെ തന്റെ വീട്ടിലേക്ക് തിരിച്ചു.

വീട്ടിലെത്തിയ ഫഹദ് ഉമ്മയോട് സംഭവിച്ചതെല്ലാം പറഞ്ഞു. ഉമ്മാക്കും സങ്കടമായി. ഉമ്മാക്ക് അറിയാമായിരുന്നു ഫഹദ് നല്ലകുട്ടിയാണെന്നും അവൻ ഒന്നും മോഷ്ടിക്കില്ല എന്നും. ഉമ്മ ഫഹദിനെ സമാധാനിപ്പിച്ചു. അവനോട് പറഞ്ഞു: "ആര് നമ്മെ വിമർശിച്ചാലും ആക്ഷേപിച്ചാലും കുറ്റപ്പെടുത്തിയാലും ശരി നാം നമ്മുടെ സത്യസന്ധതയും സൽസ്വഭാവവും കാത്തുസൂക്ഷിക്കണം. നമ്മൾ മറ്റുള്ളവർക്ക് മാതൃകയാകണം. ഇന്നല്ലെങ്കിൽ നാളെ നമ്മുടെ സത്യസന്ധതയും സൽസ്വഭാവവും മറ്റുള്ളവർ തിരിച്ചറിയും. അവർ നിന്നെ തെറ്റിദ്ധരിച്ചതാണ്. ഞാൻ അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാം.''

ഇത് കേട്ട ഫഹദിന് തന്റെ പ്രവർത്തിയിൽ അഭിമാനം തോന്നി. അവൻ വളരെയധികം സന്തോഷിച്ചു.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com





# വഴിയോര പുസ്തകക്കച്ചവടക്കാരൻ

ഓഫീസിൽ കയറിവന്ന ആ യുവാവ് എന്നെ കണ്ടപ്പോൾ പരിചയ ഭാവത്തിൽ ചിരിച്ചെങ്കിലും പെട്ടെന്നെനിക്ക് ആളെ മനസ്സിലായില്ല. ഞാൻ തിരിച്ചറിഞ്ഞില്ലെന്ന പരിഭവത്തോടെ അവൻ എന്നെ വർഷങ്ങൾക്ക് പിന്നിലേക്ക് കൂട്ടിക്കൊണ്ടുപോയി. രണ്ട് പതിറ്റാണ്ട് മുമ്പ് മറ്റൊരു ജില്ലയിൽ മറ്റൊരു ഓഫീസിലായിരിക്കെ നടന്ന സംഭവങ്ങൾ മനസ്സിൽ തെളിഞ്ഞു വന്നു. മീശമുളക്കാത്ത ഒരു പയ്യൻ അന്ന് പുസ്തകങ്ങൾ വിൽക്കാൻ ഓഫീസിലെത്താറുണ്ടായിരുന്നു. പഠനച്ചെലവിന് ഇടക്ക് ക്ലാസ്സിൽ പോകാതെ പുസ്തകം വിറ്റ് കാശുണ്ടാക്കാനായിരുന്നു കച്ചവടം. ആവശ്യമില്ലെങ്കിൽ പോലും ഞങ്ങൾ അവനെ സഹായിക്കാനായി പുസ്തകങ്ങൾ വാങ്ങാറുണ്ടായിരുന്നു. അവന്റെ കൈവശമില്ലാത്ത ഗ്രന്ഥം ആവശ്യപ്പെട്ടാൽ ഒട്ടൊരു വിഷമത്തോടെ ഇല്ലെന്ന് പറയുകയും അടുത്ത തവണ കൊണ്ടുവരാമെന്ന് പറയുകയും വാക്ക് പാലിക്കുകയും ചെയ്യാറുണ്ടായിരുന്നു.

പണ്ടത്തെ അപേക്ഷിച്ച് ഇപ്പോൾ ഇത്തിരി നിറവും തടിയും മിനുപ്പും ഒപ്പം കട്ടിമീശയുമുണ്ട്. കഠിനാധ്വാനിയായിരുന്ന അവൻ മിടുക്കനാണെന്ന് അന്നേ ഞങ്ങൾ പറയാറുണ്ടായിരുന്നു. ഇന്ന് അവനു സ്വന്തമായി ഭൂമിയുണ്ട്, വീടുണ്ട്, വ്യാപാര സ്ഥാപനമുണ്ട്, കച്ചവട ആവശ്യത്തിനു ലോറികളുണ്ട്, യാത്രക്ക് സ്വന്തമായി കാറുമുണ്ട്, ജോലിക്കാർ വേറെയും! മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കാർഷിക ഉപകരണങ്ങളും മറ്റു വസ്തുക്കളും കൊണ്ടുവന്ന് കടകളിൽ വിതരണം ചെയ്യുന്ന നല്ല വ്യാപാരിയാണിന്നവൻ.

പണ്ട് തെങ്ങു കയറാൻ ആളെ കിട്ടുന്നില്ലെന്നു പരിഭവം പറഞ്ഞ സുഹൃത്തിനോട് ആളെ കിട്ടിയില്ലെങ്കിൽ ഞാൻ ഏർപാട് ചെയ്യാം എന്ന് അവൻ പറഞ്ഞപ്പോൾ ആരാണു പരിചയമുള്ള പണിക്കാരൻ എന്ന് ചോദിച്ചത് ഓർത്തു പോയി. അതിനു തയ്യാറുള്ള പണിക്കാരൻ അവൻ തന്നെയായിരുന്നു.


സഹപ്രവർത്തകർക്കും മറ്റും ഞാൻ അവൻ എന്റെ സുഹൃത്താണെന്ന് പരിചയപ്പെടുത്തി. അവൻ പോയപ്പോൾ അവന്റെ പഴയകാല കഥകൾ വിവരിച്ചുകൊടുത്തു. ഞാനില്ലെങ്കിലും അവന് പ്രത്യേക പരിഗണന നൽകണമെന്നും ഓർമിപ്പിച്ചു.

ജീവിതമെന്നത് വിസ്മയിപ്പിക്കുന്ന ഒന്നാണ്. പണ്ട് കണ്ട പലരെയും മാറിയ വേഷത്തിലും ഭാവത്തിലുമാണ് പിന്നീട് കാണുന്നത്. പണക്കാരൻ ദരിദ്രനാകുന്നു. പണിക്കാരൻ സമ്പന്നനാകുന്നു. തൊഴിലാളി മുതലാളിയാകുന്നു... അങ്ങനെയങ്ങനെ... ചിന്തോദ്ദീപകമായ എന്തെല്ലാം!

പണിക്കാരൻ പെട്ടെന്ന് പണക്കാരനാകുമ്പോൾ ഭൂതകാല കാര്യങ്ങൾ മറന്ന് അഹങ്കാരിയായി നടക്കുന്നതും നല്ലകാലത്ത് ആരെയും ഗൗനിക്കാതെ പത്രാസിൽ നടന്നിരുന്നവർ ആകെ തകർന്ന് നടക്കുന്നതും നമ്മൾ കാണുന്നു. ഏത് അവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതെ ജീവിക്കുക എന്നതാണ് ബുദ്ധി.

ഇന്നു ഞാൻ, നാളെ നീ...! ഇന്നത്തെ ആരെല്ലാം നാളെ സമ്പന്നരാകുമെന്നോ, ദരിദ്രരാകുമെന്നോ ഉള്ള വിവരം നമ്മുടെ അറിവിനപ്പുറമാണല്ലോ.

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com



ലേഖനം

# ശൈഖ് നാസിറുദ്ദീൻ അൽ അൽബാനി

## ഹദീഥ് വിജ്ഞാനങ്ങളിലെ ആധുനിക നക്ഷത്രം

**ഈ** നൂറ്റാണ്ടിൽ ലോകം കണ്ട ഏറ്റവും വലിയ ഹദീഥ് പണ്ഡിതൻ എന്ന് മുസ്‌ലിം ലോകം ഏകകണ്ഠമായി അംഗീകരിച്ച മഹാപണ്ഡിതനാണ് ശൈഖ് നാസിറുദ്ദീൻ അൽ അൽബാനി(റഹി). പ്രവാചക വചനങ്ങൾ എന്ന പേരിൽ പിൽക്കാലത്ത് വ്യാജമായി നിർമിക്കപ്പെട്ടവയും ദുർബലങ്ങളുമായവയെ കൃത്യമായി പഠന വിധേയമാക്കുകയും അവയെ സമൂഹത്തിന് കാര്യകാരണ സഹിതം വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്ന രംഗത്ത് അതുല്യമായ സേവനങ്ങളാണ് അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ ജീവചരിത്രവും ഹദീഥ് രംഗത്ത് അദ്ദേഹം ചെയ്ത സേവനങ്ങളും ഹ്രസ്വമായി സൂചിപ്പിക്കുകയാണ് ഈ ലേഖനത്തിൻെറ ലക്ഷ്യം.

**ജനനം, ശൈശവം**

ഹിജ്റ വർഷം 1332ൽ യൂറോപ്യൻ രാജ്യങ്ങളിൽപെട്ട അധികം പുരോഗതി പ്രാപിക്കാൻ ഇനിയും സാധിച്ചിട്ടില്ലാത്ത അൽബേനിയയിലെ ഉശ്ഖൂദറ എന്ന ഗ്രാമത്തിലാണ് ശൈഖിന്റെ ജനനം. നാട്ടിലെ ജീവിതം ദുസ്സഹമായതിനാൽ അദ്ദേഹത്തിന്റെ കുടുംബം സിറിയൻ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. ശൈശവം മുതൽ മരണം വരെയും ശൈഖ് പിന്നീട് അവിടെ തന്നെയാണ് വസിച്ചത്. ഹിജ്റ 1420ൽ തന്റെ 88-ാം വയസ്സിൽ ഉമ്മാൻ എന്ന പ്രദേശത്ത് വെച്ച് അദ്ദേഹം മരണപ്പെടുകയും ചെയ്തു. പൂർണ നാമം അബൂഅബ്ദുറഹ്മാൻ മുഹമ്മദ് നാസിറുദ്ദീൻ ഇബ്നുൽഹാജ് നൂഹ്ബ്നു നബാതി ഇബ്നു ആദം അൽ ഉശ്ഖൂദരീ അൽഅൽബാനി അൽഅർനാഊത്വീ എന്നാണ്.

**പഠനം**

വിദ്യനേടാനുള്ള രണ്ട് മാർഗങ്ങളിലൂടെയും ശൈഖ് വിദ്യ നേടി.

1. ഗുരുനാഥർ വഴി

ശൈഖ് അൽബാൽനി(റഹി)യുടെ ഗുരുനാഥന്മാരിൽ പ്രഥമസ്ഥാനം സ്വന്തം പിതാവിനു തന്നെയാണ്.

ക്വുർആൻ, ഭാഷ, ഹനഫി കർമശാസ്ത്ര ഗ്രന്ഥം തുടങ്ങിയവ അദ്ദേഹം പിതാവിൽ നിന്ന് പഠിച്ചു. ഹനഫി കർമശാസ്ത്ര ഗ്രന്ഥമായ മിറാഖീ അൽ ഫലാഹ്, അറബി വ്യാകരണത്തിൽ ശുദൂറു അദ്ദഹബ്, ഭാഷാ സാഹിത്യ ഗ്രന്ഥങ്ങൾ എന്നിവ ശൈഖ് സഈദ് അൽ ബുർഹാനിയിൽ നിന്ന് അദ്ദേഹം പഠിച്ചു. കൂടാതെ ശൈഖ് മുഹമ്മദ് ബഹ്ജത് അൽ ബൈത്വാർ, ശൈഖ് ഇസ്സുദ്ദീൻ അത്തനൂഖി എന്നിവരുമായി സഹവസിക്കുകയും അവരുടെ മജ്ലിസുകളിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു.

ധാരാളം ശൈഖുമാരിൽ നിന്നും ദീർഘകാലം ഔദ്യോഗിക ശിഷ്യത്വം സ്വീകരിച്ച് വിദ്യ നേടാൻ ശൈഖ് അൽബാനിക്ക് അവസരം ലഭിച്ചിട്ടില്ല എന്ന് ചില അൽബാനി വിരോധികൾ ആക്ഷേപിക്കാറുണ്ട്. തുല്യതയില്ലാത്ത വായനയും ലോകപ്രശസ്ത പണ്ഡിതന്മാരുടെ അംഗീകാരവും ശൈഖിന്റെ ഗ്രന്ഥങ്ങൾക്ക് ലോകത്ത് തന്നെ ലഭിച്ച സ്വീകാര്യതയും എല്ലാം തന്നെ ധാരാളമാണ് ഇത്തരം മുടന്തൻ ന്യായങ്ങൾക്ക് മറുപടിയായിട്ട്.

2. ഗ്രന്ഥങ്ങൾ വഴി

ഗുരുമുഖത്ത് നിന്ന് വിദ്യ തേടുംപോലെ തന്നെ പ്രധാനമായൊരു മാർഗമാണ് അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ രചിച്ച ഗ്രന്ഥങ്ങൾ വായിക്കലും. ആ രംഗത്ത് ഒരു അത്ഭുതം തന്നെയാണ് ശൈഖ് അൽബാനി(റഹി). കേവല വായന എന്നതിനപ്പുറം ഓരോ ഗ്രന്ഥവും സൂക്ഷ്മമായി വിലയിരുത്തുകയും അതിൽ വന്ന ഓരോ ഹദീഥിന്റെയും പരമ്പരകൾ പഠന വിധേയമാക്കുകയും, ഓരോ റിപ്പോർട്ടറെ കുറിച്ചും ഹദീഥ് നിദാനശാസ്ത്ര രംഗത്തെ പൂർവികർ എന്ത് പറഞ്ഞുവെന്ന് അവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാക്കുകയും ചെയ്യുക എന്ന ഏറെ ശ്രമകരമായ ദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്. അതോടൊപ്പം കർമശാസ്ത്രപരമായ മസ്അലകളിൽ പ്രമാണം അടിസ്ഥാനമാക്കി മാത്രം -മദ്ഹബീ പക്ഷപാദിത്വം ഒട്ടുമില്ലാതെ- വിശകലനം ചെയ്തു എന്നതും ശൈഖിന്റെ സവിശേഷതയാണ്. എന്നാൽ ഒരൊറ്റ മസ്അലയിലും സ്വന്തം അഭിപ്രായം അദ്ദേഹം പറഞ്ഞിട്ടുമില്ല. ഏതൊരു വിഷയത്തിലും ഒരു മുൻഗാമിയുടെയെങ്കിലും മാതൃകയില്ലാതെ ഞാൻ അഭിപ്രായം പറഞ്ഞിട്ടില്ല എന്ന് ശൈഖ് തന്നെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

അറിവ് നേടുന്നതുമായി ബന്ധപ്പെട്ട് ഇമാം ശാത്വിബി(റഹി) പറഞ്ഞ ചില യാഥാർഥ്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നത് ഏറെ പ്രസക്തമാണെന്ന് തോന്നുന്നു. അദ്ദേഹം പറഞ്ഞു: ശരിയായ ലക്ഷണമൊത്ത ഒരു പണ്ഡിതന് മൂന്ന് ലക്ഷണങ്ങൾ കാണാം.1. അയാൾ പഠിച്ചത് പ്രാവർത്തികമാക്കും. അതുവഴി അയാളുടെ വാക്കും പ്രവർത്തിയും യോജിക്കുന്നു. 2. ആ വിജ്ഞാന മേഖലയിലെ മാതൃകായോഗ്യരായ പണ്ഡിതന്മാരുടെ ശിക്ഷണത്തിൽ വളർന്നവനായിരിക്കും അയാൾ. അവരുടെ കൂടെ സഹവസിക്കുകയും അവരിൽ നിന്ന് വിദ്യനേടുകയും ചെയ്യുക വഴി അവരുടെ നല്ല മാതൃകകൾ അയാളും ജീവിതത്തിൽ പാലിക്കും. മുൻഗാമികൾ അപ്രകാരമായിരുന്നു. 3. താൻ ആരിൽ നിന്നാണോ വിദ്യ നേടിയത് അവരെ പിന്തുടരുകയും അവരിൽ നിന്ന് മാതൃക ഉൾക്കൊള്ളുകയും ചെയ്യും. സ്വഹാബികൾ പ്രവാചകരെയും താബിഉകൾ സ്വഹാബികളെയും മാതൃകയാക്കിയതുപോലെ. എല്ലാ തലമുറകളും ഇപ്രകാരം തന്നെയാണ് (തുടർന്ന് പോന്നത്).

അർഹരിൽ നിന്ന് മാത്രമെ വിജ്ഞാനം നേടാവൂ എന്ന് ബോധ്യപ്പെട്ടുവല്ലോ. അതിന് രണ്ട് മാർഗങ്ങളാണുള്ളത്. 1. ഗുരുമുഖത്ത് നിന്ന് നേരിട്ട് പഠിക്കുക. ഈ മാർഗമാണ് രണ്ട് കാരണങ്ങളാൽ ഏറ്റവും പ്രയോജനപ്രദവും സുരക്ഷിതവുമായ മാർഗം. അധ്യാപകന്റെയും വിദ്യാർഥിയുടെയും ഇടയിൽ അല്ലാഹു നൽകുന്ന ചില സവിശേഷതകളുണ്ട്. അറിവുമായും പണ്ഡിതന്മാരുമായും ബന്ധമുള്ള എല്ലാവർക്കുമിത് മനസ്സിലാകും. വിദ്യാർഥിക്ക് സ്വയം ഗ്രഹിക്കാനാവാത്ത പല കാര്യങ്ങളും അധ്യാപകന്റെ സാന്നിധ്യത്തിൽ അവന് ഗ്രഹിക്കാൻ സാധിക്കും.

മുൻഗാമികൾ തങ്ങളുടെ ഗുരുവര്യന്മാരിൽ നിന്നും (കേൾക്കുന്നത്) അധികം എഴുതാറുപോലും ഉണ്ടായിരുന്നില്ല. കാരണം, അവർക്കത് വെറുപ്പായിരുന്നു. ഇമാം മാലിക്ﷺ (തന്നിൽ നിന്ന് കേൾക്കുന്നത്) എഴുതുന്നതിൽ നിന്ന് അനിഷ്ടം കാണിച്ചപ്പോൾ അദ്ദേഹത്തോട് ചോദിച്ചു: പിന്നെ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? അദ്ദേഹം പറഞ്ഞു: നിങ്ങളത് ഗ്രഹിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുക. എങ്കിൽ നിങ്ങളുടെ ഹൃദയത്തിന് ഒരു വെളിച്ചംകിട്ടും. പിന്നീട് നിങ്ങൾക്ക് എഴുതേണ്ട ആവശ്യമുണ്ടാകില്ല. (അൽ മുവാഫഖാത്ത്. 1/91).

ഏറ്റവും നല്ല വഴി ഗുരുമുഖത്ത് നിന്ന് നേരിട്ട് പഠിക്കലാണ് എന്ന് വ്യക്തം. എന്നാൽ ഗുരുമുഖത്ത് നിന്ന് പഠിക്കാത്തവരെല്ലാം ഒന്നിനും കൊള്ളത്തവരാണെന്നോ, ഗുരുമുഖത്ത് നിന്ന് പഠിച്ചവർ എല്ലാം തികഞ്ഞവരാണെന്നോ ഇതിനർഥമില്ല.

വിദ്യ നേടാനുള്ള രണ്ടാമത്തെ മാർഗം ഗ്രന്ഥങ്ങളിലൂടെയാണ്. അത് ഇമാം ശാത്വിബി ﷺ ഇപ്രകാരം വിശദീകരിക്കുന്നു:

“വിജ്ഞാനം കരസ്ഥമാക്കാനുള്ള ര

ണ്ടാമത്തെ മാർഗം രചയിതാക്കളുടെ രചനകളും ഗ്രന്ഥങ്ങളും അവലംബിക്കലണ്. രണ്ട് നിബന്ധനകൾ പാലിക്കണമെന്ന് മാത്രം. 1. ആ വിജ്ഞാന ശാഖയിലെ സാങ്കേതിക ശബ്ദങ്ങളും അതിന്റെ ഉദ്ദേശ്യങ്ങളും ആ ഗ്രന്ഥങ്ങൾ ഗ്രഹിക്കാൻ പര്യാപ്തമായ നിലയിൽ ഉൾക്കൊണ്ടവനായിരിക്കണം. അത് നാം നേരത്തെ പറഞ്ഞത് പ്രകാരം പണ്ഡിതന്മാരിൽ നിന്ന് നേരിട്ട് നേടുക തന്നെ വേണം. 'അറിവ് ചിലരുടെ ഹൃദയങ്ങളിലായിരുന്നു. പിന്നീടത് ഗ്രന്ഥങ്ങളിലേക്ക് മാറി. അതിന്റെ താക്കോൽ ചിലരുടെ കൈകളിലാകുന്നു' എന്ന് മുൻഗാമികളിൽ ആരോ പറഞ്ഞത് ഈ ഒരർഥത്തിലാകുന്നു" (അൽമുവാഫകാത്ത്;1/97).

ശൈഖ് അൽബാനിയിൽ ഈ രണ്ട് മാർഗങ്ങളും സംഗമിച്ചിട്ടുണ്ട് എന്നർഥം. അർഹരായ ഗുരുവര്യന്മാരിൽ നിന്ന് വിജ്ഞാനശാഖകളിലെ സാങ്കേതികതകൾ മനസ്സിലാക്കിയ അദ്ദേഹം രണ്ടാമത്തെ മാർഗമായ ഗ്രന്ഥപാരായണത്തിൽ മുഴുകി. ആ രംഗത്ത് അഭൂതപൂർവമായ ഉന്നതിയിലേക്ക് അദ്ദേഹം എത്തി. അദ്ദേഹത്തിന്റെ സമകാലീനരും ശേഷക്കാരുമായ മുസ്‌ലിംലോകം ഒന്നടങ്കം അംഗീകരിച്ച് പോരുന്ന മുഴുവൻ പണ്ഡിതരും അദ്ദേഹത്തിന്റെ മഹത്ത്വം അംഗീകരിക്കുകയും അദ്ദേഹത്തെ ഏറെ പുകഴ്ത്തുകയും ചെയ്തത് അതിന് മതിയായ തെളിവാണ്. ഈ കാലഘട്ടത്തിലെ മുഹദ്ദിഥ് എന്നും, സിറിയയിലെ മുഹദ്ദിഥ്എന്നും പണ്ഡിത ലോകത്ത് അദ്ദേഹം അറിയപ്പെടുന്നു. ശൈഖ് മുഹമ്മദ് ബിൻ ഉമർ ബിൻ സാലിം ബാസ്മൂൽ ﷺ പറയുന്നു: 'ഇദ്ദേഹം ഈ കാലഘട്ടത്തിലെ ശൈഖുൽ ഹദീഥാണ്. മുഹദ്ദിഥുശ്ശാം എന്ന സ്ഥാനപ്പേരിൽ അദ്ദേഹം അറിയപ്പെടുന്നു. എന്നാൽ മുഹദ്ദിഥുദ്ദുൻയാ എന്ന സ്ഥാനപ്പേർ നൽകപ്പെടാൻ അദ്ദേഹം അർഹനാണ്" (ശറഹു സ്വിഫതിസ്സ്വലാത്ത്: പേജ് 5).

**വിമർശനങ്ങളും വസ്തുതയും**

ശൈഖ് അൽബാനിക്ക് നേരെ ഈ അടുത്ത കാലങ്ങളിലായി പല വിമർശനങ്ങളും ഉയർന്നുവന്നിട്ടുണ്ടെങ്കിലും അവയൊന്നും യഥാർഥത്തിൽ മറുപടി അർഹിക്കുന്നതല്ല. മുമ്പ് മദ്ഹബീ പക്ഷപാതികളും ക്വബ്ർ പൂജകരുമാണ് അദ്ദേഹത്തെ വിമർശിച്ചിരുന്നതെങ്കിൽ, സലഫികളാണ് തങ്ങൾ എന്ന് അവകാശവാദം ഉന്നയിക്കുന്ന ചിലരാണ് ഈ വിമർശനവുമായി ഇപ്പോൾ രംഗത്ത് വന്നുകൊണ്ടിരിക്കുന്നത്.

**ഇരുനൂറിലധികം ഗ്രന്ഥങ്ങൾ സമൂഹത്തിന് നൽകിക്കൊണ്ടാണ് ശൈഖ് അൽബാനി(റഹി) ഈ ലോകത്തോട് വിടവാങ്ങിയത്. മുസ്‌ലിം സമൂഹം അവലംബിക്കുന്ന പല ഗ്രന്ഥങ്ങളിലും വന്ന ദുർബലവും നിർമിതവുമായ ഹദീഥുകളെയും അവ സമൂഹത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതിന്റെ ആവശ്യകതയെയും വ്യക്തമാക്കുന്ന ഒരു ലേഖനം ശൈഖ് റശീദ് രിദയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്ന അൽമനാർ മാസികയിൽ പ്രസിദ്ധീകരിച്ചു. ആ ലേഖനമാണ് യഥാർഥത്തിൽ ശൈഖ് അൽബാനി(റഹി)യെ ഹദീഥ് നിരൂപണ രംഗത്തേക്ക് തിരിച്ചത്.**

അറിവില്ലാത്തവൻ, ഗുരുനാഥന്മാരില്ലാത്തവൻ, അഖീദയിൽ പിഴവ് സംഭവിച്ചവൻ, ഹദീസ് നിദാന രംഗത്ത് മുൻഗാമികൾക്ക് പരിചയമില്ലാത്ത രീതി അവതരിപ്പിച്ചവൻ, പരസ്പര വൈരുധ്യം ആ രംഗത്ത് പറഞ്ഞവൻ എന്ന് തുടങ്ങി അദ്ദേഹം ദാഹിരീ മദ്ഹബ്കാരനാണെന്നും ഒരു വേള മുർജിഅ് ചിന്താഗതിക്കാരനാണെന്നും വരെ പറയാൻ അത്തരക്കാർ ധാർഷ്ട്യം കാണിക്കുന്നു! അല്ലാഹുവിൽ ശരണം.

ഏത് കാലഘട്ടത്തിലും ജീവിച്ച അഹ്‌ലുസ്സുന്നയുടെ പണ്ഡിതർ- വിശിഷ്യാ മുഹദ്ദിഥുകൾ- സമാനമായ ആരോപണങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇമാം ബുഖാരി(റഹി) വരെ അതിൽനിന്ന് മുക്തനല്ല എന്നതാണല്ലോ വാസ്തവം. അദ്ദേഹം മുബ്തദിഅ് ആണെന്നും ജഹ്മി ആദർശക്കാരനാണെന്നും ജഹ്മികളെക്കാൾ മോശപ്പെട്ടവനാണെനും ഒരുവേള അവിശ്വാസിയാണെന്നും (കാഫിർ) വരെ അന്നത്തെ വിമർശകർ ആരോപിച്ചിട്ടുണ്ട്. ശൈഖ് അഹ്മദുബ്നുസലം പറയുന്നു: "ഞാൻ ഇമാം ബുഖാരിയെ സമീപിച്ചുകൊണ്ട് ഖുറാസാനിൽ അദ്ദേഹത്തിന് നേരെ വരുന്ന വിമർശനങ്ങളെയും അതിന് നേതൃത്വം നൽകുന്നവരെയും കുറിച്ച് പറഞ്ഞു. ശേഷം ഞാൻ ചോദിച്ചു: 'ഇനി എന്ത് ചെയ്യണമെന്നാണ് നിങ്ങളുടെ അഭിപ്രായം?' അപ്പോൾ ഇമാം ബുഖാരി(റഹി) തന്റെ താടി പിടിച്ചുകൊണ്ട് സൂറഃ അൽ ഗാഫിറിലെ 44-ാം വചനം പാരായണം ചെയ്തു. ശേഷം അദ്ദേഹം പറഞ്ഞു: 'എന്റെ കാര്യം ഞാൻ അല്ലാഹുവിനെ ഏൽപിക്കുന്നു. അല്ലാഹു അടിമകളുടെ കാര്യം നോക്കിക്കാണുന്നവനാണ്.' ശേഷം അദ്ദേഹം പറഞ്ഞു: 'അല്ലാഹുവേ, അഹങ്കാരത്തിനോ ധിക്കാരത്തിനോ സ്ഥാനമാനങ്ങൾക്കോ വേണ്ടിയല്ല ഞാൻ നൈസാബൂരിൽ താമസമാക്കിയതെന്ന് നിനക്കറിയാം. എതിരാളികൾ ധാരാളമായതിനാൽ എന്റെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാൻ എന്റെ മനസ്സ് സമ്മതിക്കുന്നുമില്ല. അല്ലാഹു എനിക്ക് നൽകിയ അറിവിനുള്ള അസൂയകൊണ്ട് മാത്രമാണ് ഈ മനുഷ്യർ എന്നെ ലക്ഷ്യം വെക്കുന്നത്.' പിന്നീടദ്ദേഹം എന്നോട് പറഞ്ഞു : 'അല്ലയോ അഹ്മദ്! എന്റെ പേരിൽ ഈ നാട്ടിൽ ഇനി പ്രയാസങ്ങൾ ഉണ്ടാവേണ്ടതില്ല. അതിനാൽ നാളെ ഞാൻ ഈ നാട്ടിൽ നിന്ന് പോകുകയാണ്."

അബ്ദുൽ ഖുദ്ദൂസ് ബ്നു അബ്ദുൽ ജബ്ബാർ സമർഖന്തി(റഹി) പറയുന്നു: 'സമർഖന്തിന്റെ സമീപ ഗ്രാമമായ ഖർതൻക് എന്ന പ്രദേശത്തേക്ക് ഇമാം ബുഖാരി(റഹി) വന്നു. അദ്ദേഹത്തിന് അവിടെ ചില ബന്ധുക്കൾ ഉണ്ടായിരുന്നു. അവരുടെ അടുത്ത് അദ്ദേഹം താമസിച്ചു. ഒരു രാത്രിയിൽ രാത്രി നമസ്കാരത്തിന് ശേഷം അദ്ദേഹം ഇപ്രകാരം പ്രാർഥിക്കുന്നത് ഞാൻ കേട്ടു: 'അല്ലഹുവേ, ഭൂമി വിശാലമാണെങ്കിലും എനിക്കത് വളരെ ഇടുങ്ങിയതായി അനുഭവപ്പെടുന്നു. അതിനാൽ നീ എന്നെ നിന്നിലേക്ക് സ്വീകരിക്കണേ.' അതിന് ശേഷം ഒരുമാസം പൂർത്തിയാകുന്നതിന് മുമ്പായി അദ്ദേഹം മരണപ്പെടുകയും ചെയ്തു" (സിയറു അഅ്ലാമിന്നുബലാഅ്: 12/440-450).

ഇമാം ബുഖാരി(റഹി) ഈ നിലക്ക് വിമർശിക്കപ്പെട്ടെങ്കിൽ പിന്നെ ശൈഖ് അൽബാനി(റഹി) യെപ്പോലുള്ളവർ വിമർശിക്കപ്പെടുന്നതിൽ അത്ഭുതപ്പെടാനില്ല. തനിക്ക് നേരെയുള്ള വിമർശനങ്ങൾ ശ്രദ്ധയിൽ പെട്ടപ്പോൾ ശൈഖ് അൽബാനി നടത്തിയ പരാമർശങ്ങൾ ഏറെ ശ്രദ്ധേയമാണ്: 'അഹ്ലുസ്സുന്നയുടെ അഖീദയും സലഫീ വീക്ഷണവും സ്ഥാപിക്കാനായി 20 വർഷമായി ഞാൻ എഴുതിക്കൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. എന്നാൽ, ഇന്ന് ചില വിവര ദോഷികളും വളർന്ന് വരുന്ന ചില ചെറുപ്പക്കാരും രംഗത്ത് വന്നുകൊണ്ട് നമ്മെ മുർജിഈ വീക്ഷണക്കാരൻ എന്ന് ആക്ഷേപിക്കുന്നു. അജ്ഞതയും വഴികേടുമായി അവരിൽ നിന്നുണ്ടാകുന്ന മുഴുവൻ തിന്മകളിൽ നിന്നും അല്ലഹുവിലേക്ക് ഞാൻ പരാതി ബോധിപ്പിക്കുന്നു.'

**ശൈഖ് അൽബാനിയും പണ്ഡിത ലോകവും**

1. ലജ്നത്തുദ്ദാഇമ

സുഊദി അറേബ്യയിലെ ഉന്നത പണ്ഡിത സഭയായ അൽ ലജ്നതുദ്ദാഇമഃ, ശൈഖ് അൽബാനിയെക്കുറിച്ച് വന്ന ഒരു ചോദ്യത്തിന് നൽകിയ മറുപടി കാണുക: "അദ്ദേഹം അറിവിലും ശ്രേഷ്ഠതയിലും സുന്നത്തിനെ ബഹുമാനിക്കുന്ന കാര്യത്തിലും അതിന് സേവനം ചെയ്യുന്നതിലും കക്ഷിത്വത്തിനെതിരെയും അന്ധമായ തക്ലീദിനെതിരെയും താക്കീത് ചെയ്യുന്ന അഹ്ലുസ്സുന്നയുടെ വീക്ഷണത്തെ സത്യപ്പെടുത്തുന്ന കാര്യത്തിലും ഞങ്ങൾക്കിടയിൽ സുസമ്മതനാകുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഏറെ പ്രയോജനപ്രദവുമാകുന്നു. മറ്റേത് പണ്ഡിതന്മാരെയും പോലെ അദ്ദേഹവും പാപ സുരക്ഷിതനല്ലാത്തതിനാൽ വീക്ഷണത്തിൽ തെറ്റും ശരിയും സംഭവിക്കാം. ശരിക്ക് രണ്ട് പ്രതിഫലവും അബദ്ധങ്ങളിൽ ഗവേഷണത്തിന്റെ പ്രതിഫലവും അദ്ദേഹത്തിന് ലഭിക്കുമെന്നും നാം പ്രതീക്ഷിക്കുന്നു. (ഫത്വ നമ്പർ: 5981). ശൈഖ് അൽബാനി(റഹി) ഹദീഥിന്റെ വിഷയത്തിൽ ചെയ്ത സേവനങ്ങൾക്ക് ഹിജ്റ 1397 ൽ (ക്രിസ്താബ്ദം. 1977) കിംഗ് ഫൈസൽ അവാർഡ് ലഭിച്ചു.

2. ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ്(റഹി) ഒരു ചോദ്യത്തിന് മറുപടി നൽകവെ പറയുന്നു: "ശൈഖ് അൽബാനി ജനങ്ങളിൽ ഏറ്റവും നല്ലവരിൽ പെട്ടവരാകുന്നു. ശരിയായ അഖീദയിലും സത്യത്തിന്റെ വഴിയിൽ നിലകൊള്ളുന്നതിലും ഹദീഥുകളെ സ്വഹീഹും അല്ലാത്തതുമയി വേർതിരിക്കുന്നതിലും അറിയപ്പെട്ടയാളുമാണ്. എന്ന് മാത്രമല്ല, ഈ വിഷയത്തിൽ അദ്ദേഹം ഒരു അവലംബം തന്നെയാകുന്നു. എന്നാൽ മറ്റു പണ്ഡിതന്മാരെപ്പൊലെത്തന്നെ അദ്ദേഹവും തെറ്റു സംഭവിക്കാത്ത പാപസുരക്ഷിതനല്ല."

ശൈഖ് അൽബാനിയെ ആക്ഷേപിക്കൽ പതിവാക്കിയ ഒരു പണ്ഡിതനെ പരാമർശിച്ചുകൊണ്ടുള്ള ചോദ്യത്തിനു മറുപടി നൽകവെ ശൈഖ് ഇബ്നു ബാസ് പറയുന്നു: "ശൈഖ് അൽബാനി ഏറെ വിശ്വസ്തനും നമ്മുടെ പ്രത്യേക സഹോദരങ്ങളിൽ പെട്ടവരുമാകുന്നു. അറിവിലും ശ്രേഷ്ഠതയിലും അറിയപ്പെട്ടവനുമാണ്. ഹദീഥിന്റെ സ്വീകാര്യതയും അസ്വീകാര്യതയും നിശ്ചയിക്കുന്ന കാര്യങ്ങളിൽ ഏറെ ശ്രദ്ധിച്ചവരുമാണ്. എന്നാൽ അദ്ദേഹം പാപസുരക്ഷിതനല്ല. അബദ്ധങ്ങൾ സംഭവിക്കാം. എന്നാൽ അതിന്റെ പേരിൽ അദ്ദേഹത്തെ ആക്ഷേപിക്കലോ, ചീത്തപറയലോ, പരദൂഷണം പറയലോ അനുവദനീയമല്ല. അദ്ദേഹത്തിന് കൂടുതൽ ഗുണത്തിനും തൗഫീഖിനുമായി പ്രാർഥിക്കുകയും ഗുണകാംക്ഷ കാണിക്കുകയുമാണ് വേണ്ടത്..." (ഫതാവാ ഇബ്നുബാസ് 25/71).

3. ശൈഖ് ഇബ്നു ഉഥൈമീൻ(റഹി)

ശൈഖ് അൽബാനി(റഹി)യുടെ മഹത്ത്വം എമ്പാടും പറഞ്ഞവരാണ് ശൈഖ് ഇബ്നു ഉഥൈമിൻ(റഹി). ശൈഖ് അൽബാനിയെ കുറിച്ച് മുർജിആണെന്ന് ആരോപണം ഉണ്ടല്ലോ എന്നത് ശ്രദ്ധയിൽ പെ ടുത്തിക്കൊണ്ട് ചോദ്യം ഉന്നയിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു: "ശൈഖ് അൽബാനി ﷺ മുർജിആണെന്ന് പറയുന്നവന് ഒന്നുകിൽ ശൈഖ് അൽബാനിയെ അറിയില്ല. അല്ലെങ്കിൽ എന്താണ് മുർജിആ കക്ഷികളുടെ വിശ്വാസം (ഇർജാഅ്) എന്നറിയില്ല. ശൈഖ് അൽബാനി അഹ്ലുസ്സുന്നയുടെ വക്താവും അഹ്ലുസ്സുന്നയെ പ്രതിരോധിക്കുന്നവരുമാണ്. അദ്ദേഹം ഹദീഥിൽ ഇമാം ആകുന്നു. നമ്മുടെ ഈ കാലത്ത് അദ്ദേഹത്തോട് കിടപിടിക്കുന്ന മറ്റൊരാൾ ഉള്ളതായി നമുക്കറിയില്ല. എന്നാൽ മനസ്സിൽ വിദ്വേഷം ഉള്ളവരുണ്ടാകാം. ഒരാൾക്ക് സ്വീകാര്യത ലഭിക്കുന്നത് കാണുമ്പോൾ അയാളെ അവർ ആക്ഷേപിക്കും; പ്രവാചകരുടെ കാലത്ത് കപടവിശ്വാസികൾ ചെയ്തത്പോലെ. എനിക്ക് ഈ മനുഷ്യനെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലൂടെയും നേരിട്ടുള്ള

സഹവാസത്തിലൂടെയും പരിചയമുണ്ട്.

ശരിയായ മൻഹജും സലഫീ അഖീദയും ഉള്ളവരാകുന്നു അദ്ദേഹം. എന്നാൽ, അല്ലാഹു തന്റെ അടിമകൾക്ക് കുഫ്റായി നിശ്ചയിച്ചിട്ടില്ലാത്ത കാര്യത്തിന്റെ പേരിൽ അല്ലാഹുവിന്റെ അടിമകളെ കാഫിറെന്ന് മുദ്ര കുത്തുന്ന ചിലരുണ്ട്. അത് അംഗീകരിക്കാത്തവരെയെല്ലാം അവർ മുർജിഅ് എന്ന വാദവുമായി മുദ്രകുത്തുന്നു. അതുകൊണ്ട് ഇത്തരം വാക്കുകൾ ആരു പറഞ്ഞാലും നിങ്ങൾ അത് കേൾക്കുകപോലും ചെയ്യരുത്" (അൽ ഇമാം അൽബാനി - സലീം ഹിലാലി: പേജ് 153).

ഇതിനപ്പുറം ഇനി എന്ത് അംഗീകാരമാണ് വേണ്ടത്? അറിവുള്ളവർക്കല്ലേ അറിവിന്റെയും പണ്ഡിതന്മാരുടെയും മഹത്ത്വം അറിയൂ. ശരിയായ അറിവുള്ളവരെല്ലാം ശൈഖ് അൽബാനിയുടെ മഹത്ത്വം അംഗീകരിച്ചവരാണ്. മുഖ്ബിൽ അൽ വാദിഇഈ, ബകർ അബൂ അബ്ദു സൈദ്, റബീഅ് ബ്നു ഹാദീ അൽ മദ്ഖലീ, ശൈഖ് സ്വാലിഹ് അൽ ഫൗസാൻ, അബ്ദുൽ മുഹ്സിൻ അബ്ബാദ് അൽബദർ എന്നിവർ അവരിൽ ചിലർ മാത്രം.

ഇത്തരം പ്രഗത്ഭ പണ്ഡിതർ ഒന്നടങ്കം വാഴ്ത്തിയ ഒരു മഹാനെ സംബന്ധിച്ച് അൽപജ്ഞാനികളും വിവരദോഷികളും വല്ലതും പറയുന്നുവെങ്കിൽ ഒരിക്കലും അത് പരിഗണിക്കേണ്ടതില്ല. ഇവ്വിഷയകമായി ഇമാം ദഹബി(റഹി) പറഞ്ഞ ഒരു വാചകം കൂടി പറയട്ടെ: "അക്വീദ ശരിയായവരും സത്യത്തെ പിൻപറ്റുന്നതിൽ കണിശത പാലിക്കുന്നവരുമായ ഏതൊരാളെയും ഗവേഷകാത്മക വിഷയത്തിൽ സംഭവിക്കുന്ന ഒരു വീഴ്ചയുടെ പേരിൽ നാം ആക്ഷേപിക്കുകയും ബിദ്അത്തുകാരനായി മുദ്രകുത്തുകയും ചെയ്യുന്നുവെങ്കിൽ നമ്മിൽ നിന്ന് രക്ഷപ്പെടുന്ന ഇമാമുമാർ വളരെ കുറവായിരിക്കും" (സിയറു അഅ്ലാം: 14/326).

**രചനകൾ**

ഇരുനൂറിലധികം ഗ്രന്ഥങ്ങൾ സമൂഹത്തിന് നൽകിക്കൊണ്ടാണ് ശൈഖ് അൽബാനി(റഹി) ഈ ലോകത്തോട് വിടവാങ്ങിയത്. അതിൽ മഹാഭൂരിപക്ഷവും ഹദീഥ് നിദാന രംഗത്താണ്. മുസ്‌ലിം സമൂഹം അവലംബിക്കുന്ന പല ഗ്രന്ഥങ്ങളിലും വന്ന ദുർബലവും നിർമിതവുമായ ഹദീഥുകളെയും അവ സമൂഹത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതിന്റെ ആവശ്യകതയെയും വ്യക്തമാക്കുന്ന ഒരു ലേഖനം ശൈഖ് റശീദ് രിദയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്ന അൽമനാർ മാസികയിൽ പ്രസിദ്ധീകരിച്ചു. ആ ലേഖനമാണ് യഥാർഥത്തിൽ ശൈഖ് അൽബാനി(റഹി)യെ ഹദീഥ് നിരൂപണ രംഗത്തേക്ക് തിരിച്ചത്. ഹാഫിള് ഇറാഖിയുടെ അൽമുഗ്നി എന്ന ഗ്രന്ഥമാണ് ശൈഖ് ആദ്യമായി പഠനവിധേയമാക്കി പ്രസിദ്ധീകരിച്ചത്.

അതൊരു തുടക്കമായിരുന്നു. ഒട്ടനവധി ബൃഹത് ഗ്രന്ഥങ്ങൾ അദ്ദേഹം പരിശോധിച്ച് സ്വഹീഹും ദഈഫും വേർതിരിച്ചു. ജാമിഉ തുർമുദി, സുനനു നസാഈ, സുനനു ഇബ്നു മാജഃ, സുനനു അബീദാവൂദ് തുടങ്ങി ഹദീഥ് രംഗത്തെ അടിസ്ഥാന ഗ്രന്ഥങ്ങളും രിയാളുസ്സ്വാലിഹീൻ, ഫിക്ഹുസ്സുന്നഃ, അത്തർഗീബ് വത്തർഹീബ്, മനാറുസ്സബീൽ തുടങ്ങിയ മറ്റു പ്രമുഖ ഗ്രന്ഥങ്ങളും അദ്ദേഹം പരിശോധനാ വിധേയമാക്കി. സ്വഹീഹായ ഹദീഥുകളെയും ദുർബല-നിർമിത ഹദീഥുകളെയും പ്രത്യേകം പ്രത്യേകം ക്രോഡീകരിച്ച് സിൽസിലത്തു അഹാദീസുസ്സ്വഹീഹ വദ്ദഈഫ വൽ മൗദൂഅ എന്ന പേരിൽ വലിയ ഹദീഥ് സമാഹാരം തന്നെ അദ്ദേഹം രചിച്ചു. നബിﷺയുടെ നമസ്കാരം, സ്ത്രീയുടെ ഹിജാബ്, ഖബർ ആഹാദ്, തറാവീഹ്, ക്വബ്ർ കെട്ടി ഉയർത്തൽ തുടങ്ങി ഒട്ടനവധി സ്വതന്ത്ര കൃതികൾ അദ്ദേഹം രചിക്കുകയും ലോക പ്രശസ്ത അഖീദ ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനം എഴുതുകയും ചെയ്തു.

തന്റെ പിതാവിൽ നിന്ന് താൻ പഠിച്ച വാച്ച് റിപ്പയറിങ്ങിൽ നൈപുണ്യം നേടുകയും ചെറുപ്പകാലം മുതൽ തന്നെ അതൊരുതൊഴിലായി സ്വീകരിക്കുകയും ചെയ്തു. കുവൈത്ത്, ഖത്തർ, യു.എ.ഇ, അസ്ബാനിയ തുടങ്ങിയ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുകയും അവിടെയെല്ലാം പ്രഭാഷണങ്ങളും പഠന ക്ലാസുകളും നടത്തുകയും ചെയ്തു. ഹിജ്റ 1395 മുതൽ 98 വരെ മദീന യൂണിവേഴ്സിറ്റിയുടെ ഉന്നതാധികാര സഭയിൽ അംഗമായി. ബനാറസ് ജാമിഅ സലഫിയ്യയിൽ ഹദീഥ് വിഭാഗം മേധാവിയായി ചുമതല ഏൽക്കാൻ അദ്ദേഹത്തിന് ക്ഷണം ലഭിച്ചെങ്കിലും അദ്ദേഹത്തിനത് നിരസിക്കേണ്ടിവന്നു. ഈജിപ്ത്, മൊറോക്കോ, ബ്രിട്ടൺ എന്നീ രാജ്യങ്ങളിലേക്ക് ശൈഖ് ഇബ്നു ബാസിന്റെ പ്രധിനിധിയായി പ്രബോധനാവശ്യാർഥം അദ്ദേഹം യാത്ര ചെയ്തു. മദീനാ യൂണിവേഴ്സിറ്റിയിലെ അധ്യാപകനായി അൽപകാലം അദ്ദേഹം സേവനം ചെയ്തു.

മൂന്ന് ഭാര്യമാരിലായി 13 മക്കൾ അദ്ദേഹത്തിനുണ്ടായിരുന്നു. നാലാമത്തെ ഭാര്യയിൽ സന്താനങ്ങളുണ്ടായില്ല. ഹിജ്റ 1420 ജമാദുൽ ആഖിർ 22 ശനിയാഴ്ച മഗ്‌രിബിനു മുമ്പായി (1999 ഒക്ടോബർ 2) അദ്ദേഹം ഉർദുൻ തലസ്ഥാനമായ ഉമാൻ പട്ടണത്തിൽ വെച്ച് നിര്യാതനായി. ഇശാഇന് ശേഷം ക്വബ്റടക്കം ചെയ്യപ്പെട്ടു. താൻ മരിച്ചാൽ എത്രയും വേഗം തന്നെ മറവ് ചെയ്യണമെന്ന് ശൈഖിന്റെ വസ്വിയ്യത്താണ് അത്ര പെട്ടെന്ന് മറമാടപ്പെടാൻ കാരണം. ആ വസ്വിയ്യത്തറിഞ്ഞ ശൈഖ് ഇബ്നു ഉഥൈമിൻ(റഹി) യുടെ പ്രതികരണം ഇതായിരുന്നു: 'അല്ലാഹു ശൈഖ് അൽബാനിക്ക് കാരുണ്യം ചെയ്യട്ടെ. ജീവിത കാലത്തും മരണശേഷവും അദ്ദേഹം സുന്നത്തിനെ ജീവിപ്പിച്ചു' (ഇമാം അൽബാനി: പേജ് 154).

അബൂ ഹൈസ
mail@nerpatham.com

ഹദീസ് പാഠം

# നന്മ കാണുക; അന്യരിലും

**നബിﷺ പറഞ്ഞു: നാവു കൊണ്ട് മുസ്‌ലിമാണെന്ന് പറഞ്ഞുനടക്കുകയും എന്നാൽ വിശ്വാസം ഹൃദയത്തിൽ തട്ടാതിരിക്കുകയും ചെയ്തവരേ! നിങ്ങൾ മുസ്‌ലിംകളെ ശല്യം ചെയ്യാതിരിക്കുക. അവരെ നിന്ദിക്കാതിരിക്കുക. അവരുടെ രഹസ്യങ്ങൾ ചികഞ്ഞു നോക്കാതിരിക്കുക. ആരെങ്കിലും തന്റെ മുസ്‌ലിം സഹോദരന്റെ രഹസ്യം ചികഞ്ഞു നടന്നാൽ അല്ലാഹു അവന്റെ രഹസ്യവും ചികഞ്ഞെടുക്കും. അല്ലാഹു ഒരാളുടെ രഹസ്യം ചികഞ്ഞെടുത്താൽ അവൻ നാണംകെടുക തന്നെ ചെയ്യും. അയാൾ തന്റെ രഹസ്യമുറിയിൽ ഒളിച്ചിരുന്നാൽ പോലും. (തിർമിദി)**

അനുചരന്മാരെല്ലാം നബിﷺയുടെ ചുറ്റിനുമിരിക്കുകയാണ്. സംഭാഷണമധ്യേ നബിﷺ വിഷയത്തിൽ നിന്ന് സ്വൽപം വ്യതിചലിച്ച് ഇങ്ങനെ പറഞ്ഞു: "ഒരു സ്വർഗാവകാശി ഏതാനും നിമിഷങ്ങൾക്കുള്ളിൽ നിങ്ങളിലേക്ക് കടന്നുവരും." ഏറെ വൈകാതെ വുദു വെടുത്ത വെള്ളം താടിരോമങ്ങളിലൂടെ ഉറ്റിക്കൊണ്ട് ഒരു അൻസാരി യുവാവ് അവർക്കിടയിലേക്ക് കടന്നു വന്നു. ഇടതുകയ്യിൽ തന്റെ തുകൽചെരിപ്പ് ഉയർത്തിപ്പിടിച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ യാതൊരു പ്രത്യേകതയും സ്വഹാബിമാർ അയാളിൽ കണ്ടില്ല.

പിറ്റെ ദിവസവും തൊട്ടടുത്ത ദിവസവും ആ അൻസാരി യുവാവ് കടന്നുവരുന്നതിന് മുമ്പ് നബിﷺ ഇക്കാര്യം ആവർത്തിച്ചുകൊണ്ടിരുന്നു. പ്രത്യക്ഷത്തിൽ യാതൊരു പ്രത്യേകതയും കാണാത്ത ഈ സ്വർഗാവകാശിയുടെ ജീവിതരീതിയെക്കുറിച്ച് പഠിക്കുക തന്നെ. സ്വഹാബിമാർ തീരുമാനിച്ചു. സ്വഹാബിമാരുടെ പ്രതിനിധിയായി അവർ അബ്ദുല്ലാഹിബ്നു ആമിറിനെ മൂന്നു ദിവസം അദ്ദേഹത്തിന്റെ കൂടെ താമസിപ്പിച്ചു. ബാക്കി അബ്ദുല്ല തന്നെ പറയട്ടെ: "മൂന്ന് ദിവസം അദ്ദേഹത്തിന്റെ കൂടെ അന്തിയുറങ്ങിയിട്ടും, ഞങ്ങളിൽ നിന്ന് വിഭിന്നമായി എന്തെങ്കിലും അനുഷ്ഠാന കർമങ്ങളോ ആരാധനാരീതികളോ ഞാൻ അയാളിൽ കണ്ടില്ല. പക്ഷേ, സംസാരത്തിനിടക്ക് മറ്റുള്ളവരെക്കുറിച്ച് അയാളിൽ നിന്ന് നല്ലതല്ലാത്ത ഒന്നും ഇക്കാലയളവിൽ ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടായിരുന്നില്ല. ഒടുവിൽ എന്റെ സന്ദർശനോദ്ദേശ്യം തുറന്നുപറയാൻ തന്നെ ഞാൻ തീരുമാനിച്ചു. നബിﷺ അയാളെ പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളതും, അനുചരന്മാർ അയാളെ പഠിക്കാൻ തീരുമാനിച്ചതും, തന്നെ അതിഥിയായി നിശ്ചയിച്ചതുമെല്ലാം ഞാൻ തുറന്നു പറഞ്ഞു; കൂടെ മൂന്ന് ദിവസം താമസിച്ചിട്ടും അസാധാരണമായ യാതൊരു ജീവിതശൈലിയും കണ്ടെത്താത്തതിലുള്ള വിഷമവും. "നിങ്ങൾ ഈ കണ്ടതല്ലാതെ ഒന്നും എന്റെ ജീവിതത്തിലില്ലല്ലോ?" എന്ന അയാളുടെ മറുപടിയിൽ അത്ഭുതപ്പെട്ട് മടങ്ങിപ്പോരുമ്പോൾ ആ അൻസാരി യുവാവെന്നെ തിരികെ വിളിച്ചു. എന്നിട്ട് പറഞ്ഞു: "ഇക്കണ്ട പ്രവർത്തനങ്ങൾ മാത്രമേ എന്നിലുള്ളുവെങ്കിലും ഞാനൊരു കാര്യം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. മുസ്‌ലിംകളിൽ ആരോടും കുനുഷ്ടും, കുശുമ്പും ഞാൻ വെച്ചു പുലർത്താറില്ല." അബ്ദുല്ലാഹിബ്നു ആമിർ‌ഛ പറയുകയാണ്: "എങ്കിൽ അതല്ലാതെ മറ്റൊന്നുമായിരിക്കില്ല. അല്ലാഹുവിന്റെ റസൂലിന് നിങ്ങളെപ്പറ്റി സ്വർഗം വാഗ്ദാനം ചെയ്യാൻ നിമിത്തമാക്കിയത്."

നബിﷺ പറഞ്ഞുവല്ലോ, "മതം; ഗുണകാംക്ഷയാണ്, അല്ലാഹുവോടും അവന്റെ ദൂതനോടും മുസ്‌ലിം നേതൃത്വത്തിനോടും പൊതുജനങ്ങളോടും" എന്ന് താൻ മനസ്സിലാക്കുന്നത് വിശ്വസിക്കുന്നില്ല എന്നതിന്റെ പേരിലും തന്റെ ഇഷ്ടത്തെ പരിഗണിക്കുന്നില്ല എന്നതിന്റെ പേരിലും പരസ്പരം കുത്തുവാക്കുകൾ പറയുകയും അവരുടെ പൂർവകാല നന്മകളെ അവഗണിക്കുകയും ചെയ്യുന്നത് ഗുണകാംക്ഷ നഷ്ടപ്പെട്ട പ്രവർത്തനങ്ങളാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും സഹജീവികളോടുള്ള ഗുണകാംക്ഷാ നിർഭരമായ സ്നേഹവുമാണ് മതത്തിന്റെ കാതൽ. മറ്റുള്ളവരുടെ നന്മയിൽ ദുഃഖിക്കുകയും തിന്മയിൽ സന്തോഷിക്കുകയും ചെയ്യുന്നത് ഇഹലോകത്ത് മനസ്സിനെ കുടുസ്സാക്കുവാനും പരലോകത്ത് സ്വശരീരത്തിനെ നിന്ദ്യമായ ശിക്ഷക്ക് പാത്രമാക്കാനും മാത്രമേ ഇടയാക്കൂ.

കർമങ്ങളിൽ മുന്നേറി, ഒടുക്കം കുന്നായ്മകളിൽ കാലിടറി സ്വർഗം നഷ്ടപ്പെടുന്നവരിൽ നിന്ന് അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ. (ആമീൻ) ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



# പ്രവാചകന്മാർ ഉൽകൃഷ്ടരാണ്

പ്രവാചകന്മാർ ഉൽകൃഷ്ടരാണ്. ജൂതക്രൈസ്തവർ വിശ്വസിക്കുന്നത് പോലെയുള്ള അധാർമിക ജീവിതം നയിച്ചവരോ, മ്ലേഛ സ്വഭാവക്കാരോ ആയിരുന്നില്ല. അങ്ങനെ പ്രവാചകന്മാരെ കുറിച്ച് വിശ്വസിക്കാനേ പാടില്ല. അവർ മനുഷ്യരാണല്ലോ. എന്നാൽ പ്രവാചകന്മാരുടെ ജീവിതത്തിൽ സംഭവിച്ച പല വാക്കുകളെയും പ്രവർത്തനങ്ങളെയും അല്ലാഹു തിരുത്തിയിട്ടുണ്ട്. അവരുടെ പ്രവാചകത്വം എന്ന പദവിക്ക് യോജിക്കാത്ത വല്ലതും അവരിൽ നിന്ന് വന്നാൽ ഉടനെ അല്ലാഹു അവരെ ഓർമപ്പെടുത്തുകയും അവർ അല്ലാഹുവിനോട് അങ്ങേയറ്റം പൊറുക്കലിനെ ചോദിക്കുകയും പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്ത് അവരുടെ അല്ലാഹുവിങ്കലേക്കുള്ള സാമീപ്യം വർധിപ്പിക്കുകയും ചെയ്യും. ഇപ്രകാരം ചില സന്ദർഭങ്ങളിൽ അവരിൽ നിന്ന് വന്ന അശ്രദ്ധയും അല്ലാഹു അവരെ ഓർമപ്പെടുത്തിയതും അവർ അവനിലേക്ക് ഖേദിച്ചു മടങ്ങിയതും കാണുക:

### ആദം(عليه السلام)

“...ആദം തന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുകയും അങ്ങനെ പിഴച്ചു പോകുകയും ചെയ്തു'' (20:121).

അല്ലാഹു അദ്ദേഹത്തോടും ഭാര്യ ഹവ്വയോടും സ്വർഗത്തിലെ ഒരു വൃക്ഷത്തെ സമീപിക്കരുതെന്ന് പറഞ്ഞിരുന്നു. പക്ഷേ, പിശാചിന്റെ ദുർമന്ത്രണത്തിൽ പെട്ട് അവർ വഞ്ചിക്കപ്പെടുകയായിരുന്നു. വിലക്കപ്പെട്ട മരത്തിന്റെ കനി ഭക്ഷിച്ചതിനെയാണ് അനുസരണക്കേടായും പിഴവായും വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ തങ്ങളിൽ നിന്ന് വന്ന അബദ്ധം പിന്നീട് തിരിച്ചറിയുകയും റബ്ബിനോട് പൊറുക്കലിനെ തേടുകയും ചെയ്തു. ക്വുർആൻ അവർ നടത്തിയ പ്രാർഥന വ്യക്തമാക്കുന്നത് കാണുക:

“അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും''(7:23). അങ്ങനെ അല്ലാഹു അവരുടെ പശ്ചാത്താപം സ്വീകരിച്ചു.

### നൂഹ്(عليه السلام)

നൂഹ്(عليه السلام) മകനെ രക്ഷപ്പെടുത്താൻ വേണ്ടി അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ചു:

“നൂഹ് തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു: എന്റെ രക്ഷിതാവേ, എന്റെ മകൻ

എന്റെ കുടുംബാംഗങ്ങളിൽ പെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണ് താനും. നീ വിധികർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധികർത്താവുമാണ്" (11:45).

അല്ലാഹു ഈ പ്രാർഥനക്ക് നൽകിയ മറുപടി എന്തായിരുന്നു?

"അവൻ(അല്ലാഹു) പറഞ്ഞു: നൂഹേ, തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. തീർച്ചയായും അവൻ ശരിയല്ലാത്തത് ചെയ്തവനാണ്. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യം എന്നോട് ആവശ്യപ്പെടരുത്. നീ വിവരമില്ലാത്തവരുടെ കൂട്ടത്തിലായിപ്പോകരുതെന്ന് ഞാൻ നിന്നോട് ഉപദേശിക്കുകയാണ്" (11:46).

ഉടനെ നൂഹ്﵇ അതിൽ നിന്ന് പശ്ചാത്തപിച്ച് മടങ്ങി. അദ്ദേഹം പ്രാർഥിച്ചത് കാണുക:

"അദ്ദേഹം(നൂഹ്) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്കറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തു തരികയും നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും"(11:47).

**മൂസാ﵇**

മൂസാ﵇യുടെ കക്ഷിയിൽ പെട്ടയാളും ശത്രുപക്ഷത്തുള്ള ഒരാളും തമ്മിലുണ്ടായ ഒരു പ്രശ്നത്തിൽ മൂസാ﵇ ഇടപെട്ടപ്പോൾ തന്റെ ശത്രുഭാഗത്തിൽ പെട്ട ആൾക്കെതിരിൽ തന്റെ കക്ഷിയിൽ പെട്ടയാളെ സഹായിക്കുന്ന സന്ദർഭത്തിൽ തന്റെ ഇടികൊണ്ട് അയാൾ മരണപ്പെട്ടു. ഇത് മൂസാ﵇ അറിഞ്ഞുകൊണ്ട് ചെയ്തതായിരുന്നില്ല. അബദ്ധത്തിൽ കൊല്ലപ്പെടുകയാണ് ചെയ്തത്. എന്നിരുന്നാലും താൻ ഒരു കൊലചെയ്തതിൽ അദ്ദേഹം ദുഃഖിതനായി. അദ്ദേഹം അതിനെക്കുറിച്ച് പറയുന്നത് കാണുക:

"മൂസാ പറഞ്ഞു: ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രു തന്നെയാകുന്നു" (28:15).

തുടർന്ന് അദ്ദേഹം പ്രാർഥിച്ചു: "...എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തു കൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (28:16).

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളതു കൊണ്ട് ഇനി ഒരിക്കലും ഞാൻ കുറ്റവാളികൾക്കു സഹായം നൽകുന്നവനാവുകയില്ല" (28:17).

ദാവൂദ്﵇ എടുത്ത ഒരു തീരുമാനത്തിൽ തനിക്ക് അപാകത സംഭവിച്ചത് മനസ്സിലായപ്പോൾ അദ്ദേഹം നടത്തിയ പ്രാർഥന കാണുക:

"തുടർന്ന് അദ്ദേഹം തന്റെ രക്ഷിതാവിനോട് പാപമോചനം തേടുകയും അദ്ദേഹം കുമ്പിട്ടു കൊണ്ട് വീഴുകയും ഖേദിച്ചു മടങ്ങുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന് നാമത് പൊറുത്തു കൊടുത്തു" (38:24,25).

മുഹമ്മദ് നബിﷺ എടുത്ത ചില തീരുമാനങ്ങളെയും സമീപനങ്ങളെയും അല്ലാഹു തിരുത്തിയിട്ടുണ്ട്. അതിൽ പെട്ടവയാണ് നാം മുമ്പ് സൂചിപ്പിച്ച രണ്ട് സംഭവങ്ങൾ. നബിﷺ അനുവദനീയമായത് വ്യക്തിപരമായി നിഷിദ്ധമാക്കിയ സന്ദർഭത്തിൽ; അല്ലാഹു ചോദിക്കുന്നു:

"ഹേ, നബിയേ! അല്ലാഹു നിനക്ക് അനുവദനീയമാക്കിയതിനെ നീ എന്തിനു നിഷിദ്ധമാക്കുന്നു? നീ നിന്റെ ഭാര്യമാരുടെ പ്രീതിയെ തേടുന്നു. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (66:1).

ബദ്റിൽ ബന്ദികളാക്കിയവർക്കെതിരിൽ നടപടി സ്വീകരിക്കുന്ന സന്ദർഭത്തിൽ നബിﷺ എടുത്ത തീരുമാനത്തെ അല്ലാഹു തിരുത്തിയിട്ടുണ്ട്. നബിﷺ മക്കയിലെ പ്രമാണിമാരൊത്ത് സംസാരിക്കവെ അന്ധനായ അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂംؓ നബിﷺയുടെ അടുത്ത് വന്നു. നബിﷺ ആ സ്വഹാബിയോട് വേണ്ടത്ര പരിഗണന കാണിച്ചില്ല എന്നതിനാൽ അല്ലാഹു തിരുത്തി. അതാണ് സൂറഃ അബസയുടെ തുടക്കത്തിലുള്ളത്.

"അദ്ദേഹം മുഖം ചുളിച്ചു തിരിഞ്ഞു കളഞ്ഞു. അദ്ദേഹത്തിന്റെ (നബിയുടെ) അടുത്ത് ആ അന്ധൻ വന്നതിനാൽ. (നബിയേ,) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരുവേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ. അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ. എന്നാൽ സ്വയം പര്യാപ്തത നടിച്ചവനാകട്ടെ; നീ അവന്റെ നേരെ ശ്രദ്ധ തിരിക്കുന്നു. അവൻ പരിശുദ്ധി പ്രാപിക്കാതിരുന്നാൽ നിനക്കെന്താണ് കുറ്റം? എന്നാൽ (അല്ലാഹുവിനെ) ഭയപ്പെട്ടുകൊണ്ട് നിന്റെ അടുക്കൽ ഓടി വന്നവനാകട്ടെ, അവന്റെ കാര്യത്തിൽ നീ അശ്രദ്ധ കാണിക്കുന്നു."

അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂംؓവിലേക്ക് ശ്രദ്ധ തിരിച്ചാൽ മക്കയിലെ പ്രമാണിമാർ ചർച്ചയിൽനിന്ന് പിന്തിരിയാനും അത് അവരുടെ സത്യത്തിലേക്കുള്ള വരവിന് തടസ്സമാകാനും സാധ്യതയുള്ളതിനാൽ മാത്രമാണ് നബിﷺ അങ്ങനെ ചെയ്തത് എന്ന്പ്രത്യേകം ഓർക്കുക. എന്നിട്ടും അല്ലാഹു അദ്ദേഹത്തെ തിരുത്തി.

പ്രവാചകന്മാർ മനുഷ്യരാണെന്ന് നാം തെളിവുകളുടെ വെളിച്ചത്തിൽ മനസ്സിലാ

ക്കിയതാണ്. മനുഷ്യരായതിനാൽ തന്നെ അവരിൽ വന്ന ഇത്തരം വീഴ്ചകൾ പിന്നീട് അവരിൽ ആവർത്തിക്കപ്പെട്ടിട്ടില്ല. അവർക്കതെല്ലാം അല്ലാഹു പൊറുത്തു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാലും പ്രവാചകന്മാർ നടത്തിയ പ്രാർഥനകൾ നോക്കൂ, വലിയ തെറ്റ് ചെയ്തവരുടെ പ്രാർഥനപോലെയുണ്ട് അവരുടെ പ്രാർഥന. അതവരുടെ വിനയത്തിന്റെയും താഴ്മയുടെയും അത്യുന്നത പദവിയാണ് നമുക്ക് അറിയിച്ച് തരുന്നത്.

അല്ലാഹു പ്രവാചകന്മാർക്ക് നൽകുന്ന സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ യാതൊരു വീഴ്ചയും അവർ വരുത്തിയിട്ടില്ല. മനുഷ്യർ എന്ന നിലക്ക് ചില മറവിയും പേടിയുമെല്ലാം ബാധിക്കുന്നവരായിരുന്നു പ്രവാചകന്മാർ. എന്നാൽ ഈ മറവിയും ഭയവും അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് കൈമാറുന്നതിൽ തെല്ലും അവരെ ബാധിച്ചിട്ടില്ല.

ഇബ്റാഹീം നബി(അ)ന്റെ അടുക്കൽ മലക്കുകൾ മനുഷ്യ രൂപത്തിൽ അതിഥികളായി വരികയും അവരെ അദ്ദേഹം മാന്യമായി സൽക്കരിക്കുകയും ചെയ്തു. ഭക്ഷണം അവർക്ക് മുന്നിലേക്ക് നീട്ടിയപ്പോൾ അവർ അത് കഴിക്കാതെ കണ്ടതിൽ അദ്ദേഹത്തിന് ഭയം ഉണ്ടായതും (11:70), മൂസാ(അ)യോട് അല്ലാഹു തന്റെ കയ്യിലുണ്ടായ വടി നിലത്തിടാൻ പറഞ്ഞപ്പോൾ അത് പാമ്പായ സമയത്ത് അദ്ദേഹം പേടിച്ചതും(20:21) ക്വുർആൻ നമുക്ക് വിവരിച്ച് തരുന്നുണ്ട്. ഇപ്രകാരം തന്നെ അവർക്ക് ദേഷ്യം ഉണ്ടാവാറുമുണ്ട്. മൂസാ(അ) തന്റെ ജനതയിൽ ശിർക്ക് കണ്ടപ്പോൾ (അവരോടുള്ള സ്നേഹം കാരണം) കോപാകുലനാവുകയും ഹാറൂൻ(അ)ന്റെ താടിക്ക് പിടിക്കുകയും ചെയ്തത് 20:83-94 വരെയുള്ള വാക്യങ്ങളിൽ കാണാം. നബി(ﷺ)യുടെ മുഖം ഖുത്വുബ നടത്തുന്ന ചില സന്ദർഭങ്ങളിൽ ദേഷ്യത്താൽ ചുവക്കാറുണ്ടായിരുന്നുവെന്ന് ഹദീഥിൽ കാണാം.

പ്രവാചകന്മാർക്ക് മനുഷ്യർ എന്ന നിലയിൽ മറവി സംഭവിക്കാറുള്ളത് സ്വാഭാവികമാണ്. ഒരു സംഭവം കാണുക:

അബൂഹുറയ്റ(رضي الله عنه)വിൽ നിന്ന്. അദ്ദേഹം പറഞ്ഞു: "ഒരിക്കൽ നബി(ﷺ) ഞങ്ങളെയും കൊണ്ട് ഉച്ചക്ക് ശേഷമുള്ള രണ്ട് നമസ്കാരങ്ങളിലൊന്ന് നമസ്കരിച്ചു -ഇബ്നു സീരീൻ പറയുന്നു: അബൂഹുറയ്റ അതിന്റെ പേര് പറഞ്ഞിരുന്നു. പക്ഷേ, ഞാൻ മറന്നു- അങ്ങനെ നബി(ﷺ) ഞങ്ങളെയും കൊണ്ട് രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നീട് സലാം വീട്ടി. അങ്ങനെ പള്ളിയിലെ ഒരു പലകയിൽ ദേഷ്യമുള്ളവനെ പോലെ വലത് കൈ ഇടതു കയ്യിന്മേലായി വെച്ച് ചാരി നിന്നു. അവിടുത്തെ വിരലുകൾക്കിടയിൽ കോർക്കുന്നുമുണ്ട്. തന്റെ വലത് കവിള് ഇടതു കൈപ്പത്തിയുടെ പുറം ഭാഗത്ത് വെച്ചു. പള്ളിയുടെ വാതിലുകളിലൂടെ ധൃതി കാണിക്കുന്ന ആളുകൾ പുറത്ത് വന്ന് അവർ പരസ്പരം ചോദിച്ചു: 'നമസ്കാരം ചുരുക്കപ്പെട്ടോ?' അവിടെയുള്ളവരുടെ കൂട്ടത്തിൽ അബൂബക്ർ(رضي الله عنه)വും ഉമർ(رضي الله عنه)വും ഉണ്ടായിരുന്നു. പക്ഷേ, (റക്അത്തുകൾ കുറഞ്ഞതിനെ പറ്റി) നബിയോട് ചോദിക്കാൻ അവർക്ക് ഭയമായിരുന്നു. ആ കൂട്ടത്തിൽ 'ദുൽയദൈനി' എന്ന് വിളിക്കപ്പെടാറുള്ള, കൈക്ക് നീളമുള്ള ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, താങ്കൾ മറന്നതാണോ അതല്ല നമസ്കാരം ചുരുക്കപ്പെട്ടതാണോ?'. (നബി(ﷺ) പറഞ്ഞു: 'ഞാൻ മറന്നിട്ടില്ല, ചുരുക്കിയിട്ടുമില്ല.' ദുൽയദൈൻ പറഞ്ഞത് പോലെ തന്നെയാണോയെന്ന് നബി(ﷺ) ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'അതെ.' അങ്ങനെ അവിടുന്ന് മുന്നോട്ട് വന്നു. അങ്ങനെ ഉപേക്ഷിച്ചത് നമസ്കരിച്ചു..." (ബുഖാരി: 482). മറ്റൊരു റിപ്പോർട്ട് കാണുക


അബ്ദുല്ലാഹ്(رضي الله عنه) നിവേദനം: "നബി(ﷺ) ഒരിക്കൽ നമസ്കരിച്ചപ്പോൾ എന്തോ അൽപം വർധിപ്പിച്ചു. അല്ലെങ്കിൽ ചുരുക്കി. എന്നിട്ട് സലാം ചൊല്ലിയപ്പോൾ അദ്ദേഹത്തോട് ആരോ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, നമസ്കാരത്തിൽ പുതുതായി വല്ലതും സംഭവിച്ചിട്ടുണ്ടോ?' അവിടുന്ന് ചോദിച്ചു: 'അതെന്താണ്?' അവർ പറഞ്ഞു: 'താങ്കൾ ഇന്നിന്ന രൂപത്തിലാണ് നമസ്കരിച്ചത്.' ഉടനെ തിരുമേനി(ﷺ) ക്വിബ്‌ലയെ അഭിമുഖീകരിച്ച് കാലുകൾ മടക്കിയിരുന്ന് രണ്ട് സുജൂദ് ചെയ്യുകയും ശേഷം സലാം ചൊല്ലുകയും ചെയ്തു. എന്നിട്ട് ഞങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് പറഞ്ഞു: 'നമസ്കാരത്തിൽ പുതുതായി വല്ല മാറ്റവും സംഭവിച്ചാൽ ഞാനത് നിങ്ങളെ അറിയിക്കുന്നതാണ്. എന്നാൽ തീർച്ചയായും ഞാൻ ഒരു മനുഷ്യനാണ്. നിങ്ങൾക്ക് മറവി സംഭവിക്കുന്നത് പോലെ എനിക്കും മറവി സംഭവിക്കുന്നതാണ്. അതിനാൽ എനിക്ക് മറവി സംഭവിച്ചാൽ നിങ്ങൾ അത് എന്നെ ഓർമിപ്പിക്കുക. നിങ്ങൾക്ക് ആർക്കെങ്കിലും നമസ്കാരത്തിൽ സംശയം തോന്നിയാൽ അവൻ ഉറപ്പായത് എടുക്കുകയും നമസ്കാരം പൂർത്തിയാക്കുകയും പിന്നെ രണ്ട് സുജൂദ് ചെയ്യുകയും ചെയ്തു കൊള്ളട്ടെ" (മുസ്‌ലിം: 572).

നബി(ﷺ)ക്ക് വഫാത്താകാൻ സമയത്ത് പല ഘട്ടങ്ങളിലും ബോധം നഷ്ടപ്പെട്ടിരുന്നു. എന്നാൽ ഈ മറവിയോ ബോധക്ഷയമോ അവിടുത്തെ അല്ലാഹു ഏൽപിച്ച ഏതെങ്കിലും ദൗത്യം ലോകത്തെ അറിയിക്കേണ്ടതിൽ ബാധിച്ചിട്ടില്ല. അല്ലാഹു നബി(ﷺ)യെ ഏൽപിച്ചത് മുഴുവനും നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. ഇതിൽ സംശയം ഉണ്ടാകുവാൻ പാടില്ല.

പ്രവാചകന്മാർ പാപ സുരക്ഷിതരാണ്. ഈ പദവി അല്ലാഹു പ്രവാചകന്മാർക്കല്ലാതെ നൽകിയിട്ടില്ല. ശിയാക്കൾ അവരുടെ ഇമാമുകളിലും ഈ പദവി ചാർത്തിയിട്ടുണ്ട്. ഇത് അംഗീകരിക്കാത്തവരിൽ അവർ കുഫ്റും ആരോപിച്ചിട്ടുണ്ട്. ചില സൂഫികളും അവരുടെ ശൈഖുമാരിലും ഔലിയാക്കളിലും ഈ പദവി ചാർത്തിയിട്ടുണ്ട്. ഇത് അഹ്‌ലുസ്സുന്നഃയുടെ വിശ്വാസമല്ല. ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com





# പ്രവാചകനെ സ്‌നേഹിച്ച കുട്ടികൾ

കുട്ടികളിലെ വിശ്വാസ വളർച്ചയിൽ പ്രവാചക സ്‌നേഹം ഉണ്ടാക്കുന്ന സ്വാധീവും അതിന്റെ പ്രാധാന്യവുമാണ് കഴിഞ്ഞ ലക്കത്തിൽ നാം പരാമർശിച്ചത്. പ്രവാചകൻﷺ അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തിയായി മാറുമ്പോൾ ആ പ്രവാചകന്റെ തിരുവചനങ്ങളിലൂടെ പഠിപ്പിക്കപ്പെട്ട വിശ്വാസവും ആദർശവും അവർക്ക് ഏറ്റവും സ്വീകാര്യമായി മാറുകയും തൽഫലമായി നബിജീവിതത്തെ സ്വജീവിത നിലപാടുകളിൽ അവലംബിക്കാൻ അവർക്ക് കഴിയുകയും ചെയ്യും.

വിശ്വാസവും പ്രവാചക സ്‌നേഹവും രൂഢമൂലമാവുകയും തന്മൂലം സമർപ്പണവും ത്യാഗസന്നദ്ധതയും ദൈവഭക്തിയും പ്രകടമാവുകയും ചെയ്യുകയെന്നത് മുതിർന്നവരിൽ മാത്രമുണ്ടാകുന്നതല്ല എന്നാണ് നബിജീവിതത്തിന്റെ പരിസരങ്ങളിൽ വളർന്ന കൊച്ചനുചരന്മാരുടെ ജീവിതം നമ്മോടു പറയുന്നത്. കുട്ടികളിലും മുതിർന്നവരിലുള്ളതുപോലെ പോലെ ഇവ മാറ്റത്തിന്റെ ആന്ദോളനങ്ങൾ സൃഷ്ടിക്കും. നബിﷺക്ക് ചുറ്റും വളർന്ന ചില കുട്ടികളുടെ പ്രതികരണങ്ങൾ നമുക്ക് പരിശോധിക്കാം.

കേവലം എട്ട് വയസ്സ് കഴിഞ്ഞ അലി‍ؓ നബിﷺയുടെ സന്മാർഗത്തിലേക്കുള്ള വിളിക്ക് ഉത്തരം നൽകുന്നു. ചുറ്റുപാടുകളെ ഭയക്കാതെ വിശ്വാസവും ആദർശവും നബിയിൽ നിന്ന് സ്വീകരിക്കുന്നു. തുടർന്ന് ഭയലേശമന്യെ മക്കയുടെ പ്രാന്ത പ്രദേശത്തു വെച്ച് നബിﷺക്കും ഖദീജؓക്കും ഒപ്പം രഹസ്യമായി നമസ്‌കരിക്കുന്നു. ഒരിക്കൽ പിതാവ് അബൂത്വാലിബ് അത് കാണുന്നു. ഒരു ആശങ്കയും മറച്ചുവെക്കലും ഇല്ലാതെ അലി എന്ന കുട്ടി നമസ്‌കാരം തുടരുന്നു!

അനസ്ﷺ പത്ത് വയസ്സുള്ളപ്പോൾ മുതൽ നബിയുടെ സേവകനായി കൂടെ നടക്കുന്നു. കളിപ്രായത്തിൽ കളികൾക്കിടയിൽ പോലും പ്രവാചകന്റെ ആവശ്യങ്ങൾക്ക് മടിയില്ലാതെ ഓടിച്ചെല്ലുന്ന സ്നേഹവും സമർപ്പണവും സൂക്ഷ്മതയും ആരെയും അത്ഭുതപ്പെടുത്തും. ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ അനസ്ﷺ ഇങ്ങനെ പറയുന്നത് കാണാം: "ഞാൻ കുട്ടികളോടൊപ്പം കളിച്ചുകൊണ്ടിരിക്കെ നബിﷺ എന്റെ അടുത്ത് വന്നു; എന്നിട്ട് ഞങ്ങൾക്ക് സലാം പറഞ്ഞു. ശേഷം എന്നെ വിളിച്ച് അദ്ദേഹത്തിന്റെ ഒരു കാര്യത്തിന് വേണ്ടി പറഞ്ഞയച്ചു. അത് മൂലം ഞാൻ ഉമ്മയുടെ അടുത്തെത്താൻ വൈകി. ഞാൻ ചെന്നപ്പോൾ ഉമ്മ ചോദിച്ചു: 'എന്താണ് നിന്നെ പിടിച്ചുവെച്ചത് (നീ വൈകിയത്)?' ഞാൻ പറഞ്ഞു: 'നബിﷺ എന്നെ ഒരു കാര്യത്തിന് പറഞ്ഞയച്ചതായിരുന്നു.' ഉമ്മ ചോദിച്ചു: 'എന്തായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം?' ഞാൻ പറഞ്ഞു: 'അത് രഹസ്യമാണ്.' അപ്പോൾ അവർ പ്രതികരിച്ചു: '(അതെ) ദൈവദൂതരുടെ രഹസ്യം നീ ആരോടും പറയുകയേ അരുത്.''

നബിﷺയുടെ ആവശ്യങ്ങൾക്ക് വേണ്ടി കളികൾക്കിടയിൽ പോലും ഓടിച്ചെല്ലുന്ന അനുസരണം! മാത്രമല്ല, രഹസ്യം സൂക്ഷിക്കുകയെന്ന, ഉയർന്ന തലത്തിലേക്ക് വരെ ഈ കുട്ടി പരിവർത്തിക്കപ്പെട്ടിരിക്കുന്നു!

പ്രവാചകന് അനുസരണ പ്രതിജ്ഞ ചെയ്യുന്ന എട്ടു വയസ്സുകാരന്റെ നബിസ്നേഹത്തെ പറ്റി നമുക്കെന്തു തോന്നുന്നു? അതും പിതാവിന്റെ പ്രേരണ കൂടി കിട്ടിയ കുട്ടി! അതാണ് അബ്ദുല്ലാഹിബ്നു സുബൈർﷺ. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്നു: ഉർവത് ബിൻ സുബൈറും ഫാത്വിമ ബിൻത് മുൻദിർ ഇബ്നു സുബൈറുംﷺ നിവേദനം. അവർ പറഞ്ഞു: "അബൂബക്കർﷺവിന്റെ മകൾ അസ്മാഅ് ഗർഭിണിയായ നിലയിൽ ഹിജ്റക്കായി പുറപ്പെട്ടു. ക്വുബായിൽ എത്തിയപ്പോൾ അവർ അബ്ദുല്ലാഹിബ്നു സുബൈറിനെ പ്രസവിച്ചു. എന്നിട്ട് കുഞ്ഞിനെ നബിﷺയുടെ അടുത്ത് മധുരം തോട്ടുകൊടുക്കാൻ കൊണ്ടുവന്നു. നബിﷺ അവളിൽ നിന്ന് അവനെ വാങ്ങി മടിയിൽ വെച്ചു. എന്നിട്ട് അൽപം കാരക്ക കൊണ്ടുവരാൻ ആവശ്യപ്പെട്ടു. (നിവേദകൻ പറഞ്ഞു:) ആഇശﷺ പറയുകയാണ്: 'ഏകദേശം ഒരു മണിക്കൂർ ഞങ്ങൾ കാരക്ക കണ്ടത്താൻ സമയമെടുത്തു.' നബിﷺ അത് തന്റെ വായിലിട്ടു ചവച്ചു കുട്ടിയുടെ വായിൽ കൊടുത്തു. ആദ്യമായ് അവന്റെ വയറ്റിൽ പോയത് നബിﷺയുടെ ഉമിനീരായിരുന്നു. എന്നിട്ട് നബിﷺ അവനെ തടവി. അവന്നു അനുഗ്രഹത്തിനായി പ്രാർഥിച്ചു. എന്നിട്ട് അബ്ദുല്ല എന്ന് പേര് നൽകി. അങ്ങനെ (ഒരു ദിവസം) ഏഴ്/എട്ടു വയസ്സായപ്പോൾ അവഎ നബിﷺക്ക് അഭിമുഖമായി അനുസരണ പ്രതിജ്ഞ ചെയ്യാൻ മുന്നിട്ട് വന്നു. (അവന്റെ പിതാവ് അങ്ങനെ ചെയ്യാൻ അവനോടു പറഞ്ഞു). അവൻ നബിﷺക്ക് നേരെ വരുന്നത് കണ്ടപ്പോൾ നബിﷺ പുഞ്ചിരിച്ചു. അങ്ങനെ അവൻ നബിﷺക്ക് അനുസരണ പ്രതിജ്ഞ നൽകുകയും ചെയ്തു." ഇവ്വിധമാണ് സ്വഹാബികളുടെ മക്കൾ നബിസ്നേഹത്തിൽ വളർന്നത്. അവരുടെ മാതാപിതാക്കൾ ശൈശവം മുതലേ അവർക്ക് നബിസ്നേഹം പകർന്ന് നൽകിയിരുന്നുവെന്നും അത് അവരുടെ ജീവിതത്തിൽ പ്രകടമായിരുന്നുവെന്നും വ്യക്തം.



**നമ്മുടെ മക്കൾ മാതൃകയാക്കുന്നത് ആരെയാണ്? കൂടുതൽ സ്നേഹിക്കുന്നത് ആരെയാണ്? രക്ഷിതാക്കൾ സ്വയം ചോദിക്കുക. കാൽപന്ത് ലോകത്തെ ഒരു ഇതിഹാസത്തിന് മുമ്പ് ഒരു മത്സരത്തിൽ ചുവടു പിഴച്ചതിൽ മനംനൊന്ത് കേഴുകയും ഈർഷ്യ പ്രകടപ്പിച്ച് പൊട്ടിക്കരയുകയും ചെയ്യുന്ന ഒരു മലയാളി ബാലന്റെ വിഡിയോ മുമ്പ് സാമൂഹ്യ മാധ്യമങ്ങളിൽ കണ്ടത് ഓർമ വരികയാണ്. എല്ലാ 'സ്റ്റാറ്റു'കളുടെയും വിശദവിവരങ്ങൾ അവർക്കറിയാം. അവർ അവമതിക്കപ്പെടുന്നത് കുട്ടികൾക്ക് അസഹ്യമായിരിക്കും. എന്നാൽ പ്രവാചകനെക്കുറിച്ച് അവർക്കറിഞ്ഞുകൂടാ. അദ്ദേഹം അവമതിക്കപ്പെടുന്നത് അവരുടെ മനസ്സിനെ വേദനിപ്പിക്കുകയില്ല. പിഴച്ചത് രക്ഷിതാക്കളായ നമുക്കോ, അതോ കുട്ടികൾക്കോ?**

കുട്ടികളുടെ പ്രകൃതത്തിൽ പെട്ടതാണ്, അവർ ആരെയെങ്കിലും ആഴത്തിൽ സ്നേഹിച്ചാൽ അവരെ ആരും വെറുപ്പിക്കുന്നതോ ഉപദ്രവിക്കുന്നതോ അവർ ഒരിക്കലും സഹിക്കുകയില്ലെന്നത്. മാത്രമല്ല അവരുടെ എല്ലാ സാധ്യതയും ഉപയോഗിച്ച അവർ അതിനെ പ്രതിരോധിക്കുകയും ചെയ്യും. നബിക്ക് ചുറ്റും വളർന്ന കുട്ടികൾക്കു മറ്റാരെക്കാളും ഇഷ്ടം നബിയോടായിരുന്നു. അദ്ദേഹത്തിനെ ഉപദ്രവിക്കുന്നവരെ ഒരിക്കലും വെറുതെ വിടാൻ അവർ ഒരുക്കമല്ലായിരുന്നു.

അല്ലാഹുവിന്റെ തിരുദൂതരെ ഏറ്റവും കൂടുതൽ ഉപദ്രവിച്ച ശത്രുവിനെ യുദ്ധത്തിൽ വകവരുത്താനുള്ള അവസരം ലഭിക്കാൻ മത്സരിച്ച രണ്ടു കുട്ടികളുടെ കഥ

ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്; നബിയെ ജീവനെക്കാൾ സ്നേഹിച്ച രണ്ടു കുട്ടികളായിരുന്നു അവർ.

നമ്മുടെ മക്കൾ മാതൃകയാക്കുന്നത് ആരെയാണ്? കൂടുതൽ സ്നേഹിക്കുന്നത് ആരെയാണ്? രക്ഷിതാക്കൾ സ്വയം ചോദിക്കുക. കാൽപന്ത് ലോകത്തെ ഒരു ഇതിഹാസത്തിന് മുമ്പ് ഒരു മത്സരത്തിൽ ചുവടു പിഴച്ചതിൽ മനംനൊന്ത് കേഴുകയും ഈർഷ്യ പ്രകടപ്പിച്ച് പൊട്ടിക്കരയുകയും ചെയ്യുന്ന ഒരു മലയാളി ബാലന്റെ വിഡിയോ മുമ്പ് സാമൂഹ്യ മാധ്യമങ്ങളിൽ കണ്ടത് ഓർമ വരികയാണ്. എല്ലാ 'സ്റ്റാറു'കളുടെയും വിശദവിവരങ്ങൾ അവർക്കറിയാം. അവർ അവമതിക്കപ്പെടുന്നത് കുട്ടികൾക്ക് അസഹ്യമായിരിക്കും. എന്നാൽ പ്രവാചകനെക്കുറിച്ച് അവർക്കറിഞ്ഞുകൂടാ. അദ്ദേഹം അവമതിക്കപ്പെടുന്നത് അവരുടെ മനസ്സിനെ വേദനിപ്പിക്കുകയില്ല. പിഴച്ചത് രക്ഷിതാക്കളായ നമുക്കോ, അതോ കുട്ടികൾക്കോ?

പ്രവാചകനെ സ്നേഹിച്ച സ്വഹാബികളായ കുട്ടികൾ നബിയെ ഉപദ്രവിച്ചവരോട് പ്രതികാരം ചെയ്യാൻ അശക്തരായിരുന്നെങ്കിലും നബിക്കെതിരെയും സ്വഹാബികൾക്കെതിരെയുമുള്ള ശത്രുക്കളുടെ നീക്കങ്ങളും അവരെക്കുറിച്ചുള്ള ആക്ഷേപങ്ങളും അവരുടെ ശ്രദ്ധയിൽ പെട്ടാൽ തത്സമയം നബിക്ക് എത്തിക്കുന്നതിൽ അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തി ദീനീ സേവനത്തിൽ പങ്കാളികളായിരുന്നത് നമ്മെ ചിന്തിപ്പിക്കുക തന്നെ ചെയ്യും. ക്വുർആനിലെ അൽമുനാഫിക്വൂൻ (കപടവിശ്വാസികൾ) എന്ന അധ്യായത്തിലെ ഒന്ന് മുതൽ എട്ട് വരെയുള്ള വചനങ്ങളുടെ അവതരണ കാരണമായ സംഭവം ക്വുർആൻ വിവരണ ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കുന്നതും ബുഖാരിയടക്കമുള്ള ഹദീഥ് ഗ്രന്ഥങ്ങൾ നിവേദനം ചെയ്യുന്നതും ഇവിടെ സ്മരിക്കുന്നത് ഉചിതമാണ്.

ബനൂമുസ്തലക്വ് യുദ്ധത്തിൽ നിന്ന് വിരമിച്ച് മദീനയിലേക്ക് മടങ്ങും മുമ്പ് ഒരു അൻസ്വാരിയുടെയും മുഹാജിറിന്റെയും ഇടയിൽ ഉണ്ടായ ഒരു കശിപിശ മുതലെടുത്ത കപട വിശ്വാസികളുടെ മുൻനിര നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് ബിൻ സലൂൽ മക്കക്കാരായ മുഹാജിറുകൾക്കതിരെ മദീനക്കാരായ സ്വഹാബികൾക്കിടയിൽ വിദ്വേഷം പടർത്താൻ ശ്രമിച്ചു. നബി ﷺ യെയും മുഹാജിറുകളെയും കുറിച്ച് മോശമായി പറഞ്ഞു. നബിക്കും മക്കക്കാരായ സഹാബികൾക്കും വേണ്ടി ഒന്നും ചെലവ് ചെയ്യരുതെന്നും അതുമൂലം അവർ മദീന വിട്ട് പോകേണ്ടി വെരുമെന്നും, മാത്രവുമല്ല 'നാം മദീനയിലേക്ക് തിരിച്ചു ചെന്നാൽ അവരെ നാം പുറം തള്ളു'മെന്നും തന്റെ സഹപ്രവർത്തകരോട് പറഞ്ഞു. ഇത് അവിടെ ഉണ്ടായിരുന്ന കുട്ടിയായിരുന്ന സായിദ് ബിൻ അർഖം ؓ കേട്ടു. ഇതിന്റെ ഗൗരവവും അപകടവും ഉൾക്കൊണ്ട ഈ കുട്ടി തന്റെ പിതൃവ്യനോട് അല്ലെങ്കിൽ ഉമറിനോട് ഇത് സൂചിപ്പിച്ചെന്നും അല്ല സൈദ് തന്നെ നബിയോട് പറഞ്ഞെന്നും ഇമാം ബുഖാരിയുടെ വ്യത്യസ്ത റിപ്പോർട്ടുകളിൽ ഉണ്ട്. സൈദ് ؓ പറയുകയാണ്: "അങ്ങനെ നബി ﷺ ഉബയ്യിബിൻ സലൂലിനെ വിളിച്ച വരുത്തി ചോദിച്ചപ്പോൾ അവൻ അല്ലാഹുവിൽ സത്യമിട്ട് നിഷേധിക്കുകയും നബി ﷺ അതി സ്വീകരിക്കുകയും അവനെ സത്യപ്പെടുത്തുകയും ചെയ്തു. അതെന്റെ മനസ്സിൽ വേദന ഉണ്ടാക്കി. ഞാൻ വീട്ടിൽ തന്നെ ചടഞ്ഞിരിക്കാനും തുടങ്ങി. പിന്നീട് വിശുദ്ധ ക്വുർആനിലെ 63-ാം അധ്യായം ഒന്ന് മുതൽ എട്ടു വരെയുള്ള വചനങ്ങൾ അവതരിക്കുകയും അതിൽ ഞാൻ സൂചിപ്പിച്ച അവരുടെ സംസാരത്തിലേക്ക് അല്ലാഹു സൂചന നൽകുകയും ചെയ്തു. അല്ലാഹു പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതന്റെ അടുക്കലുള്ളവർക്ക് വേണ്ടി, അവർ (അവിടെ നിന്ന്) പിരിഞ്ഞു പോകുന്നത് വരെ നിങ്ങൾ ഒന്നും ചെലവ് ചെയ്യരുത് എന്ന് പറയുന്നവരാകുന്നു അവർ. അല്ലാഹുവിന്റെതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ. പക്ഷേ, കപടൻമാർ കാര്യം ഗ്രഹിക്കുന്നില്ല. അവർ പറയുന്നു; ഞങ്ങൾ മദീനയിലേക്ക് മടങ്ങിച്ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുക തന്നെ ചെയ്യുമെന്ന്. അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം. പക്ഷേ, കപടവിശ്വാസികൾ (കാര്യം) മനസ്സിലാക്കുന്നില്ല'(63:7 8). ഈ വചനം വരെയുള്ളത് അവതരിച്ചപ്പോൾ പ്രവാചകൻ ആളെ അയച്ചു എന്നെ വിളിച്ചു വരുത്തി പ്രസ്തുത വചനങ്ങൾ ഓതിത്തരികയും എന്റെ ചെവി പിടിച്ചു 'അല്ലാഹു നിന്നെ (നീ പറഞ്ഞത്) സത്യപ്പെടുത്തിയിരിക്കുന്നു' എന്ന് പറയുകയും ചെയ്തു" (ബുഖാരി).

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും പ്രവാചകനെയും പ്രതികൂലമായി ബാധിച്ചേക്കാവുന്ന സംസാരങ്ങൾ പോലും അതിന്റെ ഗൗരവത്തിൽ ഉൾകൊള്ളാനും അവ എത്തിക്കേണ്ടിടത്ത് എത്തിക്കാനും മാത്രം കുട്ടികൾ പ്രാപ്തരും ബോധവാന്മാരുമായിരുന്നു എന്നർഥം.

പ്രവാചക സ്നേഹം ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ചില കുട്ടികളെയും അവരുടെ ജീവതത്തിൽ അവയുടെ പ്രതിഫലനത്തെയുമാണ് നാം മുകളിൽ വായിച്ചത്. കുട്ടികൾക്കും മനസ്സിൽ ഈമാൻ അടിയുറക്കുമെന്നും അതിന്റെ ഫലം നിത്യജീവിതത്തിൽ സ്വാധീനമുണ്ടാക്കുമെന്നും ആയതിനാൽ ഇത്തരം വിഷയങ്ങളിൽ കുട്ടികളെ അവഗണിച്ചു കൂടാത്തതാണെന്നും ഇത് നമുക്ക് മനസ്സിലാക്കിത്തരുന്നു. 'ആ കുട്ടികളെല്ലാം നബി ﷺ യെ കണ്ടുകൊണ്ട് വളർന്നത് നിമിത്തമാണ് ഇത്തരം ഒരു നിലവാരത്തിലെത്തിയത്, നമ്മുടെ കുട്ടികളുടെ മനസ്സിൽ ഇവ്വിധം നബി ﷺ യുടെ ജീവിതം പതിയുമോ?' എന്ന സംശയം നമ്മുടെ ഉള്ളിൽ ഉയർന്നേക്കാം. മറുപടി അർഹിക്കുന്ന ചേദ്യം തന്നെയാണ്.

**(തുടരും)**

**നേർപഥത്തിലേക്കുള്ള വാർത്തകൾ mail@nerpatham.com എന്ന ഇ.മെയിലിലോ 9656292244 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.**

Nerpatham Weekly, EKP Building, Kallai Road Kozhikode
PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

ചലനങ്ങൾ

# ക്വുർആൻ പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിക്കാൻ പ്രേരിപ്പിച്ച വേദഗ്രന്ഥം: ഐ.എസ്.എം സംസ്ഥാന സെമിനാർ

തൃശൂർ: പ്രകൃതിയിലെ ഇതര ജീവജാലങ്ങളുമായി കാരുണ്യത്തോടെ വർത്തിക്കുവാനും പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടുള്ള സാമൂഹിക ജീവിതം നയിക്കുവാനും ആഹ്വാനം ചെയ്യുന്ന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആനെന്ന് ഐ.എസ്.എം സംസ്ഥാന സമിതി തൃശൂരിൽ സംഘടിപ്പിച്ച സംസ്ഥാന സെമിനാർ അഭിപ്രായപ്പെട്ടു.

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് ക്വുർആൻ നടത്തിയ ശക്തമായ മുന്നറിയിപ്പുകളെ മനുഷ്യസമൂഹം അവഗണിച്ചതാണ് പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിന് ഇടയാക്കുന്നതെന്ന യാഥാർഥ്യം സമൂഹം തിരിച്ചറിയണം.

ഐ.എസ്.എം ആഭിമുഖ്യത്തിലുള്ള ക്വുർആൻ ഹദീഥ് ലേണിംഗ് സ്‌കൂൾ വാർഷിക പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ചവർക്കുള്ള അവാർഡുകൾ സെമിനാറിൽ വിതരണം നടത്തി. റൗല കമർ കണ്ണൂർ, റജ്‌വ ജമാൽ അരീക്കോട്, നാസിയ നിസാർ അഴിയൂർ എന്നിവരാണ് അവാർഡ് ജേതാക്കൾ.

വ്യക്തികളുടെയും സമൂഹത്തിന്റെയും ശാശ്വത സമാധാനത്തിനും നിലനിൽപിനും ക്വുർആൻ മുന്നോട്ട് വെക്കുന്ന സന്ദേശങ്ങളെ പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് സെമിനാർ കൊണ്ട് ലക്ഷ്യമാക്കിയത്.

സെമിനാർ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് ചെയർമാൻ അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് ഒട്ടുമ്മൽ അധ്യക്ഷത വഹിച്ചു. ക്യു.എച്ച്.എൽ.എസ് വാർഷിക പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ചവർക്ക് അവാഡുകൾ തൃശൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ വർഗീസ് കണ്ടംകുളത്തി വിതരണം ചെയ്തു.സി.എൻ ജയദേവൻ എം.പി മുഖ്യാതിഥിയായിരിന്നു. ഡി.സി.സി പ്രസി. ടി.എൻ പ്രതാപൻ, മുസ്‌ലിം ലീഗ് ജില്ലാ പ്രസി. സി.എച്ച് റഷീദ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

പഠന സെഷനിൽ ജാമിഅ: അൽ ഹിന്ദ് ഡയറക്ടർ ഫൈസൽ പുതുപ്പറമ്പ്, മുഹമ്മദ് സ്വാദിഖ് മദീനി, ഹാരിസ് ബ്‌നു സലീം, ശമീർ മദീനി, അബ്ദുറഹ്മാൻ അൻസാരി, സി. പി സലീം, മുജാഹിദ് ബാലുശ്ശേരി, ഷാഫി സ്വബാഹി, അഷ്‌റഫ് സുല്ലമി, എം.എസ്.എം സംസ്ഥാന പ്രസി. മുനവ്വിർ സ്വലാഹി, റഷീദ് കൊടക്കാട്ട്, മുജീബുല്ല അൻസ്വാരി, അബ്ദുൽ വാരിഥ്, മിറാഷ് മുഹമ്മദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഐ.എസ്.എം സംസ്ഥാന പ്രസി. ഡോ. സി.എം സാബിർ നവാസ്, ജന:സെക്രട്ടറി കെ. സജ്ജാദ്, സെക്രട്ടറി അബ്ദുല്ല ഫാസിൽ, ട്രഷറർ ഡോ. പി.എൻ ശബീൽ, ക്യു.എച്ച്.എൽ.എസ് കൺവീനർ മുഹമ്മദ് അൻവർ. ഒ, യു. മുഹമ്മദ് മദനി, സുഹൈൽ പി.യു, സി. മുഹമ്മദ് റാഫി ചെമ്പ്ര, ഹസൻ അൻസ്വാരി, ഹാരിസ് കൊടുങ്ങല്ലൂർ, എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

## വിജ്ഞാനവേദി സംഘടിപ്പിച്ചു

തിരുവന്തപുരം: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി ഐ.എസ്.എം വെസ്റ്റ് മേഖല വിജ്ഞാനവേദി സംഘടിപ്പിച്ചു. മരണം, മരണാനന്തരം എന്ന വിഷയത്തിൽ അർഷദ് താനൂർ പ്രഭാഷണം നടത്തി. ക്വുർആൻ വിജ്ഞാന പരീക്ഷയിലെ വിജയികൾക്ക് അവാർഡ് ദാനം നടന്നു. ഐ.എസ്.എം വെസ്റ്റ് മേഖല പ്രസിഡന്റ് അബ്ദുറഹ്മാൻ, ദഅ്‌വ സമിതി ജില്ല കമ്മിറ്റി അംഗം ബഷീർ സാഹിബ് എന്നിവർ സംസാരിച്ചു.

## എടത്തനാട്ടുകര മണ്ഡലം മുജാഹിദ് പഠന സമ്മേളനം സമാപിച്ചു

അലനല്ലൂർ: മുജാഹിദ് ദഅ്‌വ സമിതി, ഐ. എസ്. എം, എം. എസ്. എം, എം. ജി.എം എടത്തനാട്ടുകര മണ്ഡലം സമിതികൾ സംയുക്തമായി 'ആദർശം, പ്രബോധനം, സമൂഹം' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച പഠന സമ്മേളനം കോട്ടപ്പള്ള ദാറുൽ ക്വുർആൻ ഓഡിറ്റോറിയത്തിൽ സമാപിച്ചു.

ദഅ്‌വ സമിതി ജില്ലാ ചെയർമാൻ പി. ഹംസക്കുട്ടി സലഫി ഉദ്ഘാടനം ചെയ്തു. ദഅ്‌വ സമിതി മണ്ഡലം ചെയർമാൻ ഹംസ മാടശ്ശേരി അധ്യക്ഷത വഹിച്ചു.

ദഅ്‌വ സമിതി ജില്ലാ ട്രഷറർ അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, ടി. കെ. മുഹമ്മദ് മാസ്റ്റർ, കെ. പി. അബ്ദു ഹാജി, ഐ. അബ്ദുൽ കബീർ എന്നിവർ പ്രസീഡിയം നിയന്ത്രിച്ചു.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ കൺവീനർ നാസിർ ബാലുശ്ശേരി, ഐ. എസ്. എം ജില്ലാ പ്രസിഡന്റ് ടി. കെ. നിഷാദ് സലഫി, ദഅ്‌വ സമിതി ജില്ലാ കൺവീനർ റഷീദ് കൊടക്കാട്ട് എന്നിവർ ക്ലാസ്സെടുത്തു.

ഐ. എസ്. എം സംസ്ഥാന വൈസ് പ്രസിഡന്റ് ഒ. മുഹമ്മദ് അൻവർ, മുജാഹിദ് ദഅ്‌വ സമിതി മണ്ഡലം കൺവീനർ സ്വാദിഖ് ബിൻ സലീം, ശാജി സ്വലാഹി എന്നിവർ പ്രസംഗിച്ചു.

# ആദർശം, പ്രബോധനം, സമൂഹം അലനല്ലൂർ മണ്ഡലം മുജാഹിദ് പഠന സമ്മേളനം സമാപിച്ചു

അലനല്ലൂർ: മുജാഹിദ് ദഅ്‌വ സമിതി, ഐ. എസ്. എം, എം. എസ്. എം, എം. ജി. എം അലനല്ലൂർ മണ്ഡലം സമിതികൾ സംയുക്തമായി 'ക്വുർആൻ പ്രകാശമാണ്, പ്രതീക്ഷയും' എന്ന പ്രമേയത്തിൽ നടത്തുന്ന ദ്വൈമാസ കാമ്പയ്നിന്റെ ഭാഗമായി 'ആദർശം, പ്രബോധനം, സമൂഹം' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച പഠന സമ്മേളനം നാലുകണ്ടം യു. പി. സ്കൂളിൽ സമാപിച്ചു.

ദഅ്‌വ സമിതി ജില്ലാ ചെയർമാൻ പി. ഹംസക്കുട്ടി സലഫി ഉദ്ഘാടനം ചെയ്തു. മണ്ഡലം ചെയർമാൻ പി.കെ. അബ്ദുൽ ജലീൽ അധ്യക്ഷത വഹിച്ചു. അഡ്വ.എൻ. ശംസുദ്ദീൻ എം.എൽ.എ മുഖ്യാതിഥിയായി.

കെ. പി. അബ്ദുല്ല, കെ.അബ്ദുൽ അസീസ്, പി.പി.അബൂബക്കർ എന്ന നാണിപ്പ എന്നിവർ പ്രസീഡിയം നിയന്ത്രിച്ചു.

ദഅ്‌വ സമിതി ജില്ലാ കൺവീനർ റഷീദ് കൊടക്കാട്ട്, മൂസ സ്വലാഹി കാര, മുസ്തഫ മദനി മമ്പാട് കെ. വി. മുഹമ്മദലി സലഫി, റിയാസ് മുറിയക്കണ്ണി, മുനീർ ഉണ്ണിയാൽ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. പാനൽ ഡിസ്കഷന് ശരീഫ് കാര, സ്വാദിഖ് മദീനി, മൂസ സ്വലാഹി എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കളിച്ചങ്ങാടം ബാല സമ്മേളനത്തിൽ ഉസ്മാൻ പാലക്കാഴി, ജൗഹർ ഒഴുകൂർ, പി. മുജീബ് സലഫി, ശാനിബ് കാര, റിഷാദ് പൂക്കാടഞ്ചേരി, എം. ജഅ്ഫർ തടിയംപറമ്പ് എന്നിവർ ക്ലാസ്സെടുത്തു.

ഐ. എസ്. എം മേഖല സെക്രട്ടറി എം. അബ്ദുസ്സലാം, വലീദ് സ്വലാഹി, എം. സുദീർ ഉമർ, പി. എ. ഷൗക്കത്തലി, ടി. ശാമിൽ, കെ. നൂറുദ്ദീൻ ഫാസിൽ, പി. പി. അൻസാറുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

## വിചാരം വൈജ്ഞാനിക പ്രദർശനം എടവണ്ണയിൽ

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട നൂറ് കേന്ദ്രങ്ങളിൽ നടക്കുന്ന വിചാരം വൈജ്ഞാനിക പ്രദർശനം എടവണ്ണ സീതിഹാജി സ്റ്റേഡിയത്തിന് സമീപം ആരംഭിച്ചു.

ദൈവം സത്യമാണ്, ആത്മഹത്യ പരിഹാരമോ?, മരണാനന്തര ജീവിതം, കുടുംബ ജീവിതം സാർഥകമാവാൻ, മക്കൾ; നമയുടെ പൂക്കൾ, ലഹരി മുക്ത ജീവിതം, കരിയർ ഗൈഡൻസ്... തുടങ്ങിയ വിവിധ വിഷയങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള വൈജ്ഞാനിക പ്രദർശനമാണ് സജ്ജീകരിച്ചിട്ടുള്ളത്.

പ്രദർശനത്തിന്റെ ഭാഗമായി ഓൺലൈൻ വിർചൽ ഗ്യാലറി, ബുക്ക് ഫെയർ, കിഡ്സ് ഗ്യാലറി, ക്വിസ് മത്സരം, സ്നേഹക്കൂട് തുടങ്ങിയവയ്ക്കായി പ്രത്യേക പവലിയനുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രദർശനം 14ാം തിയതി സമാപിക്കും. രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെയാണ് പ്രദർശന സമയം. സ്ത്രീകൾക്ക് പ്രത്യേക സൗകര്യമൊരുക്കിയ പ്രദർശന നഗരിയിലെ മുഴുവൻ സ്റ്റാളുകളിലേക്കുമുള്ള പ്രവേശനം സൗജന്യമാണ്.

പരസ്പരം തെറ്റുധരിച്ചും ആശയക്കൈമാറ്റ സാധ്യതകൾ അവസാനിപ്പിച്ചും തങ്ങളുടേതായ ലോകത്ത് ജീവിച്ച് കൊണ്ടിരിക്കുന്ന മാനവഹൃദയങ്ങളെ തമ്മിൽ അടുത്തറിയാനും ആദർശങ്ങൾ പങ്ക് വെക്കാനും അവസരമൊരുക്കുകയാണ് വിചാരം വൈജ്ഞാനിക പ്രദർശനം കൊണ്ട് ലക്ഷ്യമിടുന്നത്.

വിചാരം വൈജ്ഞാനിക പ്രദർശനത്തിന്റെ ഭാഗമായി മുഴുവൻ ശാഖകളിലും അയൽക്കൂട്ടം, ശാഖാ സന്ദർശനങ്ങൾ, ഡോക്യുമെന്ററി പ്രദർശനം, സൗഹൃദഹസ്തം, സ്കിയോ പവലിയൻ, എൽ.സി.ഡി പ്രദർശനം എന്നിവ സംഘടിപ്പിച്ചു.

## ഇസ്‌ലാഹി സെന്ററുകളുടെ സംയുക്ത പ്രവർത്തക കൺവെൻഷൻ സമാപിച്ചു

റിയാദ്: അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടുകിടന്നിരുന്ന കേരളീയ മുസ്‌ലിം സമൂഹത്തെ വിശ്വാസത്തിന്റെയും വിദ്യഭ്യാസത്തിന്റെയും മാർഗങ്ങളിലൂടെ നവോത്ഥാന പാതയിലേക്ക് നയിച്ചത് ഇസ്‌ലാഹി പ്രസ്ഥാനമാണെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈ.ചെയർമാൻ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ പ്രസ്താവിച്ചു. സുഊദി മധ്യപ്രവിശ്യ ഇസ്‌ലാഹി സെന്ററുകളുടെ സംയുക്ത പ്രവർത്തക കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആർ.ഐ.സി.സി ചെയർമാൻ സുഫ്‌യാൻ അബ്ദുസ്സലാം ആധ്യക്ഷ്യം വഹിച്ചു. വിവിധ ഇസ്‌ലാഹി സെന്ററുകളെ പ്രതിനിധീകരിച്ച് ഹംസ ജമാലി (മജ്മഅ), അബ്ദുശഹീദ് ഫാറൂഖി (ഥാദിഖ്), നാസർ കരുനാഗപ്പള്ളി (അൽ ഖർജ്), മൻസൂർ സലഫി (സാജർ), നജ്മുദ്ദീൻ സലഫി (ഹുറൈമില), ബശീർ കുപ്പോടൻ (ബത്ഹ), ഷാനിദ് കോഴിക്കോട് (മലസ്), അൻസാരി കൊല്ലം (ശിഫ), അർഷദ് സേട്ട് ആലപ്പുഴ (ഓൾഡ് സനാഇയ്യ), മുഹമ്മദ് കൊല്ലം (നസീം), ഷാജഹാൻ പടന്ന (റൗദ), മുഫ്സിർ (ഒലയ്യ), അക്ബറലി മണ്ണാർക്കാട് (സുലൈ) തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. അബ്ദുൽ മജീദ് ചെന്ത്രാപ്പിന്നി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വിസ്ഡം സംസ്ഥാന കൺവീനർ ടി.ക അശ്റഫ് ചർച്ചക്ക് മറുപടി പറഞ്ഞു. ഉമർ ശരീഫ് സ്വാഗതവും മുസ്തഫ സ്വലാഹി നന്ദിയും പറഞ്ഞു.

ഷുക്കൂർ കടലുണ്ടി
mail@nerpatham.com

# മരണം

ഭൂമിയിൽ ആരും കൊതിക്കാത്ത കാര്യം
മാലോകരെല്ലാം ഭയക്കുന്ന കാര്യം
ജീവികളെല്ലാം രുചിക്കുന്ന കാര്യം
മരണമാകുന്ന ഭയാനക സത്യം!
ധർമങ്ങളെല്ലാം കാറ്റിൽ പറത്തി
നൈമിഷിക സുഖം തേടിയലഞ്ഞ്
കാലം കഴിക്കും മർത്യാ നീയോർത്തോ
ഓർക്കാപ്പുറത്തെത്തിടും മൃത്യുവെന്ന്
റൂഹ് പിടിക്കാൻ മലക്കെത്തിയെങ്കിൽ
പിന്തിച്ചിടില്ലൊരു സെക്കന്റ് പോലും
ഈലോക ജീവിതം മാത്രം കൊതിച്ച്
പരലോക ജീവിതം പാടെ മറന്ന്
താന്തോന്നിയായി കഴിഞ്ഞവർക്കില്ല
ഇരുലോകരക്ഷ, കിട്ടിടും ശിക്ഷ
ഈ ബോധമോടെ ജീവിച്ചിടേണം
ഈമാനുപ്പിച്ച് സദ്‌വൃത്തനാകൂ.

യു.പി.എം എടത്തനാട്ടുകര
mail@nerpatham.com

# സംസം

ജലാശയങ്ങൾ ഉറവകൾ പലതും
ഇവിടെ ഭൂമിയിലുണ്ടല്ലോ,
ജല്ലജലാലവൻ പോരിശ നൽകിയ
വെള്ളം സംസമതാണല്ലോ.
ഹാജറബീവി തന്നുടെ കുഞ്ഞിന്
വെള്ളം തേടിയലഞ്ഞല്ലോ,
ഹാജറ രണ്ട് മലകൾക്കിടയിൽ
ഓടിനടന്ന് തളർന്നല്ലോ.
ഉടനെ റബ്ബവൻ നൽകി വെള്ളം
കുഞ്ഞിന് ദാഹം തീർന്നല്ലോ,
ഉയർന്ന് ചാടും വെള്ളത്തോടവർ
സംസം എന്ന് മൊഴിഞ്ഞല്ലോ.
ആ മരുഭൂവിൽ പൊന്തിയ വെള്ളം
അതിനൊരു പോരിശയില്ലെന്നോ?
അന്ത്യറസൂല് മൊഴിഞ്ഞൊരു കാര്യം
അന്ധതയാലെയെതിർക്കുന്നോ?
അത്ഭുതമായിട്ടിന്നും ഒഴുകും
അതില് ശിഫാഉം ഇല്ലെന്നോ?



# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...




24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio

Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 13 May 2017

Reg NO: KL/CT/225/2016-18
Price: ₹10/-

ഖുർആൻ പഠനത്തോടൊപ്പം പുതുതലമുറയുടെ ധാർമികസംസ്കരണം ലക്ഷ്യമിട്ട്, തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ആരംഭിച്ച മതപഠന സംരംഭമാണ് സ്കൂൾ ഓഫ് ഖുർആൻ. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ ജാമിഅ അൽ ഹിന്ദിന്റെ മേൽനോട്ടത്തിൽ പ്രാദേശിക കേന്ദ്രങ്ങൾ വഴിയും, അഞ്ചാം ക്ലാസ്സിന് ശേഷം പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മെയിൻ ക്യാമ്പസിലുള്ള റസിഡൻഷ്യൽ സ്കൂളിലൂടെയും പൂർത്തീകരിക്കുന്ന ലോംഗ് ടേം കോഴ്സാണിത്. ക്രിയാത്മകമായ പരിശീലനം സിദ്ധിച്ച വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പുതിയ ബാച്ചിന് തുടക്കം കുറിച്ചിരിക്കുന്നു.

## അഡ്മിഷൻ ആരംഭിച്ചു...

جامعة الهند الإسلامية

School Of Qur'an

## സ്കൂൾ ഓഫ് ഖുർആൻ

### സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ
- ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര-കേന്ദ്രീകൃത മൂല്യനിർണയം

ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
പ്രവേശനം നാലര മുതൽ അഞ്ചര വയസ്സ് വരെയുള്ളവർക്ക്...

### സെന്ററുകൾ

കാസറഗോഡ്: 9995492188 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9447624148 | തിരൂർ: 9633099992
പരപ്പനങ്ങാടി: 9947299449 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9645788599 | ആറ്റിങ്ങൽ: 9497714521

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus
Mini Ootty | Oorakam | Malappuram | Kerala | India | PIN 676519
PIN 676519 | PH: +91 8606788882 | www.schoolofquran.in | mail@schoolofquran.com | Follow us: